

Date of publication:
ISSN 2319 - …

അന്വേഷി പ്രസിദ്ധീകരണം

# സംഘടിത

## തൊഴിലാളിസ്ത്രീ എന്ന സ്വത്വം

# തൊഴിലാളിസ്ത്രീ എന്ന സ്വത്വം

സംഘടിത

സംഘടിത|മെയ് 2016 |വോള്യം 11 |ലക്കം 5

കവർ ഫോട്ടോ : സീമ കൃഷ്ണകുമാർ




**അവലോകനം**



തൊഴിലിന്റെ രാഷ്ട്രീയവും പെൺ തൊഴിലിടങ്ങളും **8** **ബിനിത തമ്പി**

സമാനതകളില്ലാത്ത തൊഴിലുകൾ/സ്ത്രീകൾ **35** **തമ്പാട്ടി മധുസൂദ്**

**അവസ്ഥാവിവരണം / ലേഖനം**

അലക്കുകാർ ഇനി സഹിക്കില്ല, പൊള്ള വാഗ്ദാനങ്ങളുടെ അവകാശലംഘനങ്ങൾ **12** **വീണ വിമല മണി**

ഞങ്ങളുടെ അമ്മയമ്മൂമ്മമാർ കശുവണ്ടി ത്തൊഴിലാളികൾ **ധന്യ എം ഡി** **20**

ഇരിക്കാത്ത മാനികിനുകൾ **22** **അഡ്വ.അണിമ മുയ്യാരത്ത്**



റെയിൽവേയിലെ ശുചീകരണത്തൊഴിലാളികൾ **നസീറ നീലോത്ത്** **42**

സപ്ലൈകോ തൊഴിലാളികളുടെ സമരം **46** **രഞ്ജിനി ബാല**

**അഭിമുഖം**

ഇരിക്കൽ സമരനേതാവ് പി.മായാദേവി **28** **അഡ്വ.അണിമ മുയ്യാരത്ത**

തലമുതിർന്ന യൂണിയൻ പ്രവർത്തക കൃഷ്ണമ്മാൾ **38** **നസീറ നീലോത്ത്**

പോരാട്ടത്തിൽ തളരാതെ ട്രാഫിക് വാർഡൻ പത്മിനി **51** **സീന ആന്റണി**

**53** ചെടിയമ്മ **സുഭിഷ**





## ഫോട്ടോ ഫീച്ചർ : മിഥു ശ്രീനിവാസ്, സീമ കൃഷ്ണകുമാർ

പെൺപക്ഷം **44** **അജിത കെ.**

പുസ്തകയാത്രകൾ **54** **എം.ഡി.രാധിക**

വാസ്തവം **53** **ഡോ.ജാൻസി ജോസ്**

ഉപ്പും മുളകും **49** **ഗീത**

കഥ **55** **ഹഹന എം.വി**

ശാസ്ത്രം **57** **സീമ ശ്രീലയം**



**എഡിറ്റർ**:ഡോ. ഷീബ കെ.എം. **മാനേജിംഗ് എഡിറ്റർ**:കെ.അജിത **ഗസ്റ്റ് എഡിറ്റർ**:വിജി, ഗാർഗി **എക്സി.എഡിറ്റർ**:ഡോ. ജാൻസി ജോസ് **പത്രാധിപ സമിതി**: രാജലക്ഷ്മി കെ.എം., ഗിരിജ പി. പാതേക്കര, ജ്യോതി നാരായണൻ, ഡോ. മിനി പ്രസാദ്, ഡോ. പി. ഗീത, ഡോ.ഖദീജ മുംതാസ്, ഡോ. സുനീത ടി.വി., അഡ്വ.കെ.കെ.പ്രീത, ഷീബാ ദിവാകരൻ, ഡോ. ഷംഷാദ് ഹുസൈൻ, കുസുമം ജോസഫ്, സുൽഫത്ത് **സർക്കുലേഷൻ മാനേജർ** : ചാരുലത എ.എസ്. **ഉപദേശകസമിതി** : സുഗതകുമാരി, പ്രൊഫ. എം. ലീലാവതി, ഡോ. ശാരദാമണി, ഡോ. മല്ലികാസാരാഭായ്, ഡോ. ബീനാപോൾ **ലേഔട്ട് & കവർ** :സുവിജ **വെബ്സൈറ്റ്** : വസന്ത പി. **പ്രിന്റിംഗ്** : ഏ-വൺ ഓഫ്സെറ്റ് പ്രിന്റ്സ്, 0495 2441934, 2442934

**സംഘടിത മാസിക**

അന്വേഷി വിമൻസ് കൗൺസലിംഗ് സെന്റർ, കോട്ടൂളി, കുതിരവട്ടം പി.ഒ., കോഴിക്കോട്, ഫോൺ: 0495 2744370

sanghadithacalicut@gmail.com, anweshicalicut@gmail.com www.anweshi.org www.sanghaditha.com

# മുഖപ്രസംഗം



ഷീബ കെ.എം.

ദുരന്തങ്ങളോടും ആഘോഷങ്ങളോടുമുള്ള പ്രതികരണങ്ങളിൽ താളം തെറ്റിക്കിടക്കുന്ന സാമൂഹികാവസ്ഥ. കൊല്ലം പുറ്റിങ്ങൽ ക്ഷേത്രം സാക്ഷ്യം വഹിക്കേണ്ടി വന്ന മഹാദുരന്തത്തിന്റെ മൃത്യുതാണ്ഡവം അവസാനിക്കും മുമ്പ് പൂരങ്ങളുടെ ആരവങ്ങളിൽ നാം സ്വയം മതിമറന്നു. അന്യരുടെ വേദനകളിൽ ഉള്ളുരുകാൻ കെല്പില്ലാത്ത വിധം പരുവപ്പെട്ട സമൂഹമനസ്സാക്ഷി പീഡനങ്ങളോടും പട്ടിണിമരണങ്ങളോടും പ്രതികരിക്കുന്നതിങ്ങനെത്തന്നെ. മതരാഷ്ട്രീയ കൂട്ടുകെട്ടുകൾ ജനജീവിതം നിർവികാരതയിലേക്ക് പരിവർത്തിപ്പിച്ചെടുക്കുന്നതിന്റെ ദൃഷ്ടാന്തങ്ങൾ തന്നെ ഇതൊക്കെയും.

തിരഞ്ഞെടുപ്പ് പ്രചാരണം ഉച്ചസ്ഥായിലായിക്കഴിഞ്ഞിരിക്കുന്നു. രാഷ്ട്രീയപാർട്ടികൾക്കെല്ലാം സ്ത്രീകളുടെ വോട്ടുകൾ വേണമെങ്കിലും സ്ത്രീകളെ രാഷ്ട്രീയസ്വത്വങ്ങളായി അംഗീകരിക്കാൻ എല്ലാ രാഷ്ട്രീയ പാർട്ടികളും കൊടികളുടെ നിറഭേദമെന്യേ വിസമ്മതിക്കുന്നു. നോട്ടയ്ക്ക് വോട്ട് രേഖപ്പെടുത്താൻ പല സ്ത്രീകൂട്ടായ്മകളും തീരുമാനിക്കേണ്ടി വന്നിരിക്കുന്നത് ഈ സാഹചര്യത്തിലാണ്. ഫാഷിസത്തിന്റെ ആസന്നമായ കടന്നുകയറ്റം ചെറുക്കാൻ പ്രതിരോധങ്ങൾ തീർക്കുന്ന വിധം വോട്ടുകൾ രേഖപ്പെടുത്തുകയെന്നതാണ്. കാലത്തിന്റെ ആവശ്യമെന്നും അതിനാൽ നോട്ട വോട്ട് അരാഷ്ട്രീമാണെന്നും വാദങ്ങൾ ഉയരുന്നു. ലോകത്തെവിടെയും മുന്നേറ്റങ്ങളുടെ സന്ദർഭങ്ങളിൽ മുഖ്യശത്രുവും പ്രാഥമികവൈരുദ്ധ്യങ്ങളും തീരുമാനിക്കപ്പെട്ട വേളകളിൽ അധികാരപ്രത്യയശാസ്ത്രങ്ങളെന്ന നിലയിൽ വർണ്ണമോ (race) ജാതിയോ പുരുഷാധിപത്യമോ ആ പട്ടികകളിൽ സ്ഥാനം പിടിച്ചില്ല എന്നത് ചരിത്രയാഥാർത്ഥ്യം, ലെനിനായാലും ഗാന്ധിയായാലും അടിച്ചമർത്തപ്പെട്ടവരോട് സ്വന്തം സ്വകാര്യ ജീവിതങ്ങളിനുഭവപ്പെടുന്ന ചൂഷണങ്ങളെ മറന്ന് പൊതുലോകത്തിന്റെ ചൂഷകശക്തികളായ മുതലാളിത്തത്തോടും അധിനിവേശത്തോടും പൊരുതാനാണ് ആഹ്വാനം ചെയ്തത്. പൊതുമണ്ഡലരാഷ്ട്രീയ സങ്കല്പങ്ങളെത്തന്നെ അധികാരമില്ലാതാക്കപ്പെട്ടവരുടെ പക്ഷത്തു നിന്ന് പൊളിച്ചെഴുതാനുള്ള സമയം അതിക്രമിച്ചിരിക്കുന്നു.

ആധുനികജീവിതത്തിന്റെ സാമൂഹ്യക്രമങ്ങളിൽ അകം/പുറം ലോകങ്ങളുടെ ദ്വന്ദങ്ങളുടെ രൂപീകരണത്തോടെ സ്ത്രീകൾ കൂടുതൽ കൂടുതൽ വീട്ടിടങ്ങളിലേക്ക് തള്ളപ്പെടുകയുണ്ടായി. അതിനാൽ പൊതുമണ്ഡലത്തിലെ സ്ത്രീകളുടെ തൊഴിൽപങ്കാളിത്തം ബോധപൂർവ്വം നടത്തിയെടുക്കേണ്ട ദൗത്യമായിത്തീർന്നു. ഉയർന്ന വിദ്യാഭ്യാസം നേടാൻ അവസരം കിട്ടാത്തതുകൊണ്ടും ആൺകോയ്മയുടെ കുടുംബിനീ നിർബന്ധങ്ങൾക്കൊണ്ടും പൊതുയിടങ്ങളിലെ തൊഴിൽപ്രവേശനം സ്ത്രീകൾക്ക് ദുഷ്കരമായിത്തന്നെ തുടർന്നു. എങ്കിലും വീടിന്റെയും തൊഴിലിന്റെയും അദ്ധ്വാനത്തിന്റെ ഇരട്ടിഭാരം ചുമന്ന് അതിമാനുഷരായി വേല ചെയ്ത് സ്ത്രീത്തൊഴിലാളികൾ സ്വന്തം ചുവടുകളുറപ്പിക്കാൻ തുടങ്ങിയിട്ട് ദശകങ്ങളേറെയായി. എന്നാൽ തൊഴിൽമേഖല സ്ത്രീകളായ തൊഴിലാളികളെ എങ്ങനെയാണ് വീക്ഷിക്കുന്നത്? മുതലാളിത്തത്തിന്റേയും പുരുഷാധിപത്യത്തിന്റേയും അധികാരപ്രയോഗങ്ങൾക്ക് വിധേയരാക്കാൻ പറ്റുന്ന ഉപകരണങ്ങൾ മാത്രമായിരുന്നു സ്ത്രീത്തൊഴിലാളികളുടെ ജീവിതങ്ങൾ. തൊഴിലിടം പുരുഷന്റെ പൊതുയിടമായി ഹിംസാത്മകമായി ചുരുങ്ങിപ്പോയതായും കാണാം. തൊഴിലാളിക്ഷേമം സംരക്ഷിക്കേണ്ട ഭരണകൂടവും ട്രേഡ് യൂണിയനുകളും സ്ത്രീത്തൊഴിലാളികളുടെ താൽപര്യങ്ങളെ സംരക്ഷിക്കുന്നതിൽ തികഞ്ഞ അവഗണന കാട്ടുകയും ചെയ്യുന്നു. വർഗ്ഗത്തിന്റേയും ജാതിയുടെയും ലിംഗഭേദത്തിന്റേയും കൂട്ടായ അധികാരപ്രയോഗങ്ങളിൽ നിലകൊള്ളേണ്ടി വരുന്ന എന്നാൽ അതിനാൽത്തന്നെ തീവ്രമായി സമരോന്മുഖമായിക്കൊണ്ടിരിക്കുന്ന സ്ത്രീത്തൊഴിലാളികളുടെ അവസ്ഥയെ കുറിക്കാനുള്ള ശ്രമമാണ് സംഘടിത ഇവിടെ നടത്തുന്നത്. പി.വിജിയും ഗാർഗിയും സമ്പാദകരായ ഈ ലക്കം സർവ്വലോകതൊഴിലാളി ഐക്യത്തിന്റെ പ്രതീക്ഷയിൽ മെയ്ദിനാശംസകളോടെ സമർപ്പിക്കട്ടെ.

## അതിഥിപത്രാധിപക്കുറിപ്പ്



വിജി

# സ്ത്രീതൊഴിലാളിവർഗ്ഗ പ്രസ്ഥാനം ആവശ്യമല്ലേ?

കാർഷകതൊഴിലാളി സമരത്തിലൂടെ വളർത്തിയെടുത്ത പ്രസ്ഥാനമാണ് ഇടതുപക്ഷ തൊഴിലാളിവർഗ്ഗ പ്രസ്ഥാനം. കർഷകതൊഴിലാളി എന്നോ തൊഴിലാളികൾ എന്നോ പറയുമ്പോൾ അത് എല്ലായ്പ്പോഴും പുരുഷനെയാണ് സൂചിപ്പിക്കുന്നത്. പക്ഷേ ഇന്ന് അസംഘടിതമേഖലയിലെ തൊഴിലാളികൾ എന്ന് പറയുമ്പോൾ ഭൂരിപക്ഷം വരുന്നത് സ്ത്രീതൊഴിലാളികളാണ്. സംഘടിതമേഖലയിലായാൽ തന്നെയും, അവർ ഐ.പി.എസ്., ടീച്ചർ, ഡോക്ടർ തുടങ്ങിയ സ്ഥാനങ്ങളിലാണെങ്കിൽ പോലും, അടുക്കളയിലെ ഉത്തരവാദിത്വം എന്നും സ്ത്രീകൾക്ക് തന്നെയാണ്. ഇന്നത്തെ സമൂഹത്തിൽ മുതലാളിത്തവും മതാധിപത്യവും പുരുഷാധിപത്യവും ശക്തമായി നിലനിൽക്കുന്നതുകൊണ്ടുതന്നെ സ്ത്രീകൾ സംഘടിക്കേണ്ടതുണ്ട്. തൊഴിലാളി സ്ത്രീകൾക്ക് നാലോ അഞ്ചോ മണിക്കൂർ മാത്രമെ സ്വന്തമായുള്ളൂ. ബാക്കി സമയത്ത് വിശ്രമമില്ലാത്ത ജോലിയും മൂല്യമില്ലാത്ത വേതനവും മരവിച്ച മനസ്സുമായി ജീവിക്കുന്നു. ചിന്തിക്കാനും പ്രവർത്തിക്കാനും ഉറങ്ങാനും സ്ത്രീ തൊഴിലാളികൾക്കും അവകാശമുണ്ട്. വീട്ടുജോലി ചെയ്യുന്ന സ്ത്രീകൾക്ക് കൂലി കുറവാകുന്നത് എന്തുകൊണ്ട്? അവരെ തൊഴിലാളിയായി അംഗീകരിക്കാത്തത് എന്തുകൊണ്ട്? പുരുഷനാണ് അടുക്കളയിൽ ജോലിയെങ്കിൽ കൂലിക്ക് മൂല്യമുണ്ടാവും. എച്ചിൽ എടുക്കലും വൃത്തിയാക്കലും സ്ത്രീകളുടെ മാത്രം ഉത്തരവാദിത്വമാണോ? പൊതുയിടത്തിലാണെങ്കിൽ സ്ത്രീ തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ അതിഭീകരമാണ്. ഇതിനെതിരെ ശക്തമായി പ്രതികരിക്കാനും പരിഹാരം കണ്ടെത്താനും സ്ത്രീതൊഴിലാളികൾ സംഘടിക്കേണ്ടതുണ്ട്. നിലനിൽക്കുന്ന രാഷ്ട്രീയ പ്രസ്ഥാനത്തിലായാലും ട്രേഡ് യൂണിയനിയായാലും സ്ത്രീതൊഴിലാളികൾക്ക് യാതൊരു അംഗീകാരവും ഇല്ല.

സാമ്പത്തികം പുരുഷതൊഴിലാളിയാവുമ്പോൾ കുട്ടികളും കുടുംബവും സ്ത്രീയുടെ മേൽനോട്ടത്തിലാണ്. എന്നാൽ സാമ്പത്തികവും മേൽനോട്ടവും സ്ത്രീ തൊഴിലാളി ഏറ്റെടുക്കുവാൻ നിർബന്ധിതയാവുമ്പോൾ 8 മണിക്കൂർ ജോലിയും 8 മണിക്കൂർ വിശ്രമവും 8 മണിക്കൂർ വിനോദവും സ്ത്രീ തൊഴിലാളികൾക്ക് അന്യമാവുന്നു. ഉറക്കത്തിന് പോലും അവകാശമില്ലാത്ത തൊഴിലാളി സ്ത്രീകൾക്ക് സ്ത്രീതൊഴിലാളി വർഗ്ഗ പ്രസ്ഥാനത്തിന്റെ ആവശ്യം അനിവാര്യമല്ലേ?

2016-ലെ തൊഴിലാളിദിനത്തിൽ അസംഘടിതമേഖലയിലെ തൊഴിൽ പ്രശ്നങ്ങൾ സംഘടിത എന്ന മാസികയിൽ കൂടി എ.എം.ടി.യുവിനും പെൺകൂട്ടിനും പങ്ക് വെക്കാനുണ്ട്. 96 ശതമാനം വരുന്ന അസംഘടിതമേഖലാ തൊഴിലാളികളിൽ ഭൂരിപക്ഷം പേരെയും മനുഷ്യരായി പരിഗണിക്കാനോ തൊഴിലാളികളായി അംഗീകരിക്കാനോ മുഖ്യധാര രാഷ്ട്രീയ പ്രസ്ഥാനങ്ങളോ ട്രേഡ് യൂണിയനുകളോ തയ്യാറല്ല. അസംഘടിത മേഖലയായ ടെക്സ്റ്റൈയിൽ ഷോപ്പ് തൊഴിലാളികൾ, സപ്ലൈകോ പായ്ക്കിംഗ് തൊഴിലാളികൾ, അലക്കു തൊഴിലാളികൾ, ക്ലീനിംഗ് തൊഴിലാളികൾ, വീട്ടുജോലി ചെയ്യുന്ന തൊഴിലാളികൾ,

തുടങ്ങി വിവിധ മേഖലയിലെ തൊഴിലാളികൾ നേരിടുന്ന തൊഴിൽവിരുദ്ധ നടപടികളിലാണ് ഞങ്ങൾ ഇടപെട്ടുകൊണ്ടിരിക്കുന്നത്. ടെക്സ്റ്റൈൽ മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനമോ നിജപ്പെടുത്തിയ മണിക്കൂറുകളോ പ്രാഥമിക ആവശ്യങ്ങൾക്കുള്ള സൗകര്യമോ അവകാശമോ ഭക്ഷണം കഴിക്കാനുള്ള കൃത്യമായ സമയമോ ഇല്ല. ഒന്നിരിക്കാനോ, വിശ്രമിക്കാനോ കഴിയില്ല. സപ്ലൈകോ പായ്ക്കിംഗ് തൊഴിലാളികൾക്ക് നാലാൾ ജോലി ചെയ്താൽ ഒരാൾക്ക് കൂലി, നാലാൾ ജോലി ചെയ്താൽ രണ്ടാൾക്ക് പ്രൊവിഡന്റ് ഫണ്ട്. പത്തും ഇരുപതും മുപ്പതും വർഷങ്ങളായി ജോലി ചെയ്യുന്ന സ്ത്രീ തൊഴിലാളികൾക്ക് ഒരു ആനുകൂല്യവുമില്ല. എപ്പോൾ വേണമെങ്കിലും പിരിച്ചുവിടും എന്ന ഭീഷണി നേരിട്ടുകൊണ്ടിരിക്കുന്നു. 1997 -ൽ കോഴിക്കോട് മുതലക്കുളത്തിൽ വികസനത്തിന്റെ പേരിൽ കുടിയറക്കപ്പെട്ട അലക്കു തൊഴിലാളികളിൽ ഒരു വിഭാഗം തൊഴിലാളി കുടുംബങ്ങൾ ഇന്നും തെരുവിലും സ്കൂൾ കെട്ടിടങ്ങളിലുമാണ്. കക്കൂസ് പോലും നിഷേധിക്കപ്പെട്ട ഈ തൊഴിലാളികളായ സ്ത്രീകളും കുട്ടികളും സർക്കാർ ആശുപത്രികളെയാണ് ആശ്രയിക്കുന്നത്. 2016-ലെ അന്താരാഷ്ട്രാ വനിതാ ദിനത്തിൽ പെൺകൂട്ടിന്റെ മുൻകയ്യിൽ പ്രതീകാത്മകമായി ക്ലോസറ്റ് തലയിൽ വെച്ച പ്രകടനം നടത്തി പ്രതിഷേധിച്ചതിന്റെ ഭാഗമായി തൊട്ടടുത്ത ദിവസം തന്നെ അത്യാവശ്യം ഭേദപ്പെട്ട 2 കക്കൂസുകൾ കോഴിക്കോട് കോർപ്പറേഷൻ നിർമ്മിച്ചുകൊടുത്തു. വീട്ടുജോലി എടുക്കുന്ന തൊഴിലാളികളാവട്ടെ 100 രൂപയും 200 രൂപയും ദിവസകൂലിക്ക് രാവിലെ 8 മണിക്കും 7 മണിക്കും തുടങ്ങുന്ന ജോലി 5 മണി - 6 മണി വരെ തുടരുന്നു. തൊഴിലുടമ ഭക്ഷണം കഴിച്ചതിനുശേഷം മാത്രമേ ഇവർക്ക് ഭക്ഷണമുള്ളു. അവധി ദിവസത്തിനുപോലും അവകാശമില്ലാത്തവരും മറ്റ് ആനുകൂല്യത്തിന് അർഹല്ലാത്തവരുമാണ് ഇവരും.

ജയലക്ഷ്മി എന്ന ടെക്സ്റ്റൈയിൽ ഷോപ്പിലെ തൊഴിലാളി വസന്തകുമാരിയെ ജോലിക്കിടയിൽ കടയിൽ കയറിവന്ന സിനിമാനടനെനോക്കിയെന്ന കുറ്റം ആരോപിച്ച് ഇറക്കി വിട്ടപ്പോൾ എ.എം.ടി.യു ശക്തമായ സമരം ചെയ്യുമെന്ന് വന്നു. ഉടൻതന്നെ അർഹമായ നീതി നടപ്പിലാക്കാൻ യൂണിയന് കഴിഞ്ഞു. ഇരിക്കൽ സമരം 2014-ൽ നടത്തിയപ്പോൾ 1960-ലെ നിയമം ഭേദഗതി ചെയ്യാൻ സർക്കാർ നിർബന്ധിതരായി. ഞങ്ങളുടെ യൂണിയൻ റജിസ്ട്രേഷനുവേണ്ടി 2012 മുതൽ ഞങ്ങൾ ശ്രമിക്കുന്നുണ്ടായിരുന്നു. തുച്ഛമായ കാരണങ്ങൾ പറഞ്ഞുകൊണ്ട് ലേബർ ഓഫീസിൽ നിന്ന് എപ്പോഴും തിരിച്ചയക്കുകയായിരുന്നു. 2015-ൽ യൂണിയൻ സർക്കുലർ പഠിച്ചുകൊണ്ട് ഞങ്ങൾ കൂട്ടമായി റജ്സ്ട്രേഷന് അപേക്ഷ കൊടുത്തപ്പോൾ പിന്നെയും അതുതന്നെ സ്ഥിതി. അത് കിട്ടാൻ ഞങ്ങൾക്ക് ലേബർ ഡിപ്പാർട്ടുമെന്റിനോട് ശക്തമായി പൊരുതേണ്ടി വന്നു. ഒടുവിൽ ഈ കഴിഞ്ഞ ജനുവരിയിൽ റജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് കിട്ടി. ഞങ്ങളുടെ യൂണിയൻ പുരുഷതൊഴിലാളികളടങ്ങുന്ന സ്ത്രീപക്ഷ ട്രേഡ് യൂണിയനാണ്.

അസംഘടിതമേഖലയിലെ തൊഴിലാളികളെ സ്ത്രീ-പുരുഷ ഭേദമന്യെ മനുഷ്യരായി പരിഗണിക്കുക, തൊഴിലാളികളായി അംഗീകരിക്കുക. തുല്യജോലിക്ക് തുല്യവേതനം നടപ്പിലാക്കുക, 8 മണിക്കൂർ നിജപ്പെടുത്തുക. 4 മണിക്കൂറിൽ 1 മണിക്കൂർ വിശ്രമം നടപ്പിലാക്കുക, മിനിമം വേതനം നടപ്പിലാക്കുക, പ്രാഥമിക ആവശ്യങ്ങൾക്കുള്ള സൗകര്യം ഏർപ്പെടുത്തുക, പിരിച്ചുവിടൽ ഭീഷണി അവസാനിപ്പിക്കുക. തൊഴിലിടങ്ങളിൽ ജാഗ്രതാസമിതി രൂപീകരിക്കുക. അവധി ദിവസങ്ങൾ നടപ്പിലാക്കുക, കസ്റ്റമേഴ്സ് ഇല്ലാത്ത സമയങ്ങളിൽ ഒന്നിരിക്കാൻ അനുവദിക്കുക. കുടുംബങ്ങളിൽ സ്ത്രീതൊഴിലാളിയും പുരുഷതൊഴിലാളിയും തുല്യരാവുക. അടുക്കളയും കുട്ടികളും കുടുംബവും സ്ത്രീ-പുരുഷതൊഴിലാളികൾക്ക് തുല്യമാവണം. പൊതുയിടങ്ങളും രാഷ്ട്രീയ പ്രസ്ഥാനങ്ങളും സ്ത്രീതൊഴിലാളികൾക്കും അവകാശപ്പെട്ടതാണ്. തൊഴിൽ അവകാശത്തെകുറിച്ചും മനുഷ്യാവകാശത്തെകുറിച്ചും ബോധവതികളാകുക - ***സഹനത്തിൽ നിന്നും മോചിതരാവേണ്ട സമയം അതിക്രമിച്ചു കഴിഞ്ഞു.***

# അതിഥിപത്രാധിപക്കുറിപ്പ്



ഗാർഗി

വഴിവക്കിൽ വച്ച് കണ്ടു മറഞ്ഞുപോകുന്നവർ –
അടുക്കളയിൽനിന്നടുക്കളയിലേക്ക്,
മോശപ്പെട്ട തൊഴിലിടങ്ങളിലൊന്നിൽനിന്നു മറ്റൊന്നിലേക്ക്
നിത്യം നടന്നു കുനിഞ്ഞു കടന്നു പോകുന്നവർ.

മനുഷ്യജീവികളായി ജനിച്ച് പ്രപഞ്ചത്തിന്റെ അപാരതയും
ആകാശത്തിന്റെ നീലയും
കാടിന്റെ പല പച്ചകളുടെ നിരയും ശാന്തതയും സംഗീതവും
പ്രേമവും കാമവും പ്രസവവുമൊക്കെ
ഉള്ളാലറിഞ്ഞ് കഴിഞ്ഞുപോകേണ്ടവർ.

നോക്കൂ, കണ്ണിലാധിയാണ് –
എപ്പോൾ മൂത്രമൊഴിക്കും? ആരെങ്കിലും കയറിപ്പിടിക്കുമോ? തൊലി പോയ കൈത്തലം കൊണ്ട് അലക്കി വിരിച്ചിടാനുള്ളത് എന്തു മാത്രം തുണികളാണ്. ഈ മാസം പലിശ കഴിഞ്ഞെന്തു കിട്ടും? പൈപ്പിലെ വെള്ളം തീരും മുൻപ് വീട്ടിലെത്തുമോ? ഈ തളർന്ന കാൽമുട്ടും അടിവയറ്റിലെ വേദനയും മറന്ന് ആർക്കൊക്കെ ഇഷ്ടപ്പെട്ടത് വെക്കും?

കുഞ്ഞുങ്ങളാകുമ്പോൾ മുതൽ ഒരേ സമയം സംരക്ഷിക്കപ്പെടുകയും മതത്തിന്റെ, ജാതിയുടെ, ദേശത്തിന്റെ പലതരം വേഷങ്ങളിലേക്ക് നിർബന്ധിക്കപ്പെടുകയും ചെയ്യുന്നവർ, സ്വന്തം ശരീരത്തിൻ കാവലാളുകൾ – അതിന്റെ ആവശ്യങ്ങളെയും കാമനകളെയും ആശകളെയും അളന്നു മുറിച്ച് ഫ്രീസറിൽ സൂക്ഷിക്കാൻ ബാദ്ധ്യസ്ഥരായ അറവുകാർ.

സ്വപ്നങ്ങളെയോരോന്നായ് ചെത്തിമാറ്റി വളർന്നാളാവുമ്പോൾ ഉള്ളിൽ വെറും പൊള്ളയായ് തീരുന്നവർ, അവളവൾക്കൊരു തുള്ളി കണ്ണുനീർ ബാക്കി വയ്ക്കാത്തവർ. തെരുവിലും ടി വിയിലും, കണ്ട വിവരംകെട്ടയാണുങ്ങളെഴുതി പരിഹസിക്കുന്ന വില കുറഞ്ഞ പെൺ കഥാപാത്രങ്ങളുടെ കാൽപ്പനിക സങ്കടങ്ങളിലേക്ക് ഈയാംപാറ്റകൾ വെളിച്ചത്തിലേക്കെന്ന പോലെ വീണു കരഞ്ഞു പൊലിയുന്നവർ. ഏതാലയിലേക്കും എപ്പോഴും മാറ്റിക്കെട്ടാൻ പതം വച്ചവർ.

സ്വന്തമായ് വേണം ഇത്തിരി സമാധാനമെന്ന് പറയുമ്പോൾ പോലും ഞാനാവശ്യപ്പെടുന്നത് അർഹിക്കുന്നതിലും വലുതല്ലേ, ഇതുകൊണ്ടെന്റെ കുഞ്ഞ് വേദനിക്കുമോ, വീട്ടുകാർ അപമാനിതരാകുമോ എന്നൊക്കെയുള്ളിൽ കുത്തലുള്ളവർ. മെരുക്കപ്പെട്ടവർ, നിശബ്ദരായ് തീർന്നവർ.

അവർക്കായ്, ഞങ്ങൾക്കായ്.



# തൊഴിലിന്റെ രാഷ്ട്രീയവും പെൺതൊഴിലിടങ്ങളും



ബിനിത തമ്പി

**കേരളത്തിന്റെ പൊതുതൊഴിലിടങ്ങളിലേക്ക് സ്ത്രീകൾ പ്രവേശിക്കുന്നത് പ്രധാനമായും ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിലാണ്.**

**തൊ**ഴിൽരംഗത്ത് ഇന്ന് സ്ത്രീകൾ അനുഭവിക്കുന്ന പ്രശ്നങ്ങൾ മനസ്സിലാക്കാൻ ഈ മേഖലയിലേക്കുള്ള അവരുടെ കടന്നുവരവിന്റെ ചരിത്രം സഹായകരമാണ്. ഇതാവട്ടെ ലിംഗാടിസ്ഥാനത്തിലുള്ള തൊഴിൽ മേഖലകളുടെ വിഭജനത്തിന്റെയും തൊഴിലിടങ്ങളുടെ രൂപപ്പെടുത്തലിന്റെയും ചരിത്രം കൂടിയാണ്.

കേരളത്തിന്റെ പൊതുതൊഴിലിടങ്ങളിലേക്ക് സ്ത്രീകൾ പ്രവേശിക്കുന്നത് പ്രധാനമായും ഇരുപതാംനൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിലാണ്. 1930 കളിലെ വൻമാന്ദ്യത്തിന്റെ (great depression) ഭാഗമായി രൂപപ്പെട്ട സാമ്പത്തിക തളർച്ച ഇതിന് ആക്കം കൂട്ടി. എന്നാൽ, ഗാർഹികവൃത്തിയിൽ ഒതുങ്ങി നിന്നിരുന്ന സ്ത്രീകളുടെ തൊഴിലിടങ്ങളിലേക്കുള്ള കടന്നു വരവ് പുതിയതരം ലിംഗാടിസ്ഥാനത്തിലുള്ള തൊഴിൽ വിഭജനത്തിന് വഴിയൊരുക്കി. പ്രധാനമായും അദ്ധ്യാപന-ആതുരസേവനരംഗങ്ങളെ കേന്ദ്രീകരിച്ചായിരുന്നു ഇത്. ഇവയാകട്ടെ പ്രാഥമിക വിദ്യാഭ്യാസവും മൂല്യബോധവും കുട്ടികൾക്ക് പകർന്ന് നൽകേണ്ടവർ, കുട്ടികളുടേയും മുതിർന്നവരുടേയും പരിചരണ ഉത്തരവാദിത്വമുള്ളവർ മുതലായ ഗാർഹികകേന്ദ്രീകൃത മൂല്യങ്ങളിൽ അധിഷ്ഠിതമായ സ്ത്രീ ചുമതലകളുടെ പൊതുരംഗത്തേക്കുള്ള വ്യാപനം തന്നെയായിരുന്നു. അവശ്യഘട്ടങ്ങളിൽ തൊഴിലെടുക്കാൻ സന്നദ്ധരായി കുടുംബത്തിന്റെ സുരക്ഷ ഉറപ്പാക്കാൻ ത്യാഗം അനുഭവിക്കുന്നവർ എന്ന തരത്തിൽ ഇരുവിഭാഗങ്ങളേയും ചിത്രീകരിക്കുന്ന ഒട്ടേറെ സിനിമകളും സാഹിത്യസൃഷ്ടികളും നമ്മുടെ ഭാഷയിലുണ്ട്.

എന്നാൽ ഈ രണ്ടു വിഭാഗങ്ങളും തുല്യ സാമൂഹ്യ പദവിയിലുള്ളവരല്ല. അദ്ധ്യാപികമാർ ആതുരസേവന രംഗത്തെ നേഴ്സുമാരേക്കാൾ സാമൂഹ്യപദവിയിൽ പലപടി മുകളിലാണ്. കുടുംബ ചുമതലയോടൊപ്പം അനായാസേന നടത്തിക്കൊണ്ടു പോകാൻ കഴിയാത്ത തൊഴിൽ, വിവിധതരം ശാരീരികപരിചരണം നടത്തേണ്ട ചുമതല, തൊഴിലിടത്തിന്റേയും സമയത്തി



**കേരളത്തിലെ സ്ത്രീതൊഴിൽ പങ്കാളിത്ത നിരക്ക് കുറഞ്ഞിരിക്കുന്നതിന്റെ ഒരു കാരണമായി പുരുഷന്മാരുടെ ഗൾഫ് കുടിയേറ്റത്തിന്റെ ഭാഗമായ പണത്തിന്റെ വരവ് പുരുഷന്മാരേയുപേക്ഷിച്ച് തൊഴിലാളികൾ എന്ന നില സ്ത്രീകൾ കാംക്ഷിക്കേണ്ടത് ആവശ്യമല്ല എന്ന ധാരണയുണ്ടാക്കി.**

ന്റെയും പ്രത്യേകതകൾ കൊണ്ട് രോഗികളും ഡോക്ടർമാരുമായ പുരുഷന്മാരുമായി അടുത്ത് ഇടപഴകേണ്ടി വരുന്ന തൊഴിൽ – ഇതിന്റെ ഭാഗമായി വ്യവസ്ഥാപിത സദാചാരമൂല്യങ്ങൾ പലപ്പോഴും ലംഘിക്കുന്നവർ എന്ന സാമൂഹ്യധാരണ എന്നിവയെല്ലാം നഴ്സുമാരുടെ സാമൂഹ്യപദവി ഇകഴ്ത്തി. അദ്ധ്യാപികമാർക്കാവട്ടെ തൊഴിൽപരമായി ഇത്തരം സാഹചര്യങ്ങളില്ല എന്നതും വ്യവസ്ഥാപിത സദാചാരമൂല്യങ്ങൾ ഉറപ്പിക്കാൻ നിലകൊള്ളുന്നവർ എന്ന നിലയിലും കൂടുതൽ സാമൂഹിക അംഗീകാരം ലഭിച്ചു. തൊഴിലിനെസാമൂഹികപദവിയുടെ പ്രധാനചിഹ്നമായി കണക്കാക്കുന്ന പുതുകാലഘട്ടത്തിൽ, പ്രാദേശിക, നിയമസഭാ തെരഞ്ഞെടുപ്പുകളിലെ സ്ഥാനാർത്ഥികളായി വിരമിച്ച അദ്ധ്യാപികമാർ മറ്റാരേക്കാളും അഭികാമ്യരാകുന്നതിന്റെ കാരണവും മറ്റൊന്നല്ല.

1960 കളിൽ തുടങ്ങി 70കളിൽ സജീവമായ പുരുഷന്മാരുടെ ഗൾഫ് രാജ്യങ്ങളിലേക്കുള്ള തൊഴിൽ കുടിയേറ്റം വിവാഹകമ്പോളത്തിൽ അദ്ധ്യാപികമാരോടുള്ള താല്പര്യം വർദ്ധിപ്പിച്ചു. സ്ത്രീകളുടെ വിദ്യാഭ്യാസത്തിന്റെ ആവശ്യവും ഉപയോഗവും ഇതിലൂടെ പുനർനിർണ്ണയിക്കപ്പെടുകയായിരുന്നു. തങ്ങളേക്കാൾ കൂടുതൽ വിദ്യാഭ്യാസയോഗ്യതയുള്ള സ്ത്രീകളെ വിവാഹം കഴിക്കാൻ പുരുഷന്മാർ താൽപര്യപ്പെട്ടു – കാരണം, കുടുംബാസൂത്രണ പരിപാടികളുടെ ഫലപ്രാപ്തി വഴി കുട്ടികളുടെ എണ്ണം ചുരുങ്ങിയപ്പോൾ രൂക്ഷമായ മത്സരം നിലനിൽക്കുന്ന ആഗോള തൊഴിൽ കമ്പോളത്തിലേക്ക് കടക്കാനുള്ള ആഗ്രഹവും ശേഷിയും ആർജ്ജിക്കാൻ കുട്ടികളെ പരിശീലിപ്പിക്കേണ്ടവർ എന്ന നിലയിൽ സ്ത്രീകളുടെ വിദ്യാഭ്യാസം പ്രധാനമായി കണക്കാക്കപ്പെട്ടു. കേരളത്തിലെ സ്ത്രീതൊഴിൽപങ്കാളിത്ത നിരക്ക് കുറഞ്ഞിരിക്കുന്നതിന്റെ ഒരു കാരണമായി പുരുഷന്മാരുടെ പണത്തിന്റെ വരവ് എടുത്ത് പറഞ്ഞത് പുരുഷന്മാരെയപേക്ഷിച്ച് തൊഴിലാളികൾ എന്ന നില സ്ത്രീകൾ കാംക്ഷിക്കേണ്ടത് ആവശ്യമല്ല എന്ന ധാരണയുണ്ടാക്കി. പകരം മദ്ധ്യവർഗ്ഗ കുടുംബസ്ഥ എന്ന നില കാംക്ഷിക്കുകയും അത് ആർജ്ജിക്കുക എന്നത് സാമൂഹിക അംഗീകാരം നേടാനുള്ള വഴിയായി മാറുകയും ചെയ്തു.

1950കൾ മുതൽ തന്നെ ഫാക്ടറികളിലും തോട്ടം മേഖലയിലും മറ്റു കാർഷികരംഗങ്ങളിലും വേല ചെയ്യുന്ന വലിയ ശതമാനം സ്ത്രീതൊഴിലാളികൾ പുരുഷന്മാരോടൊപ്പം തൊഴിലവകാശങ്ങൾക്കായി സംഘടിക്കപ്പെട്ടവരും ട്രേഡ് യൂണിയനുകളുടെ ഭാ

ഗമായി പ്രവർത്തിക്കുന്നവരുമായിരുന്നു. കാർഷിക രംഗത്തെ തളർച്ചയും വ്യവസായ വളർച്ചാ മുരടിപ്പുമെല്ലാം ഇത്തരം തൊഴിലവസരങ്ങൾ കുറച്ചു - തന്നെയുമല്ല, ഉയർന്ന വിദ്യാഭ്യാസം ഇത്തരം തൊഴിലുകളിലേർപ്പെടാനുള്ള വിമുഖത ഉയർത്തി. 1960കളിലും 70കളിലുമായി രൂപം കൊണ്ട പൊതുരാഷ്ട്രീയശാക്തീകരണം തൊഴിലാളി സ്ത്രീകളെ അവരുടെ അവകാശരാഷ്ട്രീയ പ്രയോഗങ്ങൾ പഠിപ്പിച്ചുവെങ്കിൽ 1980കളിൽ കുടുംബകേന്ദ്രീകൃത മൂല്യബോധത്തിലേക്കുള്ള അവരുടെ തിരിച്ചുപോക്കാണ് ഉണ്ടായത്.



സ്ത്രീകളുടെ തൊഴിലിനോടുള്ള ഇൻഡ്യൻ ഭരണകൂടത്തിന്റെ സമീപനവും ഇവിടെ പ്രസക്തമാണ്. സ്വാതന്ത്ര്യാനന്തര സർക്കാറിന്റെ ക്ഷേമപ്രവർത്തനങ്ങളിൽ സ്ത്രീകളുടെ പുനരുൽപാദനപരമായ പങ്കിനാണ് ഊന്നൽ നൽകിയത്. അമ്മമാരുടേയും കുട്ടികളുടേയും ആരോഗ്യനില, പോഷകാഹാരനില എന്നിവ ഉയർത്തുകയും അതുവഴി ശിശുമരണ നിരക്കും ജനനനിരക്കും കുറക്കുക എന്നതും പ്രധാനലക്ഷ്യമായിരുന്നു. ഇത് കുടുംബാസൂത്രണ പ്രവർത്തനങ്ങളുടെ ഭാഗവുമാണ്. ഇതിൽ സ്ത്രീകളുടെ വിദ്യാഭ്യാസത്തിനുള്ള പങ്ക് അംഗീകരിക്കപ്പെടുകയും സ്കൂൾ വിദ്യാഭ്യാസം നിർബന്ധമാക്കുന്നതിനുള്ള പരിപാടികൾ രൂപപ്പെടുത്തുകയുമുണ്ടായി. എന്നാൽ സ്ത്രീകളുടെ തൊഴിലിന് തുല്യ പരിഗണനലഭിച്ചില്ല. തൊഴിൽ കമ്പോളത്തിൽ സ്ത്രീകൾക്കുള്ള കുറഞ്ഞ കൂലിയും കുട്ടികളുടെ പ്രാഥമിക പരിചരണം ഏറ്റെടുക്കേണ്ടവർ എന്ന ഉത്തരവാദിത്തഭംഗം കുട്ടികളുടെ ആരോഗ്യത്തെ ബാധിക്കാം എന്ന ആശങ്കയും ആയിരുന്നു കാരണം. ചുരുക്കത്തിൽ സ്ത്രീകളുടെ വിദ്യാഭ്യാസത്തെയും തൊഴിലിനെയും അവരുടെ അവകാശമായല്ല, മറിച്ച് പുനരുൽപ്പാദനപ്രക്രിയയിലെ പങ്കിന്റെ അടിസ്ഥാനത്തിൽ മാത്രം കാണുന്ന കാഴ്ചപ്പാടാണ് സർക്കാർ സ്വീകരിച്ചത്. ICDS പരിപാടിയും അംഗനവാടികളുമെല്ലാം ഇതിന്റെ ഉദാഹരണമാണ്. കുട്ടികൾക്കായുള്ള ക്രഷ് സംവിധാനം ഫാക്ടറി തൊഴിലാളി സ്ത്രീകൾക്കു മാത്രം ലഭ്യമാകുന്ന സംവിധാനമായി. അതോടൊപ്പം, കുടുംബ ഉത്തരവാദിത്തം നിറവേറ്റിക്കൊണ്ട് വീടിനുള്ളിൽ നടത്താവുന്ന ചെറുകിട ഉൽപ്പാദന (home based production) പരിപാടികൾ പ്രോത്സാഹിപ്പിക്കപ്പെടുകയും ചെയ്തു. അണുകുടുംബങ്ങളിലേക്കുള്ള മാറ്റം ഇത്തരം തൊഴിലുകൾ ഏറ്റെടുക്കാൻ സ്ത്രീകളെ പ്രേരിപ്പിച്ചു.

1980കളിൽ സജീവമായ സ്വയംസഹായ സംഘങ്ങൾ, സ്വയംതൊഴിൽ എന്നീ ആശയങ്ങൾ കൂടുതൽ പരിശോധനകൾക്ക് വിധേയമാക്കേണ്ടതാണ്. പാവപ്പെട്ട സ്ത്രീകളുടെ കാര്യത്തിൽ ഇതവർ സ്വയം തെരഞ്ഞെടുക്കുന്നതാണോ, മറിച്ച് സ്വയംതൊഴിലിലേർപ്പെടാൻ നിർബന്ധിതരായി തീരുന്നതാണോ എന്നത് പ്രസക്തമാണ്. ഉൽപ്പാദനത്തിനാവശ്യമായ മൂലധനവും മറ്റ് ആർജ്ജിത കഴിവുകളും കുറവുള്ള ദരിദ്രസ്ത്രീകളെ ഒരു കൂട്ടായ്മക്കു കീഴിൽ കൊണ്ടുവന്ന് ചെറുകിട തൊഴിലുകളിൽ ഏർപ്പെടാൻ അവസരമുണ്ടാക്കുന്നത് നല്ലതല്ലേ എന്ന ചോദ്യം നിലനിൽക്കുന്നുണ്ട്. എന്നാൽ, ഇത് ദാരിദ്ര്യത്തിൽ നിന്നും കര കയറാൻ അവരെ ഗണ്യമായി സഹായിക്കുമോ എന്നതാണ് മറുചോദ്യം. സ്ത്രീ കൂട്ടായ്മയുടെ ശക്തി കൊണ്ട് പരിഹരിക്കാനാവുന്നതല്ല ദാരിദ്ര്യത്തിന്റെ പ്രശ്നങ്ങളും അവ ഉണ്ടാക്കുന്ന അനുഭവങ്ങളും. സ്വയംതൊഴിൽ ദാരിദ്ര്യം ഇല്ലാതാക്കുകയല്ല, മറിച്ച് അതിനെമുന്നോട്ട് തള്ളിനീക്കാനുള്ള കഴിവുകൾ ഉണ്ടാക്കിക്കൊടുക്കൽ (Poverty management skills) മാത്രമായി മാറുന്നു. ഇത് സ്ത്രീകളെ കടം വാങ്ങാനും പലതരത്തിൽ അത് കൈകാര്യം ചെയ്യാനും കൂടുതൽ കടക്കെണിയിലേക്ക് തള്ളിവിടാനും വഴിവെക്കുന്നു എന്ന് പല പഠനങ്ങളും ചൂണ്ടിക്കാണിച്ചിട്ടുണ്ട്. കൂലി, മുതലാളി-തൊഴിലാളി ബന്ധം തുടങ്ങിയവയിൽ അധിഷ്ഠിതമായ തൊഴിലവകാശ രാഷ്ട്രീയത്തെ ഇത് പൂർണ്ണമായും ചോർത്തിക്കളയുന്നു. സ്വയം തൊഴിലിന്റെ പേരിൽ ഇവയെല്ലാം ഫലപ്രദമായി അദൃശ്യമാക്കപ്പെടുന്നു എന്നതാണ് സംഭവിക്കുന്നത്.

1960കളിലും 70കളിലും തുടങ്ങിയ സ്ത്രീകൂട്ടായ്മകളായ മഹിളാസമാജം മുതലായവ സേവനത്തിലൂന്നിയ സ്ത്രീകളുടെ സാമൂഹിക ഉത്തരവാദിത്വത്തിന്റെ അടിസ്ഥാനത്തിൽ രൂപം കൊണ്ടതാണ്. ഇതിന്റെ വ്യക്തമായ ഒരു തുടർച്ച നമുക്ക് കാണാൻ കഴിയും. അംഗനവാടി വർക്കർ, ആഷാ വർക്കർ തുടങ്ങിയ കേന്ദ്രപരിപാടികളിലെ തുച്ഛമായ ഓണറേ

റിയം കൈപ്പറ്റുന്ന പ്രവർത്തകരെല്ലാം ഈ തുടർച്ചയുടെ ഭാഗമാണ്. ഇതു തന്നെയാണ് കേരളത്തിലെ കുടുംബശ്രീ സംവിധാനവും സ്വാംശീകരിച്ചിരിക്കുന്നത്. പഞ്ചായത്തിലെ വിവിധ സേവനപ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുന്നവരാണ് കുടുംബശ്രീ പ്രവർത്തകർ. തൊഴിലുറപ്പിന്റെ ഭാഗമായി കുടുംബശ്രീ പ്രവർത്തകർ മിനിമം കൂലിക്ക് ജോലി ചെയ്യുന്നവരും കുടുംബശ്രീയുടെ ഔദ്യോഗിക ഉത്തരവാദിത്വമാവുന്നതും ഇതേ കൂട്ടായ്മാസേവന ആശയത്തിന്റെ ഭാഗമാണ്.

സ്ത്രീരാഷ്ട്രീയം ഉയർത്തുന്ന സേവ പോലെയുള്ള സംഘടനകൾ മാത്രമാണ് അസംഘടിത മേഖലയിലെ സ്ത്രീതൊഴിലാളികളെ സ്ത്രീകളുടെ ട്രേഡ് യൂണിയൻ എന്ന നിലയിൽ സംഘടിപ്പിക്കുന്നത്. കേരളത്തിലെ ഇടതുരാഷ്ട്രീയ പ്രസ്ഥാനം പ്രവാസികളെ വരെ തങ്ങളുടെ രാഷ്ട്രീയസംവിധാനത്തിനു കീഴിൽ സംഘടിപ്പിച്ചപ്പോഴും വളരെയധികം സ്ത്രീകൾ പണിയെടുക്കുന്ന സ്വകാര്യമേഖലയിലെ അധ്യാപനആതുരസേവനരംഗങ്ങളെ ഒഴിവാക്കുകയായിരുന്നു. ഇത് പുരുഷ/തൊഴിലാളി സ്ത്രീ-സേവിക എന്ന ആശയം അത്രമേൽ നമ്മുടെ രാഷ്ട്രീയ-സാമൂഹിക മണ്ഡലത്തിൽ വേരുന്നിയതിനാലാണ്. ഇത് ഇരു തൊഴിൽ വിഭാഗങ്ങളുടെയും ഗണ്യമായ അവകാശ നഷ്ടങ്ങൾക്ക് കാരണമായി.

തങ്ങളുടെ ചൂഷണത്തിന്റെ ആക്കം കൂട്ടാൻ മുതലാളിമാർ തൊഴിൽസ്ഥലത്തിനു പുറത്തുള്ള തൊഴിലാളികളുടെ സാമൂഹ്യ ഇടങ്ങളിലേക്ക് കൈകടത്തുകയും (spaces of social reproduction) രണ്ടിടങ്ങളിലേയും ചൂഷണങ്ങൾ പരസ്പരപൂരകങ്ങളാവുകയും ചെയ്യുന്നതാണ് നാം കാണുന്നത്. താമസ, ഭക്ഷണ, യാത്രാസൗകര്യങ്ങൾ നൽകുന്നു എന്ന പേരിൽ തൊഴിൽ സമയം, കൂലി, മറ്റാനുകൂല്യങ്ങൾ എന്നിവയെല്ലാം തങ്ങളുടെ പൂർണ്ണനിയന്ത്രണത്തിലാക്കാൻ മുതലാളിമാർക്ക് സാധിക്കുന്നു.

ഇത്തരം ഇടങ്ങളിൽ നിന്നാണ് അടുത്തകാലത്ത് തൊഴിലാളി സമരങ്ങൾ ഉണ്ടായത്. കല്യാൺ സാരീസ്, സീമാസ് തുടങ്ങിയ തുണിക്കടകളിലെ തൊഴിലാളി സ്ത്രീകളുടെ ഇരിപ്പുസമരം, നഴ്സുമാരുടെ ശമ്പള-ആനുകൂല്യവർദ്ധനവിനായുള്ള സമരം ഇവയെല്ലാം ഉദാഹരണങ്ങളാണ്. സത്യത്തിൽ കഴിഞ്ഞ രണ്ട് മൂന്ന് പതിറ്റാണ്ടായി തൊഴിലെടുക്കുന്ന സ്ത്രീകളുടെ നില നമ്മുടെ നാട്ടിൽ വഷളായിക്കൊണ്ടിരിക്കുകയാണ്.

ഈ സാഹചര്യത്തിൽ, വ്യവസ്ഥാപിത ട്രേഡ് യൂണിയനുകളുടെ അപചയത്തിന്റെ പശ്ചാത്തലത്തിൽ സ്വന്തമായ തൊഴിൽ രാഷ്ട്രീയം ഉയർത്താൻ ശ്രമിച്ച മൂന്നാറിലെ തേയില തോട്ടം തൊഴിലാളികളുടെ സമരം പ്രസക്തമാണ്. പ്രാദേശികരാഷ്ട്രീയാധികാരത്തിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞ് കഴിഞ്ഞ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ മത്സരിക്കാനും രണ്ടുസീറ്റുകളിൽ വിജയം കൈവരിക്കാനും പൊമ്പിളൈ ഒരുമൈയ്ക്ക് കഴിഞ്ഞു എന്നത് അവരുടെ രാഷ്ട്രീയവൽക്കരണത്തിന്റെ തെളിവാണ്. ഏർപ്പെടുന്ന തൊഴിലിലെ ചൂഷണത്തിന്റെ രാഷ്ട്രീയം തിരിച്ചറിഞ്ഞ് സംഘടിക്കുക എന്നതല്ലാതെ മറ്റ് കുറുക്കുവഴികളില്ല. കേരളത്തിന്റെ പൊതുസമൂഹത്തിൽ ദൃഢമൂലമായ കുടുംബിനി എന്ന ഗാർഹിക ചട്ടക്കൂടിനുള്ളിൽ അവകാശവും സ്വാതന്ത്ര്യവുമുള്ള തൊഴിലാളികൾ എന്ന സ്വത്വം സ്ത്രീകൾ രൂപപ്പെടുത്തേണ്ടതുണ്ട്. ഇത് തീർച്ചയായും ലൈംഗികതൊഴിലാളികൾ, ലൈംഗികന്യൂനപക്ഷങ്ങളുടെ തൊഴിലവസര നിഷേധം എന്നിവയെല്ലാം ഉൾക്കൊള്ളുന്ന വിശാല തൊഴിൽ രാഷ്ട്രീയ കാഴ്ചപ്പാടിനുള്ളിൽ നിന്നുകൊണ്ടാവണം. അങ്ങനെയേ കുടുംബസ്ത്രീ-കുടുംബശ്രീ കൂട്ടുകെട്ടിനു പുറത്തു വരാൻ കഴിയൂ. ●

**സ്ത്രീരാഷ്ട്രീയം ഉയർത്തുന്ന സേവ പോലെയുള്ള സംഘടനകൾ മാത്രമാണ് അസംഘടിത മേഖലയിലെ സ്ത്രീതൊഴിലാളികളെ സ്ത്രീകളുടെ ട്രേഡ് യൂണിയൻ എന്ന നിലയിൽ സംഘടിപ്പിക്കുന്നത്.**

1990 കളോടെ പ്രബലമായ നവലിബറൽ നയങ്ങളും ആഗോളവൽക്കരണവും അസംഘടിത മേഖലയിലെ സ്ത്രീകളുടെ തൊഴിലവസരങ്ങൾ വർദ്ധിപ്പിച്ചു. ഇതിൽ വലിയ പങ്ക് സേവനമേഖലയിലാണ്. കുറഞ്ഞകൂലി, മോശപ്പെട്ട തൊഴിൽസാഹചര്യങ്ങൾ എന്നിവ നിലനിൽക്കുമ്പോഴും പുതിയതരം ഒരു തൊഴിലാളിസ്വത്വം ഇത് രൂപപ്പെടുത്തുന്നുണ്ട്. വസ്ത്രധാരണ ശൈലി, ആകർഷകമായ പെരുമാറ്റ രീതി എന്നിവയിലൂടെയെല്ലാം ഒരു പുതുസ്ത്രീത്വത്തെ അത് സൃഷ്ടിക്കുന്നു. സ്ത്രീകൾ ഈ തൊഴിലുകളിൽ കൂടുതൽ അഭികാമ്യരാവുന്നു. ഇതിലൂടെ ശരീരത്തെ പ്രത്യേകമായ രീതിയിൽ തൊഴിലുമായി ബന്ധപ്പെടുത്തുകയാണ് (aesthetic labour). ഇത് നിലവിലുള്ള തൊഴിലിന്റെ സാമൂഹ്യനിലയുമായി ബന്ധപ്പെട്ട കാഴ്ചപ്പാടുമായി ചേർന്നുപോകുന്നതാണ്. വേതനം കുറയുമ്പോഴും മറ്റു തൊഴിലാളി സ്ത്രീകളെ അപേക്ഷിച്ച് ഇവരുടെ സാമൂഹ്യനില ഉയർന്നതാണ്. അതിനാൽ കൂടുതൽ സ്ത്രീകൾ ഈ തൊഴിലുകളിലേക്ക് ആകർഷിക്കപ്പെടുന്നു.



# അലക്കുകാർ ഇനി സഹിക്കില്ല, പൊള്ള വാഗ്ദാനങ്ങളുടെ അവകാശലംഘനങ്ങൾ



വീണ വിമല മണി

'ഒരു വീട്ടിൽ ചോറ് വെന്തുകൊണ്ടിരിക്കുവായിരുന്നു, അവർ വീട് പൊളിക്കാൻ വന്നപ്പോൾ. ആദ്യം മുന്നിലെ പീടികകൾ പൊളിച്ചു. എന്നിട്ടവർ പറഞ്ഞു വീടുകളും പൊളിക്കുമെന്ന്. '1994-ൽ റോഡ് വികസനത്തിന്റെ പേരിൽ പടിഞ്ഞാറെ കോട്ടക്കടവിലെ അന്തേവാസികളെ കോഴിക്കോട് കോർപറേഷൻ അധികാരികൾ ഒഴിപ്പിച്ചതെങ്ങനെ എന്ന് പറഞ്ഞു തന്നത് ഇങ്ങനെയാണ്, രുക്മിണിയക്ക. 94 -ൽ വീട് നഷ്ടപ്പെട്ട 13 കുടുംബങ്ങൾ ക്കും ഇതുവരെ സ്ഥിരമായി വീട് നൽകാൻ കോർപറേഷന് കഴിഞ്ഞില്ല എന്നത് വികസനത്തിന്റെ പരാജയം ആയി വേണം കരുതാൻ.

ഈ 13 കുടുംബങ്ങളേയും പിന്താങ്ങാൻ പണം സമ്പാദിക്കുന്നവർ എല്ലാവരും കോഴിക്കോട് മുതലക്കുളത്തെ അലക്കുതൊഴിലാളികളാണ്. തൊഴിലിലും കുടികിടപ്പവകാശത്തിന്റെ കാര്യത്തിലും ഇവർ നേരിടുന്ന പ്രശ്നങ്ങളും ഇവരുടെ ചെറുത്തുനിൽപ്പും അന്ധമായ വികസനത്തിന്റെയും ഭരണ

കൂടത്തിന്റെ തൊഴിലാളിവിരുദ്ധ നിലപാടുകളുടെയും കൂടാതെ ജാതീയതയുടെ പുതിയ പ്രകടനങ്ങളുടേയും കഥ പറയും.


## വികസനത്തിന്റെ മറുപുറം

അഞ്ചു സെന്റു ഭൂമിയും അതിൽ ഒരു വീട് വെക്കാനുമുള്ള സഹായവും വാഗ്ദാനം ചെയ്താണ് കോർപറേഷൻ മുതലക്കുളത്തിന് എതിർവശത്തെ വളപ്പിലുണ്ടായിരുന്ന ഇവരുടെ വീടുകൾ പൊളിച്ചുമാറ്റിയത്. ഇവിടെ ഭൂമി ഉണ്ടായിരുന്ന ചില മുതലാളിമാർ കോർപറേഷനു കാശ് കൊടുത്തെന്നും അതിൽ നിന്നുമാണ് തുച്ഛമായ ഒരു തുക സ്ഥലത്ത് തലമുറകളായി താമസിച്ചു പോന്ന അലക്കു തൊഴിലാളികൾക്ക് കിട്ടിയത് എന്നും ഇവർ വിശ്വസിക്കുന്നു. കോർപറേഷന്റെയും മുതലാളിമാരുടെയും കയ്യിൽ നിന്നും കാര്യമായി ഒന്നും ലഭിക്കാതെ, ആറു മാസത്തിനു ശേഷം കല്ലുത്താൻകടവിൽ ഫ്ളാറ്റ് തരാമെന്നു (യാതൊരു വക വാഗ്ദാനവും എഴുതി നല്കപ്പെട്ടിട്ടില്ല) പറഞ്ഞാണ് ഈ പതിമൂന്നു കുടുംബങ്ങളെയും മാറ്റിയത്. അവർക്ക് വേണ്ടി കോർപറേഷൻ കരുതിയിരുന്ന സ്ഥലം മനുഷ്യവാസത്തിനു ഒരു തരത്തിലും യോഗ്യമല്ലാത്ത വിധത്തിലായിരുന്നു.

**അവർക്ക് വേണ്ടി കോർപറേഷൻ കരുതിയിരുന്ന സ്ഥലം മനുഷ്യവാസത്തിനു ഒരു തരത്തിലും യോഗ്യമല്ലാത്ത വിധത്തിലായിരുന്നു.**


വെസ്റ്റ്ഹിലിലെ താമസസ്ഥലം

'ഒരു വലിയ ഹാള് പോലെ, മറ ഒന്നുമില്ല. പിന്നെ പശു കിടന്നും, മനുഷ്യൻ തൂറിയും ഇട്ടിരിക്കുന്ന ഒരു സ്ഥലം 'രാധേച്ചി ആണ് ഇത് പറഞ്ഞത്. ബ്ലീച്ചും മറ്റുമിട്ടു എല്ലാവരും വൃത്തി ആക്കി. താൽകാലികമല്ലെ എന്ന് കരുതി സഹിച്ചതാണ് അന്ന്. പിന്നീട് പതിനാലു കൊല്ലത്തോളം ഇവർക്ക് അവിടെ കഴിയേണ്ടി വന്നു. ഒരു വീടിന്റെ യാതൊരു സൗകര്യവും ഇല്ലാത്ത ഒരു സ്ഥലത്ത്. ഇതിനിടയിലൊക്കെ അധികാരികളെയും രാഷ്ട്രീയക്കാരെയും കണ്ടെങ്കിലും ഒന്നും ഉണ്ടായില്ല. ഇതിനിടയിൽ ഇവർക്കുള്ള ഫ്ളാറ്റ് പണി തുടങ്ങുകയും എന്നാൽ കല്ലുത്താൻകടവിലെ തന്നെ മറ്റു സ്ഥലവാസികൾ ഓവിന്റെ പ്രശ്നം ചൂണ്ടി


വെസ്റ്റ്ഹിലിലെ താമസസ്ഥലം


തൊഴിൽ സ്ഥലം

കാണിച്ചു പണി നിർത്താനുള്ള സ്റ്റേ ഓർഡർ വാങ്ങിച്ചെടുക്കുകയും ചെയ്തു. ഈ ഫ്ളാറ്റ്, മുതലക്കുളത്തിലെ അലക്കു തൊഴിലാളികൾക്ക് മാത്രമല്ല അടുത്തുള്ള പിന്നാക്ക പ്രദേശത്ത് താമസിക്കുന്ന 139 തൊഴിലാളി കുടുംബങ്ങൾക്കും വേണ്ടി ഉള്ളതായിരുന്നു. പക്ഷേ പിന്നീട് ഈ പ്രശ്നം ഒത്തു തീർപ്പാക്കാൻ യാതൊരു നടപടിയും ഉണ്ടായില്ല. അവിടുന്നും ഈ കുടുംബങ്ങൾ താമസം മാറ്റി, താല്കാലികമായി തന്നെ. കഴിഞ്ഞ ആറു വർഷമായി ഇവർ 'താല്കാലികമായി' തന്നെയുള്ള സ്ഥലത്താണ് ജീവിക്കുന്നത്.

ആറു വർഷം മുൻപ് ഈ 13 കുടുംബങ്ങളെയും വെസ്റ്റ്ഹില്ലിലെ റെയിലിന്റെ ഭാഗത്തുള്ള ഒഴിഞ്ഞ സ്കൂൾ കെട്ടിടത്തിലേക്ക് മാറ്റി. അഞ്ചു കുടുംബങ്ങളെ റെയിൽ ക്രോസ്സിനു ഒരു വശത്ത്, ഒരു വലിയ ഹാൾ മറ ഉപയോഗിച്ച് തരം തിരിച്ചു നല്കി. മറ്റു ഏഴു കുടുംബങ്ങളെ പൊളിഞ്ഞു വീഴാറായ ഒരു പഴയ സ്കൂൾ കെട്ടിടത്തിലാണ് താമസിപ്പിച്ചത്. ഷീറ്റ് കൊണ്ട് മുകൾ ഭാഗം മറച്ച, ശക്തമായ ജനലും വാതിലും ഇല്ലാത്ത ഒരു കെട്ടിടം. ഉപയോഗയോഗ്യമല്ലാത്ത കക്കൂസുകളും, വെള്ളത്തിനും വൈദ്യുതിക്കും നല്കേണ്ട വർധിച്ച നിരക്കും (ഗാർഹിക നിരക്കല്ല അവിടെ ഈടാക്കുന്നത്) ചെറിയ അസ്വസ്ഥതകൾ അല്ല അന്തേവാസികൾക്ക് ഉണ്ടാക്കുന്നത്. റോഡിനോടു ചേർന്ന് കിടക്കുന്നതിനാലും കക്കൂസില്ലാത്തതിനാലും പെൺകുട്ടികൾ ഭക്ഷണം കഴിക്കുന്നതും വെള്ളം കുടിക്കുന്നതും നന്നേ കുറച്ചു.

## തൊഴിലും തൊഴിലിടങ്ങളും

കോഴിക്കോട് നഗരത്തിലെ മുതലക്കുളം എന്ന


തൊഴിൽ സ്ഥലം

കൾ വിരിച്ചിടുന്നത്. നാല് മണിക്ക് ശേഷം മൈതാനം കോർപറേഷൻ പൊതു പരിപാടികൾക്ക് വിട്ടു കൊടുക്കും. നഗരമധ്യത്തിലാണെങ്കിലും വളരെ തുച്ഛമായ വാടക ആയതിനാൽ ഇവിടെ ഒട്ടുമിക്ക ദിവസങ്ങളിലും പരിപാടികൾ ഉണ്ടാവാറുണ്ട്. അത്തരം ദിവസങ്ങളിൽ മൂന്നു മണിയോട് കൂടി തൊഴിലാളികൾ തുണികളും മുളകളുമൊക്കെ അപ്പാടെ എടുത്തു മാറ്റണം. ഇത് കുറച്ചൊന്നുമല്ല ഇവരെ ബുദ്ധിമുട്ടിക്കുന്നത്. തുണി ഉണങ്ങിയില്ലെങ്കിൽ സമയത്ത് തിരികെ കൊടുക്കാൻ കഴിയാതെ വരികയും, പിന്നീടുള്ള വരുമാനത്തെ അത് ബാധിക്കുകയും ചെയ്യുന്നു. കൂടാതെ പരിപാടികൾ നടത്താൻ ഇപ്പോൾ താല്കാലിക സ്റ്റേജ് ആണ് കെട്ടി പൊക്കുന്നത്. ഇതിനു വേണ്ടി ദിവസേന ഓരോ സ്ഥലത്ത് ആണ് കുഴി കുത്തുന്നത്. ഇത് പലർക്കും അപകടങ്ങൾ സംഭവിക്കാൻ കാരണമായിട്ടുണ്ട്. പരിചിതമായ തൊഴിലിടം ഓരോ ദിവസവും അപരിചിതമാകുകയും, അതിന്മേലുള്ള സ്ഥലകാലനിയന്ത്രണം അല

**പരിചിതമായ തൊഴിലിടം ഓരോ ദിവസവും അപരിചിതമാകുകയും, അതിന്മേലുള്ള സ്ഥലകാല നിയന്ത്രണം അലക്കു തൊഴിലാളികൾക്ക് നഷ്ടപ്പെടുകയും ചെയ്യുന്നു. അവരുടെ സ്ഥലം അവരുടേതല്ലാതാകുന്നു.**

പ്രദേശമാണ് പ്രധാനമായും അലക്കു തൊഴിലാളികൾ പണിയെടുക്കാൻ ഉപയോഗിക്കുന്ന സ്ഥലം. ഇവരെ ഇറക്കി വിട്ട വളപ്പിനു നേരെ എതിരെയാണ് ഇത്. ഇവിടം കൂടാതെ വെസ്റ്റ്ഹിൽ ഭാഗത്തെ ഒരു ചെറിയ പ്രദേശത്തും കുറച്ചു പേർ പണിയെടുക്കുന്നുണ്ട്. മുതലക്കുളത്തെ റോഡിനരികിലുള്ള വലിയ മൈതാനത്തിന്റെ ഒരു ഭാഗത്ത് രണ്ടു മൂന്നു നിരകളിലായി അലക്കുകല്ലുകളും രണ്ടു കിണറുകളും ഉണ്ട്. കൂടാതെ, അതിനരികിലായി ചെറിയ കെട്ടിടമുണ്ട്. രണ്ടു മുറികളും ഒരു കക്കൂസുമുള്ള ഈ കെട്ടിടം കുറച്ചു വർഷങ്ങൾക്കു മുൻപ് ഒരുപാട് അലച്ചിലിനു ശേഷം നഗരസഭയിൽ നിന്നും നേടിയെടുത്തതാണ്. മൈതാനത്തിന്റെ ഒരു ഭാഗത്തായി ഒരു അമ്പലം നിലകൊള്ളുന്നുണ്ട്. പത്തോളം സെന്റ് ഈ അമ്പലത്തിനായി അലക്കു തൊഴിലാളികൾ വിട്ടുകൊടുത്തതാണ്. അമ്പലത്തിന്റെയും അലക്കുകല്ലുകളുടെയും ഇടയിൽ കഴിഞ്ഞ കാലത്തിന്റെ അവശേഷിപ്പായി ഒരു കോൺക്രീറ്റ് സ്റ്റേജ് ഉണ്ട്. പണ്ട് മൈതാനത്ത് നടന്നിരുന്ന പരിപാടികൾക്ക് ഉപയോഗിച്ചിരുന്നതായിരുന്നു ഇത്.

ബാക്കിയുള്ള മൈതാനത്തിലെ സ്ഥലത്താണ് തൊഴിലാളികൾ തുണികൾ ഉണക്കാനിടുന്നത്. വലിയ മുളകൾ ഉയർത്തി, അതിൽ നീണ്ട കയർ കെട്ടി അതിന്റെ മുകളിലാണ് തുണി



പൊളിഞ്ഞു വീഴാറായ കിണർ

ക്കു തൊഴിലാളികൾക്ക് നഷ്ടപ്പെടുകയും ചെയ്യുന്നു. അവരുടെ സ്ഥലം അവരുടേതല്ലാതാകുന്നു.

മുതലക്കുളം മൈതാനത്തിന്റെ ഉടമസ്ഥതയെ ചൊല്ലി കുറെ കാലമായി കോർപറേഷൻ ഈ തൊഴിലാളികളുമായി തർക്കത്തിലാണ്. വാസസ്ഥലത്ത് നിന്നും ഒഴിപ്പിച്ചപോലെ ഇവരുടെ തൊഴിലിടത്തിൽ നിന്നും ഇവരെ ഇറക്കിവിടുമോ എന്ന ആശങ്ക ഇവരുടെ ഉള്ളിൽ ഉണ്ട്. ബ്രിട്ടീഷ് ഭരണകാലത്ത്, സാമുതിരി അലക്കുതൊഴിലാളികൾക്ക് നല്കിയ സ്ഥലമാണ് മുതലക്കുളം. ഇത് തെളിയിക്കുന്ന രേഖകൾ തൊഴിലാളികളുടെ പക്കലുണ്ട്. എന്നാൽ ഇത് കോർപറേഷന്റെ സ്ഥലമാണെന്നും അത് ഏറ്റെടുക്കാൻ വഴി ഉണ്ടെന്നുമാണ് ഔദ്യോഗികഭാഷ്യം. തങ്ങളുടെ തൊഴിലിടം ഒരു കാരണവശാലും വിട്ടുകൊടുക്കില്ലെന്ന് തൊഴിലാളികൾ ഉറപ്പിച്ചിരിക്കുകയാണ്. തൊഴിലിടത്തിനോടുള്ള മധ്യവർഗ കാഴ്ച്ചപ്പാടിനപ്പുറം ഈ ഇടമാണ് അലക്കുതൊഴിലാളികൾക്ക് തങ്ങളുടെ സാമുദായികമായ പരസ്പര വ്യവഹാരത്തിനുള്ളത്. ഒരേ കുടുംബം പോലെ ഒരുമിച്ചു കഴിഞ്ഞിരുന്നവർ ഇന്ന് വികസനത്തിന്റെ പേരിൽ പല ദിക്കുകളിലായെങ്കിലും ഇവർ ഒരുമിക്കുന്നത് ഈ തൊഴിലിടത്താണ്. സ്ത്രീ തൊഴിലാളികൾക്ക് പ്രത്യേകിച്ചും ഇത് ഒരു സാഹോദര്യത്തിന്റെ ഇടവും കൂടിയാണ്. തലമുറകളായി ഒരുമിച്ചു പടിഞ്ഞാറെ കോട്ടക്കടവിലെ വളപ്പിൽ താമസിച്ചവരെ ഇനി അവരുടെ തൊഴിലിടങ്ങളിൽ നിന്ന് കൂടി ഇറക്കാൻ ഒരു വികസനവും ഇടവരുത്തരുത്. തൊഴിലെടുക്കാനുള്ള അടിസ്ഥാന അവകാശമാണ് ഇവർ ആവശ്യപ്പെടുന്നത്. ഒരുപാട് തൊഴിൽ പ്രശ്നങ്ങൾ നേരിടുന്ന ഒരു ജനവിഭാഗത്തെ ഭരണത്തിന്റെ പേരിൽ മുതലെടുക്കുന്നത് തികച്ചും ജനാധിപത്യവിരുദ്ധമാണ്. അലക്കു തൊഴിലാളികളുടെ തൊഴിലും ഇടവും വളരെ ബന്ധപ്പെട്ടു കിടക്കുന്നു. അലക്കു കല്ലുകളും കിണറുകളും പിന്നെ വിരിക്കാൻ സ്ഥലവുമില്ലാതെ ഇവർക്ക് പണിയെടുക്കാൻ സാധിക്കില്ല.

## അലക്കു തൊഴിലാളികളും തൊഴിൽ പ്രശ്നങ്ങളും

'ഒരു സ്ഥാപനത്തിൽ ജോലി ചെയ്യുവായിരുന്നു കൊറേ കൊല്ലങ്ങളായിട്ട്. അവര് മെഷീൻ വാങ്ങിയപ്പോ ഒറ്റ ദിവസം കൊണ്ട് എന്റെ പണി പോയി' പറഞ്ഞത് ഇന്ദിരേച്ചി ആണെങ്കിലും നഗരത്തിലെ പല അലക്കുതൊഴിലാളികളുടെയും പ്രശ്നം ഇതാ





കുറച്ചു കാലം മുമ്പ് വരെ ഇവർ ഉപയോഗിച്ചിരുന്ന കക്കൂസ്

ണ്. ഒരു തൊഴിലുറപ്പുമില്ലാത്ത മേഖലയാണ് ഇവരുടേത്. നഗരത്തിലെ ഒട്ടുമിക്ക ഹോട്ടലുകളും ലോഡ്ജുകളും ഇവരുടെ അധ്വാനത്തിലാണ് മുന്നോട്ടുപോകുന്നത്. എന്നാൽ കരാർ രീതിയിൽ ജോലിയെടുക്കുന്നത് കൊണ്ട് ഇവർക്ക് സ്ഥിരതൊഴിലാളികളുടെ ഒരു ആനുകൂല്യവും ലഭിക്കുന്നില്ല. സംഘടിതർ അല്ലാത്തത് കൊണ്ട് അവകാശങ്ങൾ പലപ്പോഴും കിട്ടാറില്ല.



മറ്റൊരാൾക്ക് പറയാനുണ്ടായിരുന്നത് ഇരുപതു കൊല്ലം തുണികൾ അലക്കി കൊടുത്ത ലോഡ്ജിന്റെ ഉടമസ്ഥർ ഒരു ദിവസം പെട്ടെന്ന് ജോലി ഇല്ല എന്ന് പറഞ്ഞ കഥയാണ്. ഒരു സെറ്റിൽമെന്റും ഇല്ലാതെയാണ് അവരെ ഒഴിവാക്കിയത്. അന്ന് ഒന്ന് രണ്ടു യൂണിയൻ പ്രതിനിധികളെ കണ്ടെങ്കിലും അവർ കാര്യത്തിൽ ഇടപെടുക പോലും ചെയ്യാതെ ഒഴിഞ്ഞു മാറുകയായിരുന്നു. അത്യധികം തൊഴിലാളിവിരുദ്ധമായ നമ്മുടെ പൊതുബോധത്തിൽ നിന്നാണ് ഇത്തരം പ്രവണതകൾ ഉണ്ടാവുന്നത്.

തൊഴിലാളി എന്ന വിഭാഗത്തിന്റെ നിർവചനം തന്നെ ഈ നവലിബറൽ സാമ്പത്തിക വ്യവസ്ഥയിൽ പൊളിച്ചെഴുതേണ്ട ആവശ്യം ഉണ്ട്. ഇന്ന് തൊഴിലാളികൾ പരമ്പരാഗതമായ തൊഴിലിടങ്ങളിൽ ഒരുമിച്ചല്ല തൊഴിലെടുക്കുന്നത്. തൊഴിലുകളെ ഫാക്ടറിയുടേതോ കമ്പനിയുടേതോ അല്ലാത്ത ഇടങ്ങളിലേക്ക് ഔട്ട്സോർസ് ചെയ്യുന്നതിലൂടെ തൊഴിലാളികളെ ഭിന്നിപ്പിക്കുക കൂടിയാണ് ചെയ്തിരിക്കുന്നത്. അത് കൊണ്ട് തന്നെ സംഘടിക്കാനുള്ള അവസരങ്ങൾ കുറയുന്നു. തൊഴിലിടങ്ങളെ നിരന്തരമായി പരിശോധിച്ചും പ്രത്യേകിച്ച് സ്ത്രീ തൊഴിലാളികളുടെ ശരീര വ്യവഹാരങ്ങളെ നിയന്ത്രിച്ചുമാണ് പുതിയ മുതലാളിത്ത സ്ഥാപനങ്ങൾ തൊഴിലാളികളെ ചൂഷണം ചെയ്യുന്നത് എന്നാണ് ഐവാ ഒങ്ങിനെപോലെയുള്ള ഗവേഷകർ പറയുന്നത്. പല സ്ഥലങ്ങളിലുള്ള ഒരേ തൊഴിലെടുക്കുന്നവരെ സംഘടിപ്പിക്കുവാൻ പുത്തൻ പ്രതിരോധ രീതികൾ നമുക്കാവശ്യമാണ്. സ്ഥിരം തൊഴിലാളികൾ, താൽക്കാലിക തൊഴിലാളികൾ തുടങ്ങിയ വകുപ്പുകളെയും പുനഃപരിശോധിക്കേണ്ട ആവശ്യം ഇന്നുണ്ട്. തൊഴിലെടുക്കാനുള്ള അടിസ്ഥാനസൗകര്യത്തിൽ തൊഴിലുറപ്പും ഒരു പ്രധാനഘടകമാണ്.

**അലക്കുതൊഴിലാളികൾ മിക്കവരും വണ്ണാൻ ജാതിയിൽ പെട്ടവരാണ്. ഭൂമിപ്രശ്നവുമായി സർക്കാർ ഓഫീസുകളിൽ കയറി ഇറങ്ങുന്നതിനിടയിൽ ഇവരുടെ അവകാശങ്ങൾ 'പാരമ്പര്യത്തിന്റെ' പേരിൽ ചോദ്യം ചെയ്യപ്പെട്ടിട്ടുണ്ട്.**

## തൊഴിലും ജാതിയും

പി. കെ ബാലകൃഷ്ണന്റെ 'ജാതിവ്യവസ്ഥയും കേരള ചരിത്രവും' എന്ന പുസ്തകത്തിൽ പറയുന്നത് പോലെ കേരളത്തിലെ എല്ലാ വ്യവഹാരത്തിലും ഇന്നും ജാതിയുടെ കൈകടത്തൽ കാണാവുന്നതാണ്. അത്യധികം അദൃശ്യമായി മനുഷ്യ സങ്കല്പത്തെ തന്നെ ജാതി അട്ടിമറിക്കാറുണ്ട്. പൗരന്റെ അവകാശങ്ങളെ ജാതി പലപ്പോഴും വ്യത്യസ്തമായി വീതിച്ചു കൊടുക്കാറുണ്ട്. അവർണ ശരീരത്തെയും ഇടപെടലുകളെയും ഭരണകൂടമുൾപ്പെടെ സംശയത്തോട് കൂടിയാണ് നോക്കിക്കാണുന്നത്. കൂടാതെ, ഭരണവർഗത്തിലെ ആളുകൾ ജാതീയമായ മുൻവിധികളോടുകൂടി ഒദ്യോഗിക നടപടികൾ നടപ്പിലാക്കുന്നതും കാണാം. മുതലക്കുളത്തെ അലക്കുതൊഴിലാളികൾക്കുണ്ടായ അനുഭവവും മറിച്ചല്ല.

അലക്കുതൊഴിലാളികൾ മിക്കവരും വണ്ണാൻ ജാതിയിൽ പെട്ടവരാണ്. ഭൂമിപ്രശ്നവുമായി സർക്കാർ ഓഫീസുകളിൽ കയറി ഇറങ്ങുന്നതിനിടയിൽ ഇവരുടെ അവകാശങ്ങൾ 'പാരമ്പര്യത്തിന്റെ' പേരിൽ ചോദ്യം ചെയ്യപ്പെട്ടിട്ടുണ്ട്. ഇവർ മിക്കവരും തമിഴ് സംസാരിക്കുന്നത് ചൂണ്ടിക്കാട്ടി, ഇവർക്ക് ഇവിടത്തെ ഭൂമിയിൽ യാതൊരു അവകാശവുമില്ല എന്ന്

ചില ആഫീസർമാർ പറഞ്ഞൊഴിവാക്കാൻ ശ്രമിച്ചു. തലമുറകളായി ഇവിടെ കഴിയുന്ന ഒരു വിഭാഗത്തോട് ഇങ്ങനെ ചരിത്രസത്യങ്ങൾക്ക് വിപരീതമായി സംസാരിക്കാൻ ഭരണവർഗത്തിന് ധൈര്യം നൽകുന്നത് ജാതീയതക്ക് പുറമേയുള്ള ഒരു തരത്തിലുള്ള വിദേശീയവിദ്വേഷം കൂടിയാണ്. ഇത്തരത്തിലാണ് ഇന്ദിരേച്ചിയുടെ ചോദ്യം പ്രസക്തമാവുന്നത്. കാര്യങ്ങൾ ചോദിച്ചറിയുന്നതിനിടയിൽ അവർ ചോദിച്ചത് 'എത്ര കാലം ഒരു പ്രദേശത്ത് ജീവിച്ചാലാണ് നമ്മൾ ആ പ്രദേശക്കാരാവുക?' എന്നാണ്. കേരളത്തിന്റെ അതിർത്തിക്കുള്ളിൽ ഒരു ഭാഷയെ മാത്രമായി ആരും അടച്ചുവച്ചിട്ടില്ല, അതിർത്തി കടന്നു ഭാഷകൾ സഞ്ചരിക്കാതെയും ഇരിക്കുന്നില്ല. കുടിയേറി പാർക്കുക എന്ന ഒരു സാധാരണ മനുഷ്യ വ്യവഹാരം മലയോര മേഖലയിലെ കുടിയേറ്റക്കാരെ ഭൂമിയുടെ അവകാശികൾ ആക്കുകയും, മറിച്ചു മുതലക്കുളത്ത് ഉള്ളവരെ അവകാശികൾ അല്ലാതാക്കുകയും ചെയ്യുന്നതിലെ യുക്തി മനസ്സിലാകുന്നില്ല. തലമുറകളായി ഇവിടെ ജീവിച്ചു പോരുന്ന ഈ തൊഴിലാളികളോട് തമിഴ്നാട്ടിൽ പോയി കാര്യങ്ങൾ തിരക്കാൻ പറയുന്നത് ഭരണവർഗത്തിന്റെ അനീതിയുടെ ഭാഷയാണ് തുറന്നു കാട്ടുന്നത് .

വിദ്യാഭ്യാസപരമായി ഉയർന്നുവരാൻ ശ്രമിക്കുന്ന വിഭാഗമാണ് അലക്കുതൊഴിലാളികൾ. സംവരണം ഔദാര്യമല്ല, അവകാശമാണ് എന്ന് തിരിച്ചറിഞ്ഞവരാണിവർ. ജാതി സർട്ടിഫിക്കറ്റ് ലഭിക്കുവാൻ വില്ലേജ് ഓഫീസിലും മറ്റും പോകുമ്പോഴും ഇവർ നേരിടുന്നത് ജാതീയമായ പ്രശ്നങ്ങളാണ് എന്നുള്ളത് വിരോധാഭാസമാണ്. 'നിന്നെ കണ്ടാൽ അലക്കുജാതിയാണ് എന്ന് പറയില്ലല്ലോ' എന്നു തുടങ്ങി 'എഴുത്തും വായനയും അറിയാലോ? പിന്നെന്തിനാ നിങ്ങൾക്ക് ജാതി സർട്ടിഫിക്കറ്റ്' എന്നിങ്ങനെ വിവിധ ചോദ്യങ്ങളും പരിഹാസങ്ങളും ഈ തൊഴിലാളികൾ നേരിട്ടിട്ടുണ്ട്. ജാതിയുടെ ദൃശ്യമായ മാനങ്ങൾ എങ്ങിനെ ദൈനംദിന ഹിംസയെ സൃഷ്ടിക്കുന്നു എന്നതിന് തെളിവാണ് ഈ സാക്ഷ്യങ്ങൾ. അവകാശങ്ങളിൽ നിന്നും ഇവരെ തടയുന്ന ജാതീയതയുടെ പുതിയ ഭാഷ ചിലയിടങ്ങളിലെ ഭരണഭാഷയുമായി നന്നായി ഒത്തു പോകുന്നു. ഇത്തരം ഭരണഭാഷ കൃത്യമായി തൊഴിലാളികളെ അന്യവത്ക്കരിക്കുകയും ചെയ്യുന്നു. കൂടാതെ, സംവരണത്തിനു അവകാശികളായവരെ മുളയിലേ നുള്ളിയെറിയാനുള്ള ശ്രമങ്ങളുടെ ഭാഗമാണിതൊക്കെ. വണ്ണാൻമാരായ ഇവരിൽ പലരുടെയും സർട്ടിഫിക്കറ്റ് പെരുവണ്ണാൻ എന്നാണ്. പെരുവണ്ണാൻ OBC വകുപ്പും വണ്ണാൻ SC യും ആയതു കൊണ്ട് ഇവർക്ക് ലഭിക്കേണ്ട പലവക ആനുകൂല്യങ്ങളും യഥാക്രമം നിഷേധിക്കപ്പെടുകയാണ്. എഴുത്തും വായനയും അറിയാത്ത ഇവരുടെ മുൻ തലമുറക്കാരെ അറിയിക്കാതെ ഭരണവർഗത്തിലെ ചില ആളുകൾ ചെയ്തെടുത്തതാണിതൊക്കെ.




## അലക്കു തൊഴിലാളികൾ സംഘടിക്കുമ്പോൾ

ഇനി താൽകാലിക (അ)'സൗകര്യങ്ങൾ' വേണ്ട എന്ന് ഉറക്കെ പറയുകയാണ് ഈ തൊഴിലാളികൾ. അവകാശപ്പെട്ട സംവിധാനങ്ങളാണ് ഇവർ ആവശ്യപ്പെടുന്നത്. മാനുഷിക പരിഗണനപോലും ഇല്ലാതെ ഇവരെ ഇരുപത്തിരണ്ടു കൊല്ലമായി വീടില്ലാത്തവരാക്കിയതിന്റെ ഉത്തരവാദിത്വം കോർപറേഷൻ ഏറ്റെടുക്കേണ്ടതുണ്ട്. കൂടാതെ നമ്മുടെ പൊതുബോധത്തിൽ ഇത്രയും വർഷങ്ങൾക്കു ശേഷവും എന്തുകൊണ്ട് അലക്കു തൊഴിലാളികളുടെ അവസ്ഥ കടന്നു വന്നില്ല എന്നുള്ളത്, നമ്മുടെ വാർത്തകളേയും, മുൻഗണനകളേയും മാറിചിന്തിക്കാൻ പ്രേരിപ്പിക്കുന്നതാണ്. ഭക്ഷണം, താമസം, വസ്ത്രം എന്നുള്ളത് ഒരു ക്ഷേമരാഷ്ട്രത്തിന്റെ അടിസ്ഥനവാഗ്ദാനങ്ങളാണ്. അവയാണ് ഇവിടെ തൊഴിലെടു

ക്കുന്ന, നമുക്കിടയിൽ ജീവിക്കുന്ന ഒരു കൂട്ടം ആളുകൾക്ക് ഭരണകൂടം തന്നെ ഇല്ലതാക്കിയിരിക്കുന്നത്.

വികസനത്തിനു വേണ്ടി ഇറങ്ങിക്കൊടുത്തവർക്കു വേണ്ടി ഭരണകൂടം എന്താണ് ചെയ്തത്? അന്നും ഇന്നും ഇവർക്കൊപ്പം നിൽക്കാൻ ഇവിടുത്തെ രാഷ്ട്രീയ പാർട്ടികളും മുഖ്യധാരാ മാധ്യമങ്ങളും എന്തുകൊണ്ട് ഉണ്ടായില്ല എന്നുള്ളതും പ്രസക്തമായ ചോദ്യമാണ്. സംഘടിതരല്ലാത്ത തൊഴിലാളികളേയും ജാതിവ്യവസ്ഥയുടെ ദൈനംദിനക്രൂരതകൾ ഏല്ക്കുന്നവരെയും സ്റ്റേറ്റും ഭരണകൂടവും നിരന്തരം വേട്ടയാടുന്നതിന്റെ നമുക്കരികിലുള്ള ഒരു ഉദാഹരണമാണ് മുതലക്കുളത്തെ അലക്കുതൊഴിലാളികൾ. മധ്യവർഗ വികസനത്തിന്റെ ചട്ടക്കൂടിൽ ഒഴിവാക്കപ്പെടുന്നവർക്ക് ചിലത് പറയാനും ചോദിക്കാനും ഉണ്ട്.

മുതലക്കുളത്തെ അലക്കുതൊഴിലാളികൾ പലകുറി സംഘടിച്ചിട്ടുള്ളവരാണ്. അങ്ങനെയാണ് മുതലക്കുളം മൈതാനത്തെ ആ ചെറിയ കെട്ടിടം ഉണ്ടാകുന്നത്. പലപ്പോഴും സംഘടിച്ചെങ്കിലും പല കാരണങ്ങളാലും ആ ഊർജം അതുപോലെ നില നിർത്താനായില്ല. ഇന്നത്തെ സമ്പദ് വ്യവസ്ഥയിൽ തൊഴിലാളികൾ സംഘടിക്കേണ്ട ആവശ്യം എത്ര കൂടുതലാണോ അത് അത്രതന്നെ വിഷമമേറിയ കാര്യവുമാണ്. ഇപ്രാവശ്യം അസംഘടിത മേഖല തൊഴിലാളി യുണിയനിൽ ചേർന്ന് അവർക്കൊപ്പമാണ് ഈ തൊഴിലാളികൾ അവരുടെ അവകാശത്തിനായി പോരാടുന്നത്.

2016 മാർച്ച് 8 അന്തർദേശീയ വനിതാദിനത്തിൽ സ്വന്തമായി വീടു ലഭിക്കാത്ത 13 കുടുംബങ്ങളെ പിൻതാങ്ങി മുതലക്കുളത്തെ മറ്റു അലക്കു തൊഴിലാളികളും കുടുംബങ്ങളും അവർക്ക് പുറമേ പെൺകൂട്ടും ചേർന്ന് നഗരത്തിൽ ശക്തമായ ഒരു മാർച്ച് നടത്തി. മാറ്റിപ്പാർപ്പിച്ച പ്രദേശത്ത് കക്കൂസ് സൗകര്യങ്ങളുടെ അഭാവം ചൂണ്ടിക്കാട്ടാനായി, ഒരു കക്കൂസിന്റെ രൂപം വെട്ടിയുണ്ടാക്കിയാണ് അവർ പ്രതിഷേധിച്ചത്. ഈ പ്രത്യേക രൂപം ഏന്തിയുള്ള പ്രകടനം അധികൃതർക്ക് കണ്ടില്ലെന്നു വെയ്ക്കാനായില്ല. അന്ന് തന്നെ കോർപറേഷന്റെ പ്രതിനിധികൾ അവരുടെ വീടും പരിസരവും വന്നു കണ്ടു, ഉടനെതന്നെ കക്കൂസ് നിർമിക്കാനുള്ള ഉത്തരവിടുകയും ചെയ്തു. എന്നാൽ താല്ക്കാലിക സംവിധാനങ്ങളല്ല മറിച്ചു ശാശ്വതമായ ഒരു താമസ സംവിധാനമാണ് തങ്ങൾ ആവശ്യപ്പെടുന്നത് എന്ന് ഈ 13 അലക്കുതൊഴിലാളികുടുംബങ്ങൾക്കും ബോധ്യമുണ്ട്. ഈ പ്രതിഷേധങ്ങളും നിലപാട് വ്യക്തമാക്കലുകളും ഒരു തുടക്കം മാത്രമാണ്. അവകാശങ്ങൾക്ക് വേണ്ടി സ്വന്തം ഭരണകൂടത്തോടായാലും പോരാടി നേടിയെടുക്കാൻ ഇവർ ഒരുങ്ങിയിരിക്കുന്നു. ജീവിതത്തിന്റെയും അതിജീവനത്തിന്റെയും പ്രശ്നത്തിൽ മനുഷ്യർക്ക് എല്ലാ കാലവും മടിച്ചു നിൽക്കാനാവില്ല. അവരവരുടെ നിലനില്പ്പിനും അടുത്ത തലമുറയ്ക്ക് വേണ്ടിയും പൊതു ബോധത്തിൽ വളരെ ആഴത്തിലുള്ള ഇടപെടലുകൾ നമ്മളെല്ലാവരും നടത്തേണ്ടിയിരിക്കുന്നു.

തൊഴിലാളികളുടെ അവസ്ഥകൾ പഠിക്കുമ്പോൾ, അവയിൽ ഇടപെടുമ്പോൾ, നമ്മൾ നമ്മുടെ തൊഴിലാളി സ്വത്വം തിരിച്ചറിഞ്ഞു പ്രവർത്തിക്കുമ്പോൾ, അതിൽ നിന്നും ലിംഗത്തിന്റെയോ ജാതിയുടെയോ രാഷ്ട്രീയത്തെ മുറിച്ചു മാറ്റി നോക്കാൻ ആവില്ല. അതുപോലെത്തന്നെ, ലിംഗവും ജാതിയും സംസാരിക്കുമ്പോൾ വർഗത്തെക്കുറിച്ച് മറക്കുന്നത് പൊള്ളയായ രാഷ്ട്രീയമാണ്. ലിംഗത്തിനും ജാതിക്കും വർഗത്തിനുമപ്പുറം പ്രശ്നങ്ങളില്ല എന്നല്ല ഉദേശിക്കുന്നത്, മറിച്ച് ഇവ മൂന്നിന്റെയും പ്രതികൂല വശത്ത് നിൽക്കുന്ന ജനവിഭാഗങ്ങളുടെ പ്രശ്നങ്ങൾ മനസിലാക്കുവാനാണ് നാം ശ്രമിക്കേണ്ടത് . ഇവരെ ഇരകളായല്ല മറിച്ചു അതിജീവനത്തിന്റെ രാഷ്ട്രീയത്തിൽ ഊന്നി നിലകൊള്ളുന്ന മനുഷ്യരായാണ് ചരിത്രം ഓർമ്മിക്കാൻ പോകുന്നത്.

**സ്വന്തം ഭരണകൂടം അടിച്ചമർത്തുന്ന തൊഴിലാളികൾ ഏതു രാഷ്ട്രത്തെക്കുറിച്ചാണ് അഭിമാനം കൊള്ളേണ്ടത്?**

മറ്റൊന്ന്, ദേശം, ദേശഭക്തി എന്നിവയെ ചുറ്റിപറ്റിയുള്ള ചർച്ചകൾക്കിടയിൽ നമ്മൾ ആരുടെ ദേശത്തിനെക്കുറിച്ചാണ് സംസാരിക്കുന്നത് എന്ന് തുടർച്ചയായി ചോദ്യം ചെയ്യേണ്ടിയിരിക്കുന്നു. തൊഴിലാളികൾ, എല്ലാ ദേശരാഷ്ട്രഭാഷഅതിർത്തികൾക്കുമപ്പുറം കൈകോർത്തു പ്രവർത്തിക്കുന്നതിലൂടെയേ സോഷ്യലിസം സാധ്യമാകുകയുള്ളു എന്നാണ് ലെനിൻ പറഞ്ഞിട്ടുള്ളത്. സ്വന്തം ഭരണകൂടം അടിച്ചമർത്തുന്ന തൊഴിലാളികൾ ഏതു രാഷ്ട്രത്തെക്കുറിച്ചാണ് അഭിമാനം കൊള്ളേണ്ടത്? സംഘടിക്കുന്ന തൊഴിലാളികളെ വിലമതിക്കാത്ത പൊതുബോധവും ഭരണകൂട ഉപകരണങ്ങളും അത്യന്തം ജനാധിപത്യവിരുദ്ധവും, മാനവീയ രാഷ്ട്രീയത്തിന്റെ പരാജയവുമാണ്. എന്നാൽ സ്ത്രീപക്ഷ നിലപാടുകളോടുകൂടി തൊഴിലാളികൾക്കിടയിൽ പ്രവർത്തിക്കുന്ന അസംഘടിത മേഖല തൊഴിലാളി യുണിയൻ പോലുള്ള കൂട്ടായ്മകൾ പ്രതീക്ഷ നൽകുന്നുണ്ട്. ●



# ഞങ്ങളുടെ അമ്മയമ്മൂമ്മമാർ കശുവണ്ടിത്തൊഴിലാളികൾ



ധന്യ എം. ഡി.

വ്യത്യസ്തങ്ങളായ ചെടികളും മരങ്ങളും നിറഞ്ഞ ഈ ലോകത്ത് എപ്പോൾ കണ്ടാലും കൈകൂപ്പി തൊഴുത് ആദരിക്കണം എന്ന് ഞാൻ കരുതുന്ന ഒരേയൊരു മരമേയുള്ളു പോർച്ചുഗീസുകാർ സുഗന്ധവ്യഞ്ജനങ്ങളന്വേഷിച്ച് കിഴക്കോട്ട് പോന്നപ്പോൾ കൂടെകൂടിയ പറങ്കിമാവാണ് അത്. ചീങ്കണ്ണിയെ ഓർമ്മിപ്പിക്കുന്ന പരുക്കൻ തൊലിയും അതിൻമേൽ പലതരം പൂപ്പലുകൾ വൃത്താകൃതിയിൽ പടർത്തിയിരിക്കുന്ന നിറങ്ങളും ചവർപ്പ് മണവും രുചിയുമുള്ള ഉരുളൻ ഇലകളും സീസണായാൽ പച്ച, മഞ്ഞ, ചുവപ്പ് നിറങ്ങളിൽ തൂങ്ങിയാടുന്ന സുന്ദരൻ പഴങ്ങളും (അതിന്റെ രുചിയും മണവും അത്രക്കിഷ്ടമല്ലെങ്കിലും) പിന്നെ കനത്ത തോടോടുകൂടിയ കശുവണ്ടിയും കാണുമ്പോൾ സ്നേഹബഹുമാനങ്ങളാൽ നിറഞ്ഞു

പോവാറുണ്ട് ഞാൻ. എന്തുകൊണ്ടെന്നാൽ കൊല്ലം ജില്ലയിലെ ദരിദ്ര രെയും ദളിതനെയും ദാരിദ്ര്യത്തിന്റെ ഉപ്പുവെള്ളത്തിൽ മുങ്ങിച്ചാവാതെ രക്ഷിച്ചത് ആ മരമായിരുന്നു.

അനിശ്ചിതത്വത്തിലും ഗതികേടിലും പുതഞ്ഞ കർഷകതൊഴി ലാളി എന്ന അടിമജീവിതത്തിൽ നിന്ന് സ്വതന്ത്രവും സുനിശ്ചിതവുമായ ഫാക്ടറിതൊഴിലാളി എന്ന അഭിമാനജീവിതത്തിലേക്കുള്ള കുതിച്ചുചാട്ട മായിരുന്നു 1930-കളിൽ കൊല്ലത്ത് കശുവണ്ടി ഫാക്ടറി തുടങ്ങിയതോടെ സംഭവിച്ചത്. താരതമ്യേന ദരിദ്രരായ ഈഴവാദി പിന്നാക്ക വിഭാഗങ്ങളും ദളിതരുമായിരുന്നു ഈ മാറ്റത്തിൽ പങ്കെടുത്തവരേറെയും. ഒരിടത്തിരുന്നു തന്നെ തുടർച്ചയായി ചെയ്യേണ്ട ജോലി എന്ന നിലക്ക് അടക്കവും, ഒതു ക്കവും ആവശ്യപ്പെടുന്നത് കൊണ്ടാവാം കശുവണ്ടിഫാക്ടറിത്തൊഴിലാളി എന്നത് പെണ്ണുങ്ങളെ മാത്രം ഓർമ്മിപ്പിക്കുന്ന ഒരു സംജ്ഞയായി മാറിയത്, തെറ്റിയും തെറിച്ചും ചില ആണുങ്ങൾ ഉണ്ടായിരുന്നെങ്കിലും. അധികാരസ്ഥാനങ്ങൾ പക്ഷേ പുരുഷൻമാരുടേത് മാത്രമായിരുന്നു എല്ലാ യ്പ്പോഴുമെന്നപോലെ.

കാറ്റും മണ്ണൊലിപ്പും തടയാൻ വേണ്ടിയായിരുന്നു ആദ്യകാലത്ത് പറ ങ്കിമാവുകൾ വ്യാപകമായി നട്ടിരുന്നത്. 1920-ൽ മംഗലാപുരത്താണ് ആദ്യ മായി വ്യാവസായികാടിസ്ഥാനത്തിൽ കശുവണ്ടി സംസ്കരണം നടക്കു ന്നത്. ശ്രീലങ്കയിൽ നിന്നെത്തിച്ചേർന്ന റോസ്‌വിക്ടോറിയ എന്നയാളാണ് ഏതാണ്ടിതേ സമയത്ത് തന്നെ കൊല്ലത്ത് കശുവണ്ടി ഫാക്ടറി തുടങ്ങു ന്നത്. 1930 കളോടെ കശുവണ്ടി ഫാക്ടറികൾ ഇവിടെ വ്യാപകമാവുകയും ഇതിലൂടെ തന്നെ കശുവണ്ടി വ്യവസായത്തിന്റെ തലസ്ഥാനമായി കൊല്ലം മാറുകയും ചെയ്തു. കൈലിമുണ്ടും ബ്ലൗസും തോർത്തുമിട്ട് വലതുക യ്യിൽ ചോറ്റുപാത്രവുമായി പാടവരമ്പിലൂടേയും റോഡിലൂടേയും പെണ്ണു ങ്ങൾ വരിയും നിരയുമായി തന്റേടവും അഭിമാനവും മുഴച്ചുനിന്ന സ്വര ങ്ങൾ കൊണ്ട് ഉറക്കെയുറക്കെ വർത്തമാനം പറഞ്ഞു നടന്നത് ചരിത്രത്തി ലേക്കായിരുന്നു. ട്രേഡ് യൂണിയനുകളുടെ വരവോടെ ഏറ്റവും കൂടുതൽ സ്ത്രീപങ്കാളിത്തമുള്ള ട്രേഡ് യൂണിയനുകൾ ഉണ്ടായത് കശുവണ്ടിമേഖ ലയിൽ നിന്നായിരുന്നു. സർക്കാർ നേരിട്ട് നടത്തുന്ന കശുവണ്ടിഫാക്ടറി കൾ കശുവണ്ടിയാപ്പീസുകൾ എന്നാണറിയപ്പെട്ടത്. 1984ൽ കശുവണ്ടി തൊഴിലാളി ക്ഷേമനിധിബോർഡ് പ്രവർത്തനമാരംഭിച്ചതോടെ പെൻഷനും, പിഎഫും ഡി.എ.യുമൊക്കെച്ചേർന്ന് അവരുടെ ജീവിതം കൂടുതൽ പ്രകാശമാനമായി.

കുട്ടികളെ പഠിപ്പിക്കാനും വീട്ടുകാര്യങ്ങൾ നോക്കി നടത്തി അന്ത സ്സിൽ ജീവിക്കാനും മുതിർന്ന സ്ത്രീകൾക്ക് സാമ്പത്തികമായ പ്രാപ്തി നൽകി. അതവരുടെ ജീവിതങ്ങളെ വിലയുള്ളതാക്കി. പെൺകുട്ടി കൾക്കാവട്ടെ ഇഷ്ടപ്പെട്ട ആഭരണങ്ങൾ വാങ്ങാനും സ്ത്രീധനം സ്വയം കണ്ടെത്താനും പ്രാപ്തിയുള്ളവരാക്കി. ഇവിടത്തെ ദളിത് കുടുംബങ്ങളി ലാകട്ടെ കുട്ടികൾ മെച്ചപ്പെട്ട വിദ്യാഭ്യാസമുള്ളവരായി മാറി. അവർ സർക്കാർ ഉദ്യോഗങ്ങളിൽ പ്രവേശിച്ചു. കശുവണ്ടി തല്ലി കറപറ്റിയ പെരുത്ത കൈത്തലങ്ങളും കശുവണ്ടി പുക മണക്കുന്ന ദേഹങ്ങളുമുള്ള അമ്മയമ്മൂമ്മമാർ കശുവണ്ടിപ്പുക ശ്വസിച്ച്, പരിമിത സൗകര്യങ്ങളിൽ ചുരുണ്ടുകൂടിയിരുന്ന് തല്ലിയെടുത്ത ക്രീം നിറപരിപ്പുകൾ യഥാർത്ഥത്തിൽ ഞങ്ങളുടെ ജീവിതങ്ങളായിരുന്നു. എന്റെ മുൻ തലമുറയിൽ എം.എ.ബി. എ, ഡിഗ്രികളും സർക്കാർ ജോലികളും തട്ടിയും മുട്ടിയുമാണെങ്കിലും മിഡിൽ ക്ലാസ്സ് എന്ന പേരിലേക്ക് ചേർക്കപ്പെടുന്ന ഞങ്ങളുടെ സൗഭാഗ്യ ങ്ങൾ നേടിത്തന്ന അവരുടെ ചതഞ്ഞ വിരൽതുമ്പുകൾക്കും കശുവണ്ടി കറ പറ്റിപ്പടർന്ന കൈത്തലങ്ങൾക്കും നൂറ് നൂറുമ്മകൾ. ●

# ഇരിക്കാത്ത മാനിക്വിനുകൾ





അഡ്വ.അണിമ മുയ്യാരത്ത്

നമ്മുടെ തുണിക്കടകളിൽ വൈവിധ്യമാർന്ന വസ്ത്രങ്ങളണിഞ്ഞു നില്ക്കുന്ന ബൊമ്മകളെയാണ് മാനിക്വിനുകൾ എന്ന് പറയുന്നത്.ചില്ലു കൂട്ടിനകത്തിരുന്ന് ഇത്തരം വടിവൊത്ത മാനിക്വിനുകൾ നമ്മളെ കടകളിലേക്ക് വലിച്ചടുപ്പിക്കാറുണ്ട്. ഈ വലിച്ചടുപ്പിക്കൽ തന്നെയാണ് കടകളിൽ മാനിക്വിനുകൾ സ്ഥാപിക്കുന്നതിന്റെ ഉദ്ദേശവും. വൻകിട കുത്തകകളും ഇടത്തരം കച്ചവടക്കാരും ഒരു പോലെ  പ്രയോഗിക്കുന്ന ഒരു വാണിജ്യ തന്ത്രമാണിത്. ആകർഷകമായ ടെക്സ്റ്റൈൽ ഷോപ്പുകളിൽ ചുളിവേതുമില്ലാത്ത സാരിയിൽ ശരീരം ഒതുക്കി നിർത്തി, ചിരി ഒട്ടും ചോരാതെ നമുക്ക് മുൻപിൽ എത്ര നേരം വേണമെങ്കിലും തുണിത്തരങ്ങൾ വാരി വിതറുന്ന സെയിൽസ് വുമൺ തസ്തികയിൽ ജോലി ചെയ്യുന്ന സ്ത്രീ തൊഴിലാളികളെ മനുഷ്യ മാനിക്വിനുകളെന്നോ ചലിക്കുന്ന മാനിക്വിനുകളെന്നോ

വിളിക്കുന്നതിൽ തെറ്റില്ല. ഉപഭോക്താകളെ വസ്ത്രങ്ങൾ തിരഞ്ഞെടുക്കാൻ സഹായിക്കുക എന്ന ജോലിയിലുപരിയായി ടെക്സ്റ്റൈൽ ഷോറൂം ആകർഷകമായി നിലനിർത്തുക എന്ന ദൗത്യം കൂടി ഇവർക്കുണ്ട്.

ജില്ലാ ലേബർ വകുപ്പിന്റെ കണക്കുകൾ പ്രകാരം കോഴിക്കോട് നഗരത്തിൽ മാത്രമായി രണ്ടായിരത്തിലേറെ സ്ത്രീ തൊഴിലാളികളാണ് വസ്ത്ര വ്യാപാര രംഗത്തു ജോലി നോക്കുന്നത്. ഇത് കണക്കിൽപ്പെട്ട തൊഴിലാളികളുടെ എണ്ണമാണ്. രജിസ്റ്റർ ചെയ്യപ്പെട്ടവയായി 501 തുണിക്കടകളാണ് കോഴിക്കോട് നഗരത്തിലുള്ളത്. ഇവയിൽ തൊഴിലാളികളായി അംഗീകരിക്കപ്പെടാതെ ദിവസക്കൂലി നിരക്കിലും കോൺട്രാക്റ്റ് അടിസ്ഥാനത്തിലും തൊഴിലെടുക്കുന്ന സ്ത്രീകളുടെ എണ്ണമൊന്നും ലേബർ വകുപ്പിന്റെ രേഖകളിൽ ഇല്ലാത്തവയാണ്. രജിസ്ട്രേഷൻ പോലുമില്ലാതെ പ്രവർത്തിക്കുന്ന കടകളുമുണ്ട്. എന്നാൽ രജിസ്ട്രേഷൻ ഇല്ലാതെയും തൊഴിൽ നിയമങ്ങൾ പാലിക്കാതെയും പ്രവർത്തിക്കുന്ന നഷ്ടപ്പെട്ടു പോകുമോ എന്ന ഭയം കൊണ്ടാണ്.

## മൂല്യമില്ലാത്ത അദ്ധ്വാനം

സെയിൽസ് ഗേളുകളടങ്ങുന്ന അസംഘടിത മേഖല തൊഴിലാളികളോടു സംസ്ഥാനസർക്കാർ കാണിക്കുന്ന അവഗണന സ്ഥാപനമുതലാളിമാരുടെ നിലപാടിനേക്കാൾ ഖേദകരമാണ്. മിനിമം വേതനനിയമം (1948) അനുസരിച്ച് തൊഴിലാളികളുടെ കുറഞ്ഞ വേതനം കാലാകാലങ്ങളിൽ (അഞ്ചു വർഷത്തിലൊരിക്കലെങ്കിലും) പുതുക്കി നിശ്ചയിക്കാനുള്ള ബാദ്ധ്യത സർക്കാറിനുണ്ട്. 2009 ജൂലൈ മാസത്തിലാണ് തൊഴിലാളികളുടെ കുറഞ്ഞ വേതനനിരക്ക് അവസാനമായി പുതുക്കി നിശ്ചയിച്ചത് എന്ന് പറയുമ്പോൾ 2014 ജൂലൈ മാസത്തിലെങ്കിലും ഇത് പുതുക്കി നിശ്ചയിക്കേണ്ടിയിരുന്നതാണ്, എന്നാൽ 2016 ആയിട്ടും പുതിയ വേതനനിരക്ക് നിലവിൽ വന്നിട്ടില്ല. ഇത് സർക്കാരിന്റെ ഭാഗത്തു നിന്നുള്ള തികഞ്ഞ അനാസ്ഥയാണ് ചൂണ്ടിക്കാണിക്കുന്നത്. 2009 ലെ സർക്കാർ വിജ്ഞാപനപ്രകാരം സെയിൽസ് ഗേൾ തസ്തികയിൽ ജോലി ചെയ്യുന്ന



കടകൾക്കെതിരെ നടപടി കൈക്കൊള്ളാൻ ലേബർ വകുപ്പ് തയ്യാറാവുന്നില്ല. തൊഴിൽ സുരക്ഷയോ തൊഴിൽ നിയമങ്ങളനുശാസിക്കുന്ന സാമൂഹ്യ സുരക്ഷയോ കൂടാതെ തുച്ഛമായ ശമ്പളത്തിന് തൊഴിലിടങ്ങളിൽ യന്ത്രങ്ങളെ പോലെയാണ് ഈ സ്ത്രീ തൊഴിലാളികൾ ജോലി ചെയ്യുന്നത്. കുടുംബത്തിന്റെ മുഴുവൻ ഭാരവും സ്വന്തം ചുമലിൽ വഹിക്കുന്നവരുടെ എണ്ണവും കുറവല്ല. വിധവകളായവരും വിവാഹമോചനം നേടിയവരുമായ നിരവധി സ്ത്രീകൾ ഇവരിലുൾപ്പെടുന്നു. ഇവർ പ്രതികരിക്കാത്തത് ആകെയുള്ള വരുമാനമാർഗമായ ഈ തൊഴിൽ

തൊഴിലാളികളുടെ എറ്റവും കുറഞ്ഞ വേതനം 7415 രൂപയാണ് . ഈ തുക പോലും ശമ്പളമായി ലഭിക്കാതെയാണ് ഭൂരിഭാഗം സ്ത്രീ തൊഴിലാളികളും ദിവസത്തിൽ പന്ത്രണ്ടു മണിക്കൂറോളം തൊഴിൽ ചെയ്യുന്നത്. 8 മണിക്കൂറിലേറെ ജോലി ചെയ്യുന്നതിന് അധിക വേതനത്തിനുള്ള അവകാശം തൊഴിലാളികൾക്കുണ്ടെന്നിരിക്കെയാണ് മിനിമം വേതനം പോലും ലഭിക്കാതെ തൊഴിലാളികൾ അധികസമയം ജോലി ചെയ്യുന്നത്. ഇത്ര തുച്ഛമായ കൂലിക്ക് തൊഴിലെടുക്കാൻ പുരുഷ തൊഴിലാളികളെ കിട്ടുകയില്ല.

## കസ്റ്റമേഴ്സ് ഒൺലി ടോയിലെറ്റ്

നിത്യേനയുള്ള അമിത അദ്ധ്വാനത്തിനിടയിൽ തുണിക്കടകളിലെ സ്ത്രീ തൊഴിലാളികൾ നേരിടുന്ന മനുഷ്യാവകാശ ലംഘനങ്ങൾ നിരവധിയാണ്. ഇവരെ സംബന്ധിച്ചിടത്തോളം ഒന്ന് മൂത്രമൊഴിക്കണമെങ്കിൽ മാനേജരുടെ അനുവാദം വാങ്ങിക്കണം. 'പഞ്ചിംഗ്' വ്യവസ്ഥയും നിലവിലുണ്ട്, മൂത്രമൊഴിക്കാൻ പോകുന്ന സമയവും തിരിച്ചു വരുന്ന സമയവും രേഖപ്പെടുത്തപ്പെടും. കോഴിക്കോട് മിഠായി തെരുവിലും മറ്റുമുള്ള പല തുണിക്കടകളിലും ടോയിലെറ്റ് സംവിധാനമേയില്ല, പ്രാഥമിക കാര്യങ്ങൾ നിർവഹിക്കാൻ ഹോട്ടലുകളെ ആശ്രയിക്കേണ്ട ഗതികേടിലാണ് സ്ത്രീതൊഴിലാളികൾ. നൂറിലേറെ തൊഴിലാളികൾ ജോലി ചെയ്യുന്ന മിഠായി തെരുവിലെ 'സിൽക്കി'യിൽ ടോയിലെറ്റ് സംവിധാനം സജ്ജീകരിച്ചിട്ടുണ്ടെങ്കിലും ഇത് തൊഴിലാളികൾക്ക് വേണ്ടി തുറന്നു കൊടുക്കാറില്ല. സ്ത്രീതൊഴിലാളികളെ സംബന്ധിച്ചടുത്തോളം അതാരൊത്യാവശ്യമാണ് എന്നിട്ടു പോലും.

## ഇരിക്കരുത്

കേരള ഷോപ്പ്സ് ആൻഡ് കൊമേർഷ്യൽ എസ്റ്റാബ്ലിഷ്മെൻസ് നിയമം 1960 പ്രകാരം കച്ചവട




സ്ഥാപനങ്ങളെ ചെറിയ സ്ഥാപനങ്ങളെന്നും ഇടത്തരം സ്ഥാപനങ്ങളെന്നും വലിയ വസ്ത്രവ്യാപാര സ്ഥാപനങ്ങളെന്നും മൂന്നായി തിരിച്ചിരിക്കുന്നു. ഇതിൽ വലിയ വസ്ത്ര വ്യാപാര സ്ഥാപനങ്ങളിലെ സ്ത്രീ തൊഴിലാളികളാണ് ഏറ്റവും കൂടുതൽ അവകാശലംഘനങ്ങൾ അനുഭവിക്കുന്നത്. ഇവിടങ്ങളിൽ സെയിൽസ് ഗേളുകൾ ഇരിക്കാറേ ഇല്ല. തൊഴിലിടത്തിൽ സ്റ്റൂളും കസേരയുമൊന്നും ഇല്ലെന്നു മാത്രമല്ല കസ്റ്റമറില്ലാത്തപ്പോൾ പോലും ഇരിക്കുകയോ വിശ്രമിക്കുകയോ ചെയ്യരുതെന്ന് പ്രത്യേക നിർദ്ദേശവുമുണ്ട്. പല വലിയ കടകളിലും പന്ത്രണ്ടു മണിക്കൂർ ജോലിക്കിടയിൽ ഉച്ചഭക്ഷണത്തിനുള്ള (അര മണിക്കൂറിന്റെ) ഒരു ചെറിയ ഇടവേളയാണ് ഉണ്ടായിരിക്കുക. ഈ സമയം ഒന്നിനും തികയുകയില്ല. പകലന്തിയോളംഅദ്ധ്വാനിച്ചു വീട്ടിലെത്തിയാൽ വിശ്രമിക്കാമെന്നു വച്ചാൽ അതും നടക്കില്ല, കാരണം സ്ത്രീ തൊഴിലാളികൾ വീട്ടിലും തൊഴിലാളികളാണ്.സ്ത്രീകളായതു കൊണ്ട് തന്നെ അവർ തൊഴിലിടത്തിലും കുടുംബത്തിലും അമിത ചൂഷണത്തിന് വിധേയരാകുന്നു. കോഴിക്കോട്ടെ ഒരു വലിയ വിശാലമായ തുണിക്കടയിൽ സെയിൽസ് ഗേൾ തസ്തികയിൽ ജോലി ചെയ്യുന്ന ഒരു സ്ത്രീ തൊഴിലാളി ചോദിച്ചത് "വീട്ടിലെത്തിയാൽ ഞങ്ങൾക്ക് ഇരുന്നു കൊണ്ട് അടിച്ചു വാരാനും, പാത്രം കഴുകാനും, തുണി അലക്കാനുമൊക്കെ പറ്റുമോ?" എന്നാണ്. കോഴിക്കോട്ടെ ഒരു പ്രമുഖ ടെക്സ്റ്റൈൽ ഷോപ്പിൽ തൊഴിലാളികൾക്ക് വേണ്ടിയുള്ള വാഷ്റൂമിൽ 'മാനേജരുടെ അനുവാദം കൂടാതെ ഇവിടെ ഇരിക്കരുത്" എന്നെഴുതിയിരിക്കുന്നു.

മുഴുവൻ സമയവും ക്യാമറയുടെ നിരീക്ഷണത്തിലായതിനാൽ ആരുമറിയാതെ നിലത്തിരുന്നുകളയാം എന്ന പ്രതീക്ഷയും വേണ്ട. 'ഇരിക്കരുത്' എന്ന് ഇത്ര കർശനമായി വാഷ് റൂമിൽ എഴുതിവെക്കണമെങ്കിൽ നേരത്തേ പലരും ഗത്യന്തരമില്ലാതെ വാഷ് റൂമിൽ പോയി ഇരിക്കാറുണ്ടായിരുന്നു എന്നു വേണം മനസ്സിലാക്കാൻ. ഇവരിൽ ഭൂരിഭാഗം തൊഴിലാളികളും ചെറുപ്രായത്തിൽ തന്നെ വെരികോസ് വെയിൻസ്, മൂത്രാശയ സംബന്ധമായ രോഗങ്ങൾ, ഗർഭാശയ സംബന്ധമായ രോഗങ്ങൾ എന്നിവ അനുഭവിക്കുന്നവരാണ്. അധിക സമയം തുടർച്ചയായി നിൽക്കുന്നത് മൂലം സ്ത്രീകളിൽ ഗർഭാശയത്തിനു സ്ഥാനഭ്രംശം സംഭവിക്കാമെന്നു പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്.

നമ്മുടെ രാജ്യത്ത് തൊഴിലാളികളുടെ

ഇരിക്കുവാനുള്ള അവകാശത്തെ പറ്റി തൊഴിൽ നിയമങ്ങളിലെവിടെയും തന്നെ കൃത്യമായി പരാമർശിച്ചിട്ടില്ല. ശക്തമായ തൊഴിൽ നിയമങ്ങളുള്ള പല രാജ്യങ്ങളിലും തൊഴിൽ നിയമ സംഹിതകളിൽ തൊഴിലാളികളുടെ അനുപാതത്തിനനുസരിച്ചു അവർക്ക് ഇരിക്കാനുള്ള ഇരിപ്പിടങ്ങൾ തൊഴിൽസ്ഥാപനത്തിൽ ഉണ്ടായിരിക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്.

കാലിഫോർണിയയിൽ കിൽബി എന്നു പേരുള്ള ഒരു സ്ത്രീതൊഴിലാളി അവർ കാഷിയറായി ജോലി ചെയ്തിരുന്ന സി.വി.എസ് ഫാർമസിക്കെതിരെ കേസ് കൊടുത്തിരുന്നു. തൊഴിലിടത്തിൽ തനിക്കു ഇരുന്നു കൊണ്ട് തൊഴിൽ ചെയ്യാൻ കസേര തരാത്തതിനാൽ നഷ്ടപരിഹാരത്തുക വേണമെന്നായിരുന്നു കിൽബിയുടെ ആവശ്യം. കിൽബി സി.വി.എസ് ഫാർമസി എന്ന ഈ കേസിൽ കാലിഫോർണിയ ലേബർ കോർട്ടിൽ തൊഴിലാളികളുടെ ഇരിക്കുവാനുള്ള അവകാശത്തെക്കുറിച്ച് പ്രതിപാദിക്കുന്ന വകുപ്പുകൾ കോടതി ചർച്ച ചെയ്യുന്നുണ്ട്. അവരുടെ തൊഴിൽ നിയമ സംഹിത പ്രകാരം, തൊഴിൽ ഇരുന്നുകൊണ്ട് ചെയ്യാവുന്നതാണെങ്കിൽ മുഴുവൻ സമയം ഇരിപ്പിടം നല്കാനുള്ള ബാദ്ധ്യത കട യുടമകൾക്കുണ്ട്. നിന്ന് കൊണ്ട് മാത്രം ചെയ്യാവുന്ന തൊഴിലാണെങ്കിൽ ഇടവേളകളിലും തൊഴിൽ ചെയ്തുകൊണ്ടിരിക്കാത്തപ്പോളും ഇരിക്കുവാൻ ജോലി ചെയ്യുന്നതിന് വളരെ അടുത്തായി തന്നെ ഇരിപ്പിടങ്ങൾ ഏർപ്പെടുത്തിയിരിക്കണം.

## ഭരണവും സംരക്ഷണവും പുരുഷാധിപത്യവും

വസ്ത്ര വ്യാപാര രംഗത്ത് സെയിൽസ് വുമൺ/മാൻ തസ്തികയിൽ സ്ത്രീകൾക്കാണ് മുൻഗണന. തുച്ഛമായ വേതനത്തിന് സ്ത്രീകൾക്ക് മുൻഗണനകൊടുത്തു കൊണ്ട് ഈ ജോലിയെ സ്ത്രീകളുടെ ജോലിയാക്കി മാറ്റുന്നതു തന്നെ സ്ത്രീ വിരുദ്ധപരമായ ഒരു ലിംഗവിവേചനമാണ്. എന്നാൽ ഇതേ കടകളിൽ മാനേജീരിയൽ തസ്തികകളിൽ കൂടുതലും പുരുഷന്മാരാണ് എന്നത് തികച്ചും യാദൃശ്ചികമാവാൻ ഇടയില്ല. ഉദാഹരണത്തിന് വലിയ ടെക്സ്റ്റൈൽ ഷോപ്പുകളിൽ തൊഴിലിടത്തിൽ സെയിൽസ് ഗേൾസിനെ നിയന്ത്രിക്കാനും നിരീക്ഷിക്കാനും ക്യാമറകൾക്ക് പുറമേ പുരുഷൻമാരായ ഫ്ളോർ മാനേജർമാരും സൂപ്പർവൈസർമാരുമുണ്ട്.

സ്ത്രീ തൊഴിലാളികൾക്ക് സെയിൽസ് വുമൺ തസ്തികയിൽ നിന്ന് സൂപ്പർവൈസർ തസ്തികയിലേക്ക് സാധാരണ സ്ഥാനക്കയറ്റം കൊടുക്കാറില്ല. എങ്ങാനും സ്ഥാനക്കയറ്റം കൊടുത്താലും ഇവരുടെ അദ്ധ്വാനശേഷി കുറയുമ്പോൾ ഇവരെ സെയിൽസ് വുമൺ തസ്തികയിലേക്ക് തരം താഴ്ത്തുന്ന പതിവുമുണ്ട്. ഈ തരംതാഴ്ത്തൽ തൊഴിലാളികളെ മാനസികമായി തളർത്തുകയും അവർ രാജിവെച്ചു പോവുകയും ചെയ്യും. ഇങ്ങനെയാണ് പിരിച്ചുവിടുമ്പോൾ കൊടുക്കേണ്ടുന്ന ആനുകൂല്യങ്ങളിൽ നിന്ന് മാനേജ്മെന്റുകൾ തലയൂരുന്നത്. വീട്ടിലെന്ന പോലെ തൊഴിലിടത്തിലും സ്ത്രീകളെ അടക്കി നിർത്താനും ഭരിക്കാനുമുള്ള അധികാരം പുരുഷന്മാർക്ക് നൽകുന്നത് മറ്റൊരു തന്ത്രത്തിന്റെ ഭാഗമാണ്. അവകാശ ബോധവും പ്രതികരണശേഷിയുമുള്ള പുരുഷതൊഴിലാളികൾക്ക് മാനേജർ പദവി കൊടുത്താൽ അവർ മാനേജ്മെന്റിനെതിരെ സംഘടിക്കാനുള്ള സാധ്യതയില്ല. സ്ത്രീ തൊഴിലാളികൾ പൊതുവെ അസംഘടിതരായതിനാൽ അവർക്കും പുരുഷതൊഴിലാളികൾക്കുമിടയിൽ ഒരു വൈരം വളർത്തുന്നത് മാനേജ്മെന്റിന് ഗുണമുള്ള കാര്യമാണ്. അവരെ സംഘടിപ്പിക്കുന്നതിനാവട്ടെ നമ്മുടെ മുഖ്യധാരാ ട്രേഡ് യൂണിയനുകൾ യാതൊരു പങ്കും വഹിക്കുന്നില്ല.

**വലിയ ടെക്സ്റ്റൈൽ ഷോപ്പുകളിൽ തൊഴിലിടത്തിൽ സെയിൽസ് ഗേൾസിനെ നിയന്ത്രിക്കാനും നിരീക്ഷിക്കാനും ക്യാമറകൾക്ക് പുറമേ പുരുഷൻമാരായ ഫ്ളോർ മാനേജർമാരും സൂപ്പർവൈസർമാരുമുണ്ട്.**

വലിയ തുണിക്കടകളിൽ സാരിയാണ് സെയിൽസ് ഗേളുകളുടെ യൂണിഫോം. അത് വെറുതെ ഉടുത്താൽ പോര ചുളിവുകളില്ലാതെ പരസ്യങ്ങളിൽ മോഡലുകൾ ഉടുക്കുന്നത് പോലെ ഭംഗിയായി ഉടുത്തിരിക്കണം, രാവിലത്തെ ഓട്ടപ്പാച്ചിലിനിടയിൽ ഭക്ഷണം കഴിച്ചില്ലെങ്കിലും കുഴപ്പമില്ല. തൊഴിലെടുക്കുന്നവർക്ക് ഒട്ടും ആശാസ്യമായ വസ്ത്രമല്ല സാരി. ധരിച്ചിരിക്കുന്ന ആളുടെ ചലനസ്വാതന്ത്ര്യത്തെ ഇത്രമേൽ

പരിമിതപ്പെടുത്തുന്ന മറ്റൊരു വസ്ത്രമുണ്ടാവില്ല. സാരി യൂണിഫോമാക്കുന്നതിന്റെ പുറകിലുള്ള യുക്തി വ്യക്തമാണ്. മനോഹരമായി സാരി ധരിച്ചിരിക്കുന്ന സ്ത്രീ തൊഴിലാളികൾ സ്ഥാപനത്തിനൊരലങ്കാരമാണ്. ഈ യൂണിഫോമിന്റെ വില അവരുടെ വേതനത്തിൽ നിന്നും കുറയ്ക്കുകയും ചെയ്യും എന്നതാണ് വൈരുദ്ധ്യം.

കൂടുതൽ കച്ചവടം നടത്തുന്ന തൊഴിലാളികൾക്ക് പ്രോത്സാഹനമായി ഇൻസെന്റീവ് തുക നല്കുന്ന പതിവ് മിക്ക കടകളിലുമുണ്ട്. ഇത് കച്ചവടത്തിൽ ലാഭമുണ്ടാക്കാൻ വേണ്ടി മാത്രമല്ല, തൊഴിലാളികൾക്കിടയിൽ മത്സരവും ഭിന്നിപ്പും വളർത്തുന്നതിനു കൂടി വേണ്ടിയാണ്. പല കടകളിലും തൊഴിലാളികൾ പരസ്പരം സംസാരിച്ചാൽ പിഴ ഈടാക്കും. തൊഴിലാളികൾക്കിടയിൽത്തന്നെ മാനേജ്മെന്റിന് ചാരന്മാരുമുണ്ടായിരിക്കും. എങ്ങാനും തൊഴിലാളികൾ പരസ്പരം ഐക്യപ്പെടുകയോ സംഘടിക്കുകയോ ചെയ്യുന്നുണ്ടെങ്കിൽ അത് മാനേജ്മെന്റിനെ അറിയിക്കാൻ ഇവർ സദാ ജാഗരൂകരായിരിക്കും. ഇത്തരം ചാരന്മാരെ വല്ല വിധേനയും കട ഉടമകൾ സൃഷ്ടിച്ചെടുക്കും.

## പ്രതിരോധങ്ങൾ, കൂട്ടായ്മകൾ

ഒരു ജനവിഭാഗത്തെയും എല്ലാ കാലവും അടിച്ചമർത്തുക സാദ്ധ്യമല്ല. ഏതു ജനതയും എത്ര മാത്രം അടിച്ചമർത്തപ്പെടുന്നുവോ അത്രമാത്രം ശക്തിയോടെ തിരിച്ചടിക്കുന്ന കാഴ്ച്ചയാണ് നാളിതുവരെ ലോകം കണ്ടിട്ടുള്ളത്. അതിന് തെളിവാണ് കോഴിക്കോട് മിഠായി തെരുവിലെ സ്ത്രീ തൊഴിലാളികളാരംഭിച്ച 'പെൺകൂട്ട്' എന്ന സ്ത്രീ കൂട്ടായ്മ . മുഖ്യധാര ട്രേഡ് യൂണിയനുകളുടെ നിരന്തരമായ അവഗണനയും ലാഭക്കൊതിയന്മാരായ കച്ചവട മുതലാളിമാരുടെ ചൂഷണവും വീട്ടിലും തൊഴിലിടത്തിലുമായുള്ള ഇരട്ട അദ്ധ്വാനവുമെല്ലാം ഈ സ്ത്രീ തൊഴിലാളികളെ പെൺകൂട്ടിന്റെ രൂപീകരണത്തിലേക്ക് നയിച്ചു. ഇവരിൽ പലരും നേരത്തേ പല രാഷ്ട്രീയ പാർട്ടികളുടെയും, ട്രേഡ് യൂണിയനുകളുടെയും ഭാഗമായിരുന്നു. എന്നാൽ തങ്ങളുടെ പ്രശ്നങ്ങൾ കേൾക്കാനോ പരിഹരിക്കാനോ ഒരു പുരുഷാധിപത്യ രാഷ്ട്രീയപാർട്ടിയും തയ്യാറാവുന്നില്ലെന്ന തിരിച്ചറിവിൽ നിന്നാണ് പെൺകൂട്ട് പ്രവർത്തകർ സ്വയം സംഘടിക്കാനും സംഘടിപ്പിക്കാനുമാരംഭിക്കുന്നത്. മൂത്രപ്പുര സമരം മുതൽ ഇരിക്കൽ സമരം വരെ എത്തി നിൽക്കുന്ന പെൺകൂട്ടിന്റെ പോരാട്ടങ്ങൾ കേരളത്തിന്റെ തൊഴിലാളിവർഗചരിത്രത്തിലും സ്ത്രീപക്ഷ



**മിഠായിതെരുവിലെ ഒരു കെട്ടിടത്തിൽ മൂത്രപ്പുരയുടെ സ്ഥാനത്ത് മാലിന്യം കൂട്ടിയിട്ടിരിക്കുന്നു**

മുന്നേറ്റങ്ങളുടെ ചരിത്രത്തിലും വ്യത്യസ്തമായ ഒരേടായിരിക്കും. 2010 ലാണ് മൂത്രപ്പുര സമരം നടന്നത്. കോഴിക്കോട് മിഠായി തെരുവിൽ പല കടകളിലുമായി ജോലി ചെയ്യുന്ന സ്ത്രീകൾക്ക് പ്രാഥമിക ആവശ്യങ്ങൾ നിർവഹിക്കാൻ തൊഴിലിടത്തിലെവിടെയും മൂത്രപ്പുരകളില്ലാത്തതിൽ പ്രതിഷേധിച്ചായിരുന്നു ഇത്. സമരത്തിന്റെ ഫലമായി മിഠായി തെരുവിലെ പല ബിൽഡിങ്ങുകളിലും മൂത്രപ്പുരകൾ നിർമ്മിക്കപ്പെടുകയും ഈ പ്രശ്നം ഒരു പരിധിവരെ പരിഹരിക്കപ്പെടുകയും ചെയ്തു. പെൺകൂട്ടിൽ നിന്നും അസംഘടിത മേഖല തൊഴിലാളി യൂണിയൻ കേരള (AMTU-Kerala) എന്ന സ്ത്രീപക്ഷ ട്രേഡ് യൂണിയൻ ഉദയം ചെയ്തു. ഇന്ന് അയ്യായിരത്തോളം സ്ത്രീ തൊഴിലാളികൾ ഈ സംഘടനയിൽ അംഗങ്ങളാണ്.

## ഇരിക്കൽ സമരം

വസ്ത്രവ്യാപാര രംഗത്തെ സ്ത്രീ തൊഴിലാളികൾ തങ്ങളുടെ തൊഴിലവകാശങ്ങൾ നേടിയെടുക്കാൻ വേണ്ടി നടത്തിയ സമരങ്ങളാണ് ഇരിക്കൽ സമരങ്ങളെന്നു അറിയപ്പെടുന്നത്.

അവയെ ഇരിക്കൽ സമരങ്ങൾ എന്ന് വിളിക്കുന്നത് ഇരിക്കുവാനുള്ള അവകാശത്തെ ഒരു മൗലീക അവകാശമായി ഉയർത്തിപ്പിടിച്ചുകൊണ്ട് നടന്ന സമരങ്ങൾ എന്ന നിലയിലാണ്. 2013 മെയ് ഒന്നിന് ടെക്സ്റ്റൈൽ റീടൈയിൽ മേഖലയിലെ സ്ത്രീ തൊഴിലാളികൾ പെൺകൂട്ടിന്റെ നേതൃത്വത്തിൽ നടത്തിയ സമരപ്രഖ്യാപനമാണ് ഇരിക്കൽ സമരങ്ങളുടെ ആരംഭം. ഇരിക്കൽ സമരങ്ങൾ പിന്നീട് തൃശ്ശൂരിലും ആലപ്പുഴയിലും അരങ്ങേറി. അരങ്ങേറിയ ഓരോ ഇടത്തും സമരം വിജയം കണ്ടു.

ഇരിക്കൽ സമരങ്ങളെ കുറിച്ചുള്ള പഠനത്തിൽ ശ്രദ്ധയിൽപ്പെട്ട മറ്റൊരുകാര്യം സമരാനന്തരവും സമരത്തിന്റെ ഉദ്ദേശലക്ഷ്യങ്ങളെ പരാജയപ്പെടുത്താൻ വസ്ത്ര വ്യാപാര മുതലാളിമാർ നടത്തുന്ന ശ്രമങ്ങളാണ്. ഉദാഹരണത്തിന് തൃശൂരിൽ സമരം ചെയ്ത 5 സ്ത്രീ തൊഴിലാളികളെ മാനേജുമെന്റ് എല്ലാ ആവശ്യങ്ങളും അംഗീകരിച്ചു തിരിച്ചെടുത്തത് അവർ അതുവരെ തൊഴിൽ ചെയ്തുകൊണ്ടിരുന്ന, നൂറിലേറെ തൊഴിലാളികൾ ജോലി ചെയ്തുകൊണ്ടിരിക്കുന്ന കടയിലേക്കല്ല, പകരം അവരുടെ തന്നെ ടെക്സ്റ്റൈൽ ഡിപ്പോയിലേക്കാണ്. ഇവിടെ ഇവർ ചെയ്തുകൊണ്ടിരിക്കുന്ന തൊഴിൽ കടയിലെ ബില്ലുകൾ നോക്കി വിറ്റഴിഞ്ഞ തുണിത്തരങ്ങളുടെ എണ്ണം രേഖപ്പെടുത്തലാണ്. എല്ലാ ബില്ലുകളും കംപ്യൂട്ടറൈസ്ഡ് ആയ ഒരു സ്ഥാപനത്തിൽ ഇങ്ങനെയൊരു തസ്തിക തന്നെ ആവശ്യമില്ലാത്തതാണ്. ഇല്ലാത്ത ഒരു തസ്തിക സൃഷ്ടിച്ച് സമരക്കാരായ 5 സ്ത്രീ തൊഴിലാളികളെ മാത്രം ഡിപ്പോയിലേക്ക് മാറ്റുന്നതു ഇവരെ മറ്റു തൊഴിലാളികളിൽ നിന്നും ഒറ്റപ്പെടുത്താനുള്ള ശ്രമത്തിന്റെ ഭാഗമാണ് എന്ന് കരുതേണ്ടിയിരിക്കുന്നു.

ഇരിക്കൽ സമരത്തിന്റെ ഫലമായി കേരള ഷോപ്സ് ആൻട് കൊമേർഷ്യൽ എസ്റ്റാബ്ലിഷ്മെൻറ് ആക്റ്റ് 2013ൽ സംസ്ഥാനസർക്കാർ ഭേദഗതി ചെയ്തു. ഭേദഗതി ചെയ്തു എന്നു പറയുമ്പോളും ഇത് വെറുമൊരു നാമമാത്രമായ ഭേദഗതിയായിരുന്നു.

1. വ്യാപാര സ്ഥാപനങ്ങളെ തൊഴിലാളികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ ചെറിയ സ്ഥാപനമെന്നും ഇടത്തരം സ്ഥാപനമെന്നും വലിയ സ്ഥാപനമെന്നും മൂന്നായി തിരിച്ചു.

2. അൻപതിൽ കൂടുതൽ തൊഴിലാളികളെ ജോലിക്ക് എടുക്കുന്നുണ്ടെങ്കിൽ അവർക്ക് ഹോസ്റ്റൽ സംവിധാനം നൽകിയിരിക്കണം.

3. ചട്ടലംഘനങ്ങൾ നടത്തിയാൽ മാനേജുമെന്റുകൾക്കുമേൽ ചുമത്താവുന്ന പിഴ വർദ്ധിപ്പിച്ചു.

ഇതിൽ വ്യാപാര സ്ഥാപനങ്ങളെ മൂന്നായി തിരിച്ചത് പ്രകാരം ഇരുപതിൽ കൂടുതൽ പേർ ജോലി ചെയ്യുന്ന എല്ലാ സ്ഥാപനങ്ങളും വലിയ എസ്റ്റാബ്ലിഷ്മെന്റുകളാണ്. ഇനി അൻപതിൽ കൂടുതൽ പേർ തൊഴിലെടുക്കുന്നുണ്ടെങ്കിൽ സ്ഥാപനത്തിന് ഹോസ്റ്റൽ സംവിധാനമുണ്ടായിരിക്കണം. ഈ ഹോസ്റ്റൽ സംവിധാനം ഏർപ്പെടുത്തുന്ന കാര്യത്തിൽ തൊഴിലുടമകൾക്ക് യാതൊരു വിരോധവും ഉണ്ടാവേണ്ട കാര്യമില്ല. എന്തെന്നാൽ തൊഴിലാളികളെ വളർത്തു മൃഗങ്ങളെ പോലെ അധീനതയിൽ നിർത്താനുള്ള ഒരുപാധിയാണത്. പല വലിയ തുണിക്കടകൾക്കും ഹോസ്റ്റൽ സംവിധാനം ഉണ്ട് താനും. ഇവർ മറ്റു തൊഴിലാളികളെക്കാൾ കൂടുതൽ ചൂഷണം ചെയ്യപ്പെടുന്നുണ്ട് എന്ന കാര്യത്തിൽ സംശയമില്ല. മാത്രവുമല്ല ഹോസ്റ്റലുകൾ വാസയോഗ്യമാണോ


**ഇരിക്കൽസമരം**

എന്നുറപ്പുവരുത്തേണ്ടതിനെക്കുറിച്ച് ഭേദഗതിയിലെവിടെയും പറയുന്നുമില്ല. ദിവസവും ലക്ഷക്കണക്കിന് കച്ചവടം നടക്കുന്ന വസ്ത്ര വ്യാപാരസ്ഥാപനങ്ങളെ സംബന്ധിച്ചെടുത്തോളം തൊഴിലാളികൾക്ക് അധിക വേതനം കൊടുക്കുന്നതിനേക്കാൾ ലാഭകരം പിഴ അടക്കുന്നത് തന്നെയാണ്. വസ്ത്ര വ്യാപാര രംഗത്തെ തൊഴിലാളികളുടെ ഉന്നമനത്തിനു വേണ്ടി നിയമ നിർമ്മാണം നടത്താൻ സംസ്ഥാനസർക്കാർ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ കേരള ഷോപ്സ് ആൻഡ് കൊമെർഷ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമം ഒന്നുടച്ചു വാർക്കുക തന്നെ വേണ്ടി വരും. എന്നാൽ വസ്ത്രവ്യാപാര രംഗത്തെ സ്ത്രീതൊഴിലാളികൾ തെളിയിച്ചു കൊണ്ടിരിക്കുന്നത് ഏതു നിയമ നിർമ്മാണത്തേക്കാളും ശക്തി സ്ത്രീകളുടെ സംഘടിതമായ ചെറുത്തു നിൽപ്പുകൾക്കുണ്ടെന്നാണ്. ●



# ഇരിക്കൽ സമരത്തിന്റെ നേതൃമുഖം

# പി.മായാദേവി

അഡ്വ.അണിമ മുയ്യാരത്ത്

**2014**-15 കാലഘട്ടത്തിൽ നവമാധ്യമങ്ങൾ ആഘോഷമാക്കി മാറ്റിയ തൃശൂർ കല്യാൺ സാരീസ് സമരത്തിൽ നേതൃപരമായ പങ്ക് വഹിച്ച  തൊഴിലാളിയാണ് പി. മായാദേവി. നാല് മാസത്തോളം നീണ്ടു നിന്ന സമരം ടെക്സ്റ്റൈൽ റീടൈൽ മേഖലയിലെ സ്ത്രീ തൊഴിലാളികളുടെ പ്രശ്നങ്ങൾ പൊതു സമൂഹത്തിനു മുൻപിലേക്കു കൊണ്ട് വരുന്നതിൽ വലിയ പങ്കു വഹിച്ചു. മായാദേവി ഇന്ന് അസംഘടിത മേഖലാ തൊഴിലാളി യൂണിയന്റെ (എ എം ടി യുകേരള ) സംസ്ഥാനപ്ര സിഡണ്ടാണ്.

*തൃശൂർ കല്യാൺ സാരീസിൽ 2013 ലെ സമരത്തിന് മുൻപുള്ള തൊഴിൽ സാഹചര്യം ഒന്ന് വിവരിക്കാമോ ?*

ഞങ്ങൾ പല തരത്തിലുള്ള പ്രശ്നങ്ങൾ അനുഭവിച്ചിരുന്നു. ടെക്സ്ടൈൽ മേഖലയിൽ ഇരിക്കാൻ പാടില്ല. ഞങ്ങൾക്ക് ശമ്പളം വളരെ കുറവായിരുന്നു. സാധാരണ സ്റ്റാ

**ഞങ്ങൾ എ എം ടി യുവിൽ അംഗത്വമെടുത്തു. ഷോപ്പിൽ മറ്റു പലരെയും ഞങ്ങൾ പരസ്യമായി തന്നെ മെമ്പർഷിപ് ചേർക്കുകയും ചെയ്തു. പത്തു ദിവസത്തിന് ശേഷം അതായത് ഡിസംബർ പത്താം തിയതി മാനേജ്മെന്റ് ഞങ്ങൾക്കൊരു നൊട്ടീസ് തന്നു– നിങ്ങളുടെ സേവനം ഈ സ്ഥാപനത്തിനു ആവശ്യമില്ല**

തസ്തികയിൽ ജോലി ചെയ്യുന്നവർ ) ശമ്പളം 4000തൊട്ട് 4500, മാക്സിമം 6000 അങ്ങനെയായിരുന്നു. പി എഫ്. ഇ. എസ്. ഐ, ക്ഷേമനിധി ഇവയൊക്കെ പിടിച്ചു കഴിഞ്ഞാൽ ചില മാസങ്ങളിൽ 3000 രൂപയൊക്കെയേ കയ്യിൽ കിട്ടുകയുള്ളൂ. ഇൻസെന്റീവും വളരെ കുറവായിരുന്നു. ജോലി ചെയ്തു തുടങ്ങി ഒന്നര കൊല്ലത്തിനു ശേഷമാണ് 500 രൂപ ശമ്പളം കൂട്ടിയത്. രണ്ടു കൊല്ലം കഴിഞ്ഞപ്പോൾ ശമ്പളം കൂട്ടുന്നില്ല എന്ന് പറഞ്ഞു. ഞങ്ങൾ അറുപതോളം തൊഴിലാളികൾ മാനേജരെ കണ്ടു ഇത് പറ്റില്ല എന്ന് പറഞ്ഞു. കച്ചവടം കുറവായത് കൊണ്ട് സാലറി കൂട്ടാൻ പറ്റില്ല എന്നൊക്കെ മാനേജർ പറഞ്ഞെങ്കിലും അടുത്ത ദിവസം തന്നെ (2013 ഓഗസ്റ്റ് മാസത്തിൽ) സാമി (കട ഉടമ) മീറ്റിംഗ് വയ്ക്കുകയും ആ മീറ്റിങ്ങിൽ മിനിമം സാലറി 7000 ആക്കി ഉയർത്തുകയും ചെയ്തു. സാലറി 7000 രൂപ എന്ന് പറയുന്നത് 4000 ഉള്ളവർക്ക് 7000 ആയി, 6000 ഉള്ളവർക്ക് 7000 ആയി അങ്ങനെ എല്ലാവർക്കും മിനിമം 7000 ആയി മാറി.

*തൃശൂർ കല്യാൺ സാരീസ് സമരം ആരംഭിക്കാനുണ്ടായ സാഹചര്യമെന്താണ് ?*

ഞങ്ങളിൽ നിന്നും ക്ഷേമനിധി ബോർഡ് പൈസ പിടിക്കുന്നുണ്ട്. സ്റ്റാഫിന്റെ ആരുടെയെങ്കിലും മക്കളുടെ കല്യാണമുണ്ടെങ്കിൽ ക്ഷേമനിധി ബോർഡ് ഒരു തുക നൽകാറുമുണ്ട്. ക്ഷേമനിധി ബോർഡിൽ ഒരു സ്റ്റാഫ്, മകളുടെ കല്യാണത്തിനുള്ള തുകയെക്കുറിച്ചന്വേഷിച്ചപ്പോൾ നിങ്ങളുടെ നമ്പർ രജിസ്ട്രേഷൻ ചെയ്തിട്ടില്ല എന്നാണു അറിഞ്ഞത്. അതായത് പത്തു പൈസപോലും ക്ഷേമനിധി ബോർഡിലേക്ക് അടയ്ക്കുന്നില്ല എന്ന വാസ്തവം ഞങ്ങളങ്ങനെയാണ് അറിയുന്നത്. പി എഫും കൃത്യമായി അടയ്ക്കുന്നില്ല. സംഘടനാ പ്രവർത്തനത്തിലൂടെ മാത്രമേ നമുക്കെല്ലാം നേടിയെടുക്കാൻ സാധിക്കൂ എന്നൊരു വിശ്വാസം ഞങ്ങൾക്കുണ്ടായി. ഇതിനു മുൻപുതന്നെ കോഴിക്കോട് എ.എം.ടി.യു എന്നു പറയുന്ന ഒരു സംഘടന ടെക്സ്റ്റൈൽ മേഖലയിലെ തൊഴിലാളികളുടെ കഷ്ടതകളെ കുറിച്ച് ഒരു പരിപാടി നടത്തിയതായി ഞങ്ങൾ അറിയുകയും എ എം ടി യു വിന്റെ അത്തവണത്തെ വാർഷിക പരിപാടിയിൽ ഞങ്ങൾ 10 പേർ പങ്കെടുക്കുകയും ചെയ്തു.

ഞങ്ങൾ എ.എം.ടി.യുവിൽ അംഗത്വമെടുത്തു. ഷോപ്പിൽ മറ്റു പലരെയും ഞങ്ങൾ പരസ്യമായി തന്നെ മെമ്പർഷിപ്പ് ചേർക്കുകയും ചെയ്തു. പത്തു ദിവസത്തിന് ശേഷം അതായത് ഡിസംബർ പത്താം തിയതി മാനേജ്മെന്റ് ഞങ്ങൾക്കൊരു നോട്ടീസ് തന്നു- നിങ്ങളുടെ സേവനം ഈ സ്ഥാപനത്തിനു ആവശ്യമില്ല, അതുകൊണ്ട് നിങ്ങളെ കോഴിക്കോടും കണ്ണൂരും തിരുവനന്തപുരത്തും ഉള്ള സ്ഥാപനങ്ങളിലേക്ക് മാറ്റുന്നു എന്ന് പറഞ്ഞു കൊണ്ടാണ് നോട്ടീസ് ലഭിച്ചത്. ഞങ്ങൾ ലേബർ ഓഫീസിൽപോയി. ലേബർ ഓഫീസിൽ വച്ച് രണ്ടു തവണ ഒത്തു തീർപ്പു ചർച്ച നടന്നു. മനേജ്മെന്റ് നിലപാട് മാറ്റിയില്ല. അങ്ങനെയാണ് ഞങ്ങൾ 6 സ്ത്രീ തൊഴിലാളികൾ എ എം ടി യുവിന്റെ നേതൃത്വത്തിൽ 2014 ഡിസംബർ മുപ്പതാം തിയതി മുതൽ സമരമാരംഭിക്കുന്നത്. 106 ദിവസമായിരുന്നു സമരം നടന്നത്. അതിനു ശേഷം അവർക്ക് ഞങ്ങളെ തിരിച്ചെടുക്കേണ്ടി വന്നു.

*തിരിച്ചെടുക്കുമ്പോൾ മാനേജ്മെന്റ് തൊഴിലാളികളുടെ എല്ലാ ഡിമാന്റുകളും അംഗീകരിച്ചിരുന്നോ?*

എല്ലാ ഡിമാന്റും എന്ന് പറഞ്ഞാൽ ഞങ്ങളെ പിരിച്ചു വിട്ട സ്ഥാപനത്തിലേക്ക് തിരിച്ചെടുക്കാതെ സ്ഥാപനത്തിന്റെ (അതുവരെ ഇല്ലാതിരുന്ന) ഒരു ഡിപ്പോ ഓപ്പൺ ചെയ്തു കൊണ്ട് അതിലേക്കാണ് ഞങ്ങളെ തിരിച്ചെടുക്കുന്നത്. അത് ഞങ്ങൾ അംഗീകരിച്ചു. കാരണം സേൽസ് വുമണിനു ലഭിക്കേണ്ട ക്ഷേമ നിധി, പി എഫ് അടക്കമുള്ള എല്ലാ ആനുകൂല്യങ്ങളും ഞങ്ങൾക്കുണ്ടായിരുന്നു.

*ഡിപ്പോയിൽ ഏതു തരത്തിലുള്ള ജോലികളാണ് നിങ്ങൾ ചെയ്യുന്നത്?*

ഡിപ്പോയിൽ ബിൽ പോസ്റ്റിങ്ങ് എന്ന് പറഞ്ഞാണ് ഞങ്ങളെ അവിടെ ജോലിക്ക് നിർത്തിയിരിക്കുന്നത്. അതായത് ഓരോ ദിവസത്തെ കലക്ഷൻ ആകുന്ന ബില്ലുകൾ ഐറ്റം തിരിച്ചു എഴുതി കൊടുക്കുക.നേരത്തെ ഇങ്ങനെയൊരു ജോലിയില്ല. സമരത്തിന് ശേഷം

ഞങ്ങളെ മെയിൻ സ്ഥാപനത്തിലേക്ക് തിരിച്ചെടുക്കാനുള്ള മടി കൊണ്ടാണ് ഇങ്ങനെയൊരു ക്ലെറിക്കൽ ജോലി ഞങ്ങളെ ഏൽപ്പിച്ചിരിക്കുന്നത്.

*ഡിപ്പോയിൽ ജോലി ചെയ്തു കൊണ്ടുള്ള അനുഭവങ്ങൾ എന്തൊക്കെയാണ്, അതായത് സമരാനന്തരം എന്താണ് ഉണ്ടായത്?*

ഇവിടെ ജോലിക്ക് കയറിയതിനു ശേഷം വലിയ കുഴപ്പങ്ങളൊന്നും ഉണ്ടായില്ല. പക്ഷെ കുറച്ചു നാളുകൾ കഴിഞ്ഞപ്പോൾ ഞങ്ങളുടെ സാലറി സ്ലിപ്പിൽ കുറച്ചു വ്യത്യാസങ്ങൾ വരുത്തി. ഞങ്ങൾക്ക് കുടിവെള്ളം  കല്യാൺ സാരീസിൽ നിന്നാണ് കൊണ്ട് വരുന്നത്. അത് പെട്ടെന്ന് നിർത്തലാക്കി. ഞങ്ങളുടെ പ്രതിഷേധത്തെ തുടർന്ന് അവർ ഇവിടെ കണക്ഷൻ ശരിയാക്കി തന്നു. ഇപ്പോൾ കല്യാൺ സാരീസ് കോവിലകത്തുംപാടത്തെ സ്റ്റാഫിന്റെ യുനിഫോറം മാറ്റി. എന്നാൽ ഞങ്ങളോട് പഴയ യുനിഫോറം തന്നെ ധരിക്കാനാണ് പറയുന്നത്.

*സമരം ചെയ്ത തൊഴിലാളികളെ ഒറ്റപ്പെടുത്തിക്കൊണ്ടുള്ള മാനേജ്മെന്റിന്റെ  ഇത്തരം പ്രവർത്തികളെ എങ്ങനെ കാണുന്നു? ഇത് സമരത്തിന് ശേഷവും സമരത്തിന്റെ ഉദ്ദേശത്തെ പരാജയപ്പെടുത്താനുള്ള ഒരു ശ്രമമല്ലേ ?*


തീർച്ചയായും. ഞങ്ങൾ എങ്ങനെയെങ്കിലും ജോലി നിർത്തി പോകണം എന്നതാണ് അവരുടെ ഉദ്ദേശം. പലതവണ ഡിപ്പോ അടച്ചു പൂട്ടി ഞങ്ങളെ നിയമപരമായി ഇവിടുന്നു പുറത്താക്കുമെന്നു പറഞ്ഞു ഭീഷണിപ്പെടുത്തിയിട്ടുണ്ട്. പലതവണ പൈസ ഓഫർ ചെയ്തിട്ടുണ്ട് .

*ഈയൊരു അവസ്ഥയെ എങ്ങനെ നേരിടാനാണ് ഉദ്ദേശിക്കുന്നത് ?*

ഞങ്ങളിതിനെ നിയമപരമായി നേരിടാൻ വേണ്ടിത്തന്നെ തൊഴിൽ മന്ത്രാലയത്തിന്റെ കോൾ സെന്ററിൽ വിളിച്ചു പരാതി നല്കി കഴിഞ്ഞു. പ്രശ്നങ്ങളെ നിയമപരമായും സംഘടനാപരമായും നേരിടാനാണ് ഞങ്ങൾ ഉദ്ദേശിക്കുന്നത്

*അസംഘടിതരായ  തൊഴിലാളികൾക്കു വേണ്ടി പോരാടി പരിചയമുള്ള, ഇപ്പോളും പോരാടിക്കൊണ്ടിരിക്കുന്ന ഒരു സ്ത്രീ തൊഴിലാളി എന്ന നിലയിൽ മായയ്ക്ക് എന്താണ് പറയാനുള്ളത്?*

പ്രതികരിക്കുക എന്നാണു പറയാനുള്ളത്. നമ്മളോട് കാണിക്കുന്ന അനീതിക്കെതിരെ നമ്മൾ മിണ്ടാതിരുന്നാൽ ആരും നമുക്കൊന്നും ചെയ്തു തരില്ല. നിയമങ്ങൾ നമുക്കനുകൂലമായിട്ടുണ്ടെങ്കിലും അത് നടപ്പിലാവണമെങ്കിൽ നമ്മൾ പ്രതികരിച്ചേ തീരൂ. ●



contributed by അശ്വനി ദ്രാവിഡ്

എന്റെ പേര് ചാർലെറ്റ് . വേളിയിൽ നിന്ന് വരുന്നു . ഭർത്താവു കടലിൽ പോവും . മൂന്നു പെൺകുട്ടികൾ ഉണ്ട് . 30 വർഷം ആയി കച്ചവടം തുടങ്ങിയിട്ട്. മീൻ വിറ്റ് അവരെ പഠിപ്പിച്ചു, കല്യാണം കഴിപ്പിച്ചു. ഇപ്പൊ ആരോഗ്യം കുറവാണ്. അസുഖങ്ങൾ കുറെ ഉണ്ട്, ഒരുപാട് കടവും ഉണ്ട്. അത് കൊണ്ട് വയ്യെങ്കിലും പുറത്ത് ഇറങ്ങി ജോലി ചെയ്യുവാണ് . ഓട്ടോയിലാണ് സിറ്റിയിലോട്ട് വരുന്നേ. ബുദ്ധിമുട്ടിയാണെങ്കിലും മീൻ കൊണ്ടു നടക്കുന്നു. വഴിയിൽ ഇരുന്നു കുറെ വിറ്റു തീർക്കും. എന്നിട്ട് ഭാരം കുറയുമ്പോൾ വീടുകളിൽ പോകും. സ്ഥിരം കുറെ വീടുകൾ ഉണ്ട്. അവർ എന്റെ കൈയിൽ നിന്നേ മേടിക്കൂ.

തന്റേടം ഇല്ലാതെ ഈ കാലത്ത് ജീവിക്കാൻ പറ്റില്ല. ചെറുതിലെ മുതലേ ഞങ്ങളെ അങ്ങനാ വളർത്തിയെ. നല്ല ആരോഗ്യത്തോടെ ഇരിക്കാനും, ആ ആരോഗ്യത്തിൽ തന്റേടം കാണാനും  ആരേലും ഇങ്ങോട്ട് എന്തേലും പറഞ്ഞു വന്നാൽ മറുപടി കൊടുക്കാനും. .

**എവിടെ യാത്ര ചെയ്യാനും എപ്പോൾ യാത്ര ചെയ്യാനും പേടിയില്ല. അത് തന്നെയാണ് ഈ ജോലി ചെയ്യാനുള്ള ശക്തിയും. പേടിച്ചാൽ എല്ലാം പോയി. ജീവിതം ബുദ്ധിമുട്ടാണ്, പക്ഷെ പേടിക്കാതെ ജീവിക്കുക എന്നതാണ് ഒരേ ഒരു വഴി**

കവർസ്റ്റോറി



തമ്പാട്ടി മധുസൂദ്

# സമാനതകളില്ലാത്ത തൊഴിലുകൾ/സ്ത്രീകൾ

ഫെമിനിസ്റ്റ് മൂവ്മെന്റിന്റെ രണ്ടാംതരംഗത്തിന്റെ ചാലകശക്തിയെന്നു വിശേഷിപ്പിക്കുന്ന കൃതിയാണ് 1963ൽ പുറത്തിറങ്ങിയ 'ദി ഫെമിനിൻ മിസ്റ്റിക് (The Feminine Mystique). അമേരിക്കയിലെ അന്നത്തെ ഉപരിവർഗ്ഗ/വിദ്യാഭ്യാസമുള്ള വീട്ടമ്മമാരുടെ ജീവിതത്തേയും അവരെ മുഴുവൻ ബാധിച്ചിരിക്കുന്ന പേരില്ലാത്ത ഒരു പ്രശ്നത്തെ/അസംതൃപ്തിയെ പ്രശ്നവത്ക്കരിക്കുകയും ചെയ്യുന്ന പുസ്തകത്തിലെ വരികളിങ്ങനെയാണ്. 'ഈ സ്ത്രീകൾക്കെല്ലാം ഇനിയും വേണം. ഭർത്താവിനും കുടുംബത്തിനും കുട്ടികൾക്കും ഒക്കെ അതീതമായി എന്തോ...' അതിൽ സംശയമേതുമില്ലാതെ എത്തിച്ചേർന്ന നിഗമനം ഈ സ്ത്രീകൾക്ക് വീട്ടമ്മമാരുടെ റോളിൽ നിന്നും പൊതുസമൂഹത്തിൽ തൊഴിൽ (career) ആവശ്യമുണ്ട് എന്നതാണ്. സോഷ്യലിസ്റ്റ് ഫെമിനിസ്റ്റുകളും ലിബറൽ ഫെമിനിസ്റ്റുകളും സ്ത്രീകളുടെ തൊഴിൽരംഗത്തേക്കുള്ള പ്രവേശനത്തെ വിമോചനാത്മകമായാണ് കണ്ടത്. വീട്ടിനുള്ളിലെ വേതനമില്ലാത്ത തൊഴിലിൽ നിന്നും ലിംഗാധിഷ്ഠിതമായ പൊതു/സ്വകാര്യ ഇട വിഭജനത്തിൽ നിന്നും മാറ്റം സാധ്യമാക്കുകയാണ് സ്ത്രീകളുടെ തൊഴിൽ തിരഞ്ഞെടുക്കൽ എന്നതിനാൽ സ്ത്രീകളുടെ തൊഴിൽ സുരക്ഷയും തൊഴിലവസരങ്ങളുടെ സൃഷ്ടിയും ക്ഷേമരാഷ്ട്രങ്ങളുടെ മുഖ്യ അജണ്ടയായി മാറ്റാനും ഈ സ്ത്രീ മുന്നേറ്റങ്ങൾ കാരണമായിട്ടുണ്ട്.



ബെൽ ഹൂക്ക്സ്

**"ഈ സ്ത്രീകൾക്കെല്ലാം ഇനിയും വേണം. ഭർത്താവിനും കുടുംബത്തിനും കുട്ടികൾക്കും ഒക്കെ അതീതമായി എന്തോ...'**

ഫെമിനിസത്തിൽ വംശീയധാരണകളോട് കലഹിച്ചുകൊണ്ട് ബെൽഹൂക്ക്സ് എന്ന ബ്ലാക്ക് ഫെമിനിസ്റ്റ് The Feminine Mystique എന്ന പാഠത്തോട് ഉയർത്തിയ ചോദ്യം, മധ്യവർഗ്ഗസ്ത്രീകൾ തൊഴിൽ സ്വീകരിച്ചാൽ ഇവരുടെയൊക്കെ വീട്ടുജോലി ഏറ്റെടുക്കുക ആരാവും എന്നാണ്. വംശീയപരമായ അധികാരി–തൊഴിൽ ബന്ധങ്ങൾ നിലനിൽക്കുന്ന വ്യവസ്ഥയിൽ വീട്ടുജോലിക്കാരായുള്ള കറുത്ത സ്ത്രീകളുടെ വിമോചനത്തെക്കുറിച്ച് എന്താണ് സംസാരിക്കാത്തത്? ഏതു തരം തൊഴിലാണ് വെളുത്ത, സാമ്പത്തികവും സാമൂഹികവുമായ പ്രിവിലേജുകളുള്ള സ്ത്രീകൾ സ്വീകരിക്കുക? വീട്ടുജോലിയോ, ലൈംഗിക ത്തൊഴിലോ, ഫാക്ടറി തൊഴിലോ സ്വീകരിച്ചാൽ അത് ശാക്തീകരണമാകുമോ? എത്ര കുത്തകകളുടെ ഉയർന്ന പദവിയിൽ സ്ത്രീകൾ വന്നു, എത്ര സംരംഭങ്ങൾ സ്ത്രീകൾ നയിച്ചു, എത്ര പ്രൊഫഷണുകൾ സ്ത്രീകൾ കീഴടക്കി, എന്നിങ്ങനെയുള്ള ഏകകങ്ങളിൽ ലിംഗനീതിയെ തളച്ചിടുന്ന ലിബറൽ ഫെമിനിസ്റ്റ് ധാരണകൾ ശക്തമായ ഇന്നും ബെൽ ഹൂക്സ് ഉന്നയിച്ച ചോദ്യങ്ങൾ പ്രസക്തമാണ്.



സ്ത്രീപ്രശ്നങ്ങളെക്കുറിച്ച് പൊതുവേ വിശ്വസിച്ചു വരുന്ന സാമാന്യവൽക്കരണങ്ങൾ തൊഴിലിനെ

## വംശീയപരമായ അധികാരി–തൊഴിൽ ബന്ധങ്ങൾ നിലനിൽക്കുന്ന വ്യവസ്ഥയിൽ വീട്ടുജോലിക്കാരായുള്ള കറുത്ത സ്ത്രീകളുടെ വിമോചനത്തെക്കുറിച്ച് എന്താണ് സംസാരിക്കാത്തത്?

ക്കുറിച്ചുള്ള ധാരണകളിലും നിലനിൽക്കുന്നു എന്നതിന്റെ ഉത്തമോദാഹരണമാണ് യൂറോപ്യൻ മുതലാളിത്ത വിപണിയുടെ സാമ്പത്തികാവസ്ഥയുടെ മാതൃകയിൽ രൂപം കൊണ്ട സ്ത്രീശാക്തീകരണത്തേയും ഡെവലപ്മെന്റിനേയും കുറിച്ചുള്ള ധാരണകൾ. ഹെറ്ററോസെക്ഷ്വൽ ആയ ഒരു കുടുംബത്തെ മുൻനിർത്തി അതിലെ സ്ത്രീകളുടെ ഉത്തരവാദിത്വമെന്നു ധരിക്കുന്നവയൊന്നും തന്നെ പ്രശ്നവൽക്കരിക്കാതെ പൊതുഇടത്തെ ഇടപെടലുകൾ പ്രോത്സാഹിപ്പിക്കുക വഴി ലിംഗനീതി ഉറപ്പുവരുത്തുകയാണ് UN ഉം ലോകവ്യാപാര കൂട്ടായ്മകളും (World Bank WTO etc) മുന്നോട്ടു വയ്ക്കുന്ന പല പദ്ധതികളും. രാഷ്ട്രങ്ങൾ തന്നെ സ്ത്രീകളുടെ രാഷ്ട്രീയ, സാമ്പത്തിക പങ്കാളിത്തത്തിനു വേണ്ടി പദ്ധതികൾക്ക് രൂപം കൊടുക്കുകയും പിന്നോക്കരാഷ്ട്രങ്ങളിലെ പിന്നോക്കവിഭാഗങ്ങളിലെ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം വഴി സമൂഹത്തിന്റെ inclusive development ഉറപ്പുവരുത്താനായി ശ്രമിക്കുകയും ചെയ്യുന്ന ഈ പദ്ധതികൾക്കെതിരെ ഉയരുന്ന പ്രധാനപ്പെട്ട വിമർശനങ്ങൾ ഇതാണ് –

സ്ത്രീകളെ യാതൊരുവിധ സാമ്പത്തിക മൂല്യവും ഉൽപ്പാദിപ്പിക്കാത്തവരായി കാണുന്നു. ഒരേ സമയം വീട്ടിലെ ജോലിയും കാർഷികവ്യവസ്ഥയിൽ വീടുമായി ബന്ധപ്പെട്ട കൃഷിപ്പണിയും ചില


പ്പോഴെങ്കിലും പരമ്പരാഗത തൊഴിലും ചെയ്യുന്ന വലിയ ഒരു work force ആണ് ഗ്രാമങ്ങളിലെ സ്ത്രീകൾ. ഏഷ്യൻ ആഫ്രിക്കൻ രാഷ്ട്രങ്ങളിലെ സാമ്പത്തിക ഉൽപ്പാദനത്തെ അവിടുത്തെ സ്വയം പര്യാപ്തമായ ഗാർഹികസാമ്പത്തികാവസ്ഥയിൽ നിന്നും മാറ്റി നിർത്തി surplus മൂല്ല്യത്തിന്റെ അടിസ്ഥാനത്തിൽ വികസനത്തെ കാണുന്ന വീക്ഷണം വലിയൊരു വിഭാഗത്തെ പ്രത്യേകിച്ചും സ്ത്രീകളെ യാതൊരു വിധ സാമ്പത്തിക കർതൃത്വവുമില്ലാത്ത വരായി കാണുന്നു. ലിംഗാധിഷ്ഠിതമായ തൊഴിൽ വിഭജനത്തെ, വീട്ടുജോലിയെ, മാതാവെന്ന രീതിയിലെ തൊഴിലിനെയൊക്കെ യാതൊരു വിധ മാറ്റങ്ങൾക്കും വിധേയമാക്കാൻ ഈ പദ്ധതികൾ ശ്രമിക്കുന്നില്ല. നിലനിൽക്കുന്ന ബന്ധങ്ങളിൽ മാറ്റം വരാതെയുള്ള സ്ത്രീകളുടെ തൊഴിൽ, രാഷ്ട്രീയം, വിദ്യാഭ്യാസരംഗത്തേക്കുള്ള പ്രവേശനം ഒക്കെ പലപ്പോഴും അധിക ചുമതലയും അമിത അദ്ധ്വാനവുമാണ് സ്ത്രീകൾക്ക് സമ്മാനിക്കുന്നത്.

കണക്കുകളിൽ 15% മാത്രമാണ് കേരളത്തിലെ സ്ത്രീകളുടെ തൊഴിൽപങ്കാളിത്തം. എന്നാൽ കുടുംബശ്രീയിലും അംഗനവാടി തൊഴിലാളികളായും ആശ വർക്കേഴ്സായും MNREGP യിലുമൊക്കെ യായി വലിയൊരു ശതമാനം സ്ത്രീകൾ പൊതുഭരണസംവിധാനത്തെ നിലനിർത്തുന്നുണ്ട്. മിനിമം വേജ് എന്ന അവകാശം ഇത്തരം പദ്ധതികളിൽ സ്ത്രീകൾക്കു നിഷേധിക്കുന്നു എന്നു മാത്രമല്ല, liberal democracyയുടെ ഔദാര്യമായി തൊഴിൽരംഗത്തെത്തിയവർ എന്ന നിലയിൽ ചെറിയൊരു (Honourariam wage) തുക മാത്രമാണ് ഈ സ്ത്രീകളുടെ അദ്ധ്വാനത്തിനു ഗവൺമെന്റ് നൽകുന്നത്. കേരളത്തെപ്പോലെ തൊഴിൽ പ്രാദേശികമായും ജാതിപരമായും തിരിഞ്ഞിരിക്കുന്ന ഒരു സമൂഹത്തിൽ അസംഘടിത മേഖലയിലേയും തോട്ടം തൊഴിലാളി മേഖലയിലെയും സ്ത്രീകൾ ഉയർത്തുന്ന രാഷ്ട്രീയ ചോദ്യങ്ങൾ പ്രധാനമാണ്. ●

### ആബിദ – ഖരമാലിന്യ നിർമ്മാർജ്ജന പ്രവർത്തക

മെച്ചണ്ട്. രാവിലത്തന്നെ എണീറ്റിറ്റ് ജോലീന്നും പറഞ്ഞ് എറങ്ങിവരാല്ലൊ. ആദ്യായ്റ്റല്ല ജോലി ചെയ്ന്നത്. ഞമ്മള് 12 വർഷായി.

ആദ്യൊക്കെ ഗ്ലൗസും യൂനിഫോമുവൊക്കെ കോർപ്പറേഷൻ തരാറ്ണ്ടായിര്ന്നു. ഇപ്പൊ അതൊന്നുല്ല്യ. കുടുംബശ്രീ വഴി തൊഴിലില്ലാത്താൾക്കാർക്ക് തൊഴില്ന്ന് പർഞ്ഞ് വന്നതാണ്. ഇപ്പൊ കോർപ്പറേഷനും ഞങ്ങളെ അംഗീകരിക്ക്ന്നില്ല, ജനങ്ങളും അംഗീകരിക്ക്ന്നില്ല. ഇപ്രാവശ്യത്തെ മേയറ് വന്നപ്പം ഉറവിട മാലിന്യ സംസ്കരണംന്ന് പറഞ്ഞിട്ട് തൊടങ്ങണംന്ന് പറയിണ്ട് – അതായത് വേസ്റ്റൊക്കെ വീട്കളിൽത്തന്നെ നശ്പ്പിക്ക്യാ. അത് നല്ലൊരു സംസ്കാരാണ്. പക്ഷെ 12 വർഷം ഞങ്ങളീ ജോലി ചെയ്തിറ്റ് എവിട്യൂം ഇല്ല്യാണ്ടായ് പോവ്വാണ്. ഒര് ഇ എസ് ഐ ല്ല്യാ, ഇൻഷൂറില്ല്യാ, ക്ഷേമനിധില്ല്യാ. ഞങ്ങളെ കൂടെള്ള ചെറ്പ്പക്കാര്ക്ക് പ്രശ്നല്ല്യാന്ന് വെക്കാ, കൊറേ വയസ്സായോര്ണ്ട്.അവർക്കൊക്കെ കോർപ്പറേഷൻ എന്തെങ്കിലും ചെയ്യണം.




**ഇത് പിന്നെ ഒരു ജോലീം സേവനോം അല്ലേ. എല്ലാ ആൾക്കാരേം പരിചയപ്പെടാ, എല്ലാ സ്ഥല്ത്തും പോവാ. സേവനത്തിനോടൊപ്പം ഒരു വേതനോം കിട്ടുന്നോണ്ട് നല്ല ഒരു ജോല്യാണ്.**



# തലമുതിർന്ന യൂണിയൻ പ്രവർത്തക കൃഷ്ണമ്മാൾ

**തൊഴിലാളി സംഘടനകൾ തൊഴിലാളികളെ വീതം വയ്ക്കുകയാണെന്നും ബഹുഭൂരിപക്ഷവും ഏതെങ്കിലും തൊഴിൽ സംഘടനകളിൽ അംഗമല്ലെന്നും പറഞ്ഞുകൊണ്ടാണ് കൃഷ്ണമ്മാൾ തുടങ്ങിയത്.**



നസീറ നീലോത്ത്

മുഖ്യധാരാ രാഷ്ട്രീയപാർട്ടികൾക്കെല്ലാം തൊഴിലാളി സംഘടനകളുണ്ടെങ്കിലും കൃത്യമായി തൊഴിലാളി പ്രശ്നത്തെ പ്രശ്നവൽക്കരിക്കുന്നതിലും പരിഹാരം കാണുന്നതിലും അവ പരാജയപ്പെടുന്നുണ്ട് എന്ന ബോധ്യത്തിൽ നിന്നാണ് എൻ.ടി.യു.ഐ (New Trade Union Initiative) എന്ന തൊഴിൽസംഘടനയുടെ തുടക്കം. ഗാർഹിക തൊഴിലാളികൾ, ക്ലീനിംഗ് തൊഴിലാളികൾ, കശുവണ്ടിമേഖലയിലെ തൊഴിലാളികൾ തുടങ്ങി അസംഘടിത മേഖലയിലെ തൊഴിലാളികളുടെ തൊഴിൽപ്രശ്നങ്ങളിൽ ഇടപെടലുകൾ നടത്തുന്നുണ്ട് ഈ സംഘടന.

കൃഷ്ണമ്മാളിന് വയസ്സ് 60 ആണ്. 21ാം വയസ്സിൽ അവിഭക്ത കമ്മ്യൂണിസ്റ്റ് പാർട്ടിയിലൂടെ പൊതുപ്രവർത്തനം ആരംഭിച്ചതാണവർ. തുടക്കം മുതൽ മുഴുവൻ സമയ രാഷ്ട്രീയ പ്രവർത്തകയായി. ഇടയ്ക്ക് സി.പി.എമ്മിലെ ആഭ്യന്തരപ്രശ്നങ്ങളെത്തുടർന്ന് പാർട്ടിവിട്ടെങ്കിലും

പിന്നീട് ശ്രദ്ധപതിപ്പിച്ചത് trade union മേഖലയിലാണ്.

തൊഴിലാളി സംഘടനകൾ തൊഴിലാളികളെ വീതം വയ്ക്കുകയാണെന്നും ബഹുഭൂരിപക്ഷവും ഏതെങ്കിലും തൊഴിൽ സംഘടനകളിൽ അംഗമല്ലെന്നും പറഞ്ഞുകൊണ്ടാണ് കൃഷ്ണമ്മാൾ തുടങ്ങിയത്. കാലങ്ങളായി സമരം ചെയ്ത് തൊഴിലെടുക്കുന്നവർ നേടിയെടുത്ത അവകാശങ്ങൾ സർക്കാരും മുതലാളിമാരും ഘട്ടം ഘട്ടമായി തിരിച്ചുപിടിക്കുന്നുണ്ട്. തങ്ങളുടെ സംഘടനയിലേക്ക് വർഷാവർഷം കടന്നു വരുന്ന അംഗങ്ങളുടെ കണക്കെടുപ്പിൽ മാത്രം ഒതുങ്ങിപ്പോകുന്ന തൊഴിൽ സംഘടനകളിൽ നിന്നും തൊഴിലാളികളെ വീതം വയ്ക്കാതെ തൊഴിലാളിവർഗ്ഗ രാഷ്ട്രീയത്തിൽ നിന്നുകൊണ്ട് അവയെ സമരമുഖത്തെത്തിക്കുക എന്നതാണ് എൻ.ടി.യു.ഐ ചെയ്യുന്നതെന്ന് കൃഷ്ണമ്മാൾ.

2006ൽ എൻ.ടി.യു.ഐ രൂപം കൊണ്ട് 6 മാസത്തിനുള്ളിൽ സംഘടനയുടെ കേരളഘടകവും പ്രവർത്തനം തുടങ്ങി. അന്നു മുതൽ കൃഷ്ണമ്മാൾ സംഘടനയിൽ അംഗമാണ്. നിലവിൽ എൻ.ടി.യു.ഐയിൽ affiliate ചെയ്തിട്ടുള്ള Kerala State Cleaning Destination Workers Union, ഗാർഹിക തൊഴിലാളി യൂണിയൻ, കശുവണ്ടി തൊഴിലാളി യൂണിയൻ എന്നിവയുടെയെല്ലാം ചുമതല കൃഷ്ണമ്മാളിനാണ്. കശുവണ്ടി തൊഴിലാളി യൂണിയന്റെ ജനറൽസെക്രട്ടറിയും കൃഷ്ണമ്മാൾ തന്നെ.

ഇതുമലിലെ കശുവണ്ടി ഫാക്ടറിയിൽ തൊഴിലാളികൾക്ക് 2005ലെ ഓണക്കാലത്ത് ബോണസ് 4500ൽ നിന്നും 1500 രൂപയാക്കി കുറച്ച മാനേജ്മെന്റിനെതിരെ കൃഷ്ണമ്മാളിന്റെ നേതൃത്വത്തിൽ വലിയൊരു സമരം നടന്നു. LC തീരുമാനപ്രകാരം ബോണസ്സ് 4500രൂപയാണെങ്കിലും CITU ഉൾപ്പെടെയുള്ള സംഘടനകളുമായി മുതലാളിമാർ നടത്തിയ ധാരണക്കൊടുവിലാണ് 1500 ആയി ബോണസ് കുറച്ചതെന്ന് കൃഷണമ്മാൾ പറയുന്നു. വർഷത്തിൽ 15 ദിവസത്തെ ശമ്പളം ഗ്രാറ്റുവിറ്റിയായി നൽകണമെന്ന തൊഴിൽ നിയമത്തിന്റെ ലംഘനത്തിനെതിരെയും അന്ന് സമരം നടന്നു. പി.എഫ് ഇനത്തിൽ തൊഴിലുടമ അടക്കേണ്ട സംഖ്യയും തൊഴിലാളികളിൽ നിന്നും പിരിച്ച സംഖ്യയും അടച്ചിട്ടില്ലെന്ന് കണ്ടെത്തി. വിജയം തൊഴിലാളികൾക്കായിരുന്നു. 5-6 ദിവസത്തെ ശമ്പളം മാത്രമായിരുന്നു ഗ്രാറ്റുവിറ്റി ഇനത്തിൽ അതുവരെ ലഭിച്ചിരുന്നത്. DLOയുടെ ചേംബറിൽ നടന്ന ചർച്ചയിൽ ഇതിനു ധാരണയായെങ്കിലും UTU, INTU ഉൾപ്പെടെയുള്ള സംഘടനകളെ മാനേജ്മെന്റ് സ്വാധീനിക്കുകയും DLOയുടെ ഒത്തുതീർപ്പ് അംഗീകരിക്കില്ലെന്ന നിലപാടെടുക്കുകയും ചെയ്തു. തുടർന്ന് 12 തൊഴിലാളികൾ ഒഴികെ എല്ലാവരും പി.എഫ് തുക വാങ്ങിയെങ്കിലും സമരം തുടരുകയും ഒടുവിൽ 15 ദിവസത്തെ ശമ്പളം തന്നെ ഗ്രാറ്റുവിറ്റിയായി തൊഴിലാളികൾക്ക് ലഭിക്കുകയും ചെയ്തു. സംഘടനനിലവിൽ വന്നതിന് ശേഷമുള്ള ആദ്യത്തെ ഇടപെടലായിരുന്നു അത്.

തുടർന്ന് നടന്ന 2006ലെ പുനലൂരിലെ പേപ്പർ മിൽസമരവും ശ്രദ്ധിക്കപ്പെട്ടു. 26 വർഷമായി പൂട്ടിക്കിടന്ന ഫാക്ടറിയിലെ 2000ഓളം തൊഴിലാളികൾക്കാണ് സമരം മൂലം കുറച്ചെങ്കിലും നീതി ലഭിച്ചത്. 3 1/2 വർഷത്തെ ഇടപെടലിനൊടുവിൽ രണ്ടുവർഷത്തെ പി.എഫ്, ഗ്രാറ്റുവിറ്റി, ബോണസ് ഇവയൊക്കെ തിരിച്ചു കിട്ടാനായത് എൻ.ടി.യു.ഐയുടെ ഇടപെടലുകൾക്ക് കൂടുതൽ ഊർജ്ജം പകരുന്നതായിരുന്നു.

കൃഷ്ണമ്മാളിന്റെ നേതൃത്വത്തിൽ 2006ൽ തന്നെ കേരളത്തിലെ ക്ലീനിംഗ് തൊഴിലാളികളുടെ പ്രശ്നങ്ങളിൽ ഇടപെട്ടു. Kerala State Cleaning Destination Workers Union-ന്റെ നേതൃത്വത്തിൽ നടന്ന സമരത്തിൽ മാസശമ്പളമായി ലഭിച്ചിരുന്ന 1500 രൂപയിൽ നിന്നും 6000 രൂപയായി തുക ഉയർന്നു. കുടുംബശ്രീ വഴി വിവിധ വകുപ്പുകളിൽ കോൺട്രാക്റ്റിൽ ചേർക്കുന്ന തൊഴിലാളികൾക്ക് ആനുകൂല്യങ്ങളൊന്നും ലഭിച്ചിരുന്നില്ല. ടൂറിസം മേഖലയിലെ ക്ലീനിംഗ് തൊഴിലാളികളുടെ നേതൃത്വത്തിൽ നടന്ന സമരത്തിനു ശേഷം 6000 എന്ന ചെറിയ കൂലി വർദ്ധനവിലേക്കെത്തി.

**കാലങ്ങളായി സമരം ചെയ്ത് തൊഴിലെടുക്കുന്നവർ നേടിയെടുത്ത അവകാശങ്ങൾ സർക്കാരും മുതലാളിമാരും ഘട്ടം ഘട്ടമായി തിരിച്ചുപിടിക്കുന്നുണ്ട്. തങ്ങളുടെ സംഘടനയിലേക്ക് വർഷാവർഷം കടന്നു വരുന്ന അംഗങ്ങളുടെ കണക്കെടുപ്പിൽ മാത്രം ഒതുങ്ങിപ്പോകുന്ന തൊഴിൽ സംഘടനകളിൽ നിന്നും തൊഴിലാളികളെ വീതം വയ്ക്കാതെ തൊഴിലാളിവർഗ്ഗ രാഷ്ട്രീയത്തിൽ നിന്നുകൊണ്ട് അവയെ സമരമുഖത്തെത്തിക്കുക എന്നതാണ് എൻ.ടി.യു.ഐ ചെയ്യുന്നതെന്ന് കൃഷ്ണമ്മാൾ.**

ഇന്ന് ഹോസ്പിറ്റൽ മേഖലകളിലെ ക്ലീനിംഗ് തൊഴിലാളികളെയും ചേർത്ത് കൊണ്ട് എൻ.ടി.യു.ഐയുടെ നേതൃത്വത്തിലുള്ള ക്ലീനിംഗ് തൊഴിലാളി യൂണിയനുണ്ട്. ആലപ്പുഴ മെഡിക്കൽകോളേജിലെ തൊഴിലാളി സമരത്തിന്റെയും മുൻപന്തിയിൽ എൻ.ടി.യു.ഐ ഉണ്ടായിരുന്നു. ജോലിയിൽ നിന്നും യാതൊരു മുന്നറിയിപ്പുമില്ലാതെ തൊഴിലാളികളെ പുറത്താക്കാനുമുള്ള മാനേജ്മെന്റിന്റെ ശ്രമം സംഘടന ഇടപെടലിനെത്തുടർന്ന് നിർത്തലാക്കി. പ്രിൻസിപ്പൽ ഓഫീസ് മാർച്ചും പ്രിൻസിപ്പലിനെതടഞ്ഞ് നിർത്തിയുള്ള സമരവും സെക്രട്ടറിയേറ്റിന് മുൻപിലെ 3 ദിവസത്തെ രാപ്പകൽ സമരവും സംഘടന നയിച്ചു. കളക്ടർ പ്രശ്നം പരിഹരിക്കാമെന്ന ഉറപ്പിന്മേലാണ് അന്ന് സമരം താൽക്കാലികമായി നിർത്തിയത്. എന്നാൽ 2 ദിവസമായി ജോലിക്കെത്തിയില്ലെന്ന കാരണം പറഞ്ഞ് തൊഴിലാളികളെ ഒഴിവാക്കാൻ നോക്കിയെങ്കിലും വീണ്ടും സമരം തുടങ്ങിയതിനെ തുടർന്ന് ഒത്തുതീർപ്പിലായി.

ഹോസ്പിറ്റലിലെ കരാർ തൊഴിലാളികൾക്കെതിരെയുള്ള തൊഴിൽ ചൂഷണവും കൃഷ്ണമ്മാളിന്റെ നേതൃത്വത്തിലുള്ള സംഘടന ചർച്ചയാക്കി. പെർമനന്റ്  തൊഴിലാളികളുടെ ജോലി സമയം രാവിലെ 7 മുതൽ ഉച്ചയ്ക്ക്  1 1/2 വരെയാണ്. എന്നാൽ 7 മണിക്കെത്തുന്ന കരാർ തൊഴിലാളികൾക്ക് അത് 7 മണി മുതൽ വൈകീട്ട് 4 മണി വരെയാണ്. തുടർന്ന് കളക്ടറുടെ ചേംബറിൽ നടന്ന ചർച്ചയിൽ ഇരുകൂട്ടരുടേയും സമയം 8 മണിക്കൂറായി നിജപ്പെടുത്തിയതും ചരിത്ര നേട്ടമായി.

**ടൂറിസം മേഖലയിലെ ക്ലീനിംഗ് തൊഴിലാളികളുടെ പ്രശ്നത്തിൽ സംഘടനഇപ്പോൾ കൂടുതലായി പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. കോഴിക്കോട് ജില്ലയിലെ ഉഠജഇ ഓഫീസിൽ മുൻപിൽ തൊഴിലാളികൾ നടത്തിയ സമരവും ഏറെക്കുറെ  വിജയമായിരുന്നു. എന്നാൽ തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്നത് ഉൾപ്പെടെയുള്ള കാര്യങ്ങളും ഇനിയും തിരുമാനമായിട്ടില്ല.**

ടൂറിസം മേഖലയിലെ ക്ലീനിംഗ് തൊഴിലാളികളുടെ പ്രശ്നത്തിൽ സംഘടന ഇപ്പോൾ കൂടുതലായി പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. കോഴിക്കോട് ജില്ലയിലെ DTPC ഓഫീസിനു മുൻപിൽ തൊഴിലാളികൾ നടത്തിയ സമരവും ഏറെക്കുറെ  വിജയമായിരുന്നു. എന്നാൽ തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്നത് ഉൾപ്പെടെയുള്ള കാര്യങ്ങൾ ഇനിയും തീരുമാനമായിട്ടില്ല.

ഏറെയൊന്നും ചർച്ചചെയ്യപ്പെടുകയോ, ശ്രദ്ധിക്കപ്പെടുകയോ ചെയ്യാതെ പോകുന്ന മേഖലയാണ് ഗാർഹിക  മേഖലയിലെ തൊഴിലാളികളുടെ പ്രശ്നങ്ങൾ.  കുറച്ചുകാലം മുൻപ് വരെ കൊച്ചി നേവൽബേസിലെ ക്ലീനിംഗ് തൊഴിലാളികളുടെ മാസശമ്പളം ഒരു കുപ്പി മദ്യമായിരുന്നു. പിന്നീട് ഗാർഹികതൊഴിലാളികളുടെ പ്രശ്നങ്ങളിൽ തൊഴിൽ സംഘടനകൾ ഇടപെട്ടതിനെതുടർന്നാണ് ചെറിയ ശമ്പളം കിട്ടിത്തുടങ്ങുന്നത്. തൊഴിലാളികൾക്ക് അനുവദിച്ച സെർവന്റ്സ് കോട്ടേഴ്സിൽ തൊഴിൽസമയങ്ങളൊന്നും പാലിച്ചിരുന്നില്ല. 24 മണിക്കൂറിൽ ഏതു സമയത്തു വിളിച്ചാലും ചെല്ലണമെന്നും തൊഴിലാളികൾക്ക് ആൺമക്കളുണ്ടെങ്കിൽ പതിനെട്ടു വയസ്സു തികഞ്ഞാൽ നേവൽ ബേസ് വിട്ടുപോകണമെന്നതും അലിഖിത നിയമമായിരുന്നു. ഈ സമയത്ത് കൃഷ്ണമ്മാളിന്റേയും സംഘടനയുടെയും നേതൃത്വത്തിൽ മൂവ്വായിരത്തോളം വരുന്ന തൊഴിലാളികൾക്കു വേണ്ടി സമരം നടന്നു. എന്നാൽ പതിവുപോലെ പിരിച്ചുവിടൽ ഭീഷണി നടന്നെങ്കിലും സമരം കൂടുതൽ ശക്തമാകുകയാണ് ചെയ്തത്. നേവൽബേസിലേക്ക് മാർച്ച് നടക്കുകയും മിനിമം വേതനം തൊഴിലാളികൾക്ക് നടപ്പിലാക്കുമെന്ന ഉറപ്പിൽ സമരം ഒത്തുതീരുകയുമായിരുന്നു.

ഇലക്ട്രിസിറ്റി കരാർ തൊഴിലാളി യൂണിയൻ, പെർമനന്റ് തൊഴിലാളി യൂണിയൻ, ഷിപ്പ്യാർഡ് തൊഴിലാളി യൂണിയൻ, കൺസ്ട്രക്ഷൻ വർക്കേഴ്സ് യൂണിയൻ തുടങ്ങി പൊതുമേഖലയിലും എൻ.ടി.യു.ഐ നേതൃത്വത്തിൽ തൊഴിലാളിസംഘടനകളുണ്ട്. മിനിമം വേതനം, തൊഴിലിനനുസൃതമായ കൂലി, തൊഴിൽ സംരക്ഷണം, ജോലിസ്ഥിരപ്പെടുത്തൽ, ആനുകൂല്യങ്ങൾ നേടിയെടുക്കൽ തുടങ്ങി വിവിധങ്ങളായ തൊഴിൽപ്രശ്നങ്ങളിൽ എൻ.ടി.യു.ഐ.യും കൃഷ്ണമ്മാളും സജീവമായ ഇടപെടലുകൾ നടത്തി വരുന്നു.

കൃഷ്ണമ്മാളിന്റെ അച്ഛനും അമ്മയും കമ്മ്യൂണിസ്റ്റ് പാർട്ടി രൂപീകരിച്ചതു മുതൽ പാർട്ടി അംഗങ്ങളായിരുന്നു.  വിദ്യാഭ്യാസകാലത്തു ത

ന്നെ എസ്.എഫ്.ഐയുമായി സഹകരിച്ച് പ്രവർത്തിച്ചിരുന്നെങ്കിലും സജീവരാഷ്ട്രീയ ത്തിലിടപെടുന്നത് പാർട്ടിയുടെ മഹിളാരംഗത്ത് പ്രവർത്തിക്കാൻ തുടങ്ങിയത് മുത ലാണ്. കെ.എസ്.ആർ.ടി.സിയിൽ ക്ലർക്കായി ജോലി കിട്ടിയിരുന്നെങ്കിലും ജോലിക്കാര്യം വീട്ടിലറിയിക്കാതെ മഹിളാരംഗത്ത് സജീവമാവാനായിരുന്നു അവരുടെ തീരുമാനം. തുടർന്ന് കൊല്ലം ജില്ലയിലെ സി.പി.എം. മഹിളാരംഗത്തിന്റെ ജില്ലാ സെക്രട്ടറിയായി. പാർട്ടിയിലും ഇക്കാലയളവിൽ കൃഷ്ണമ്മാൾ സജീവമായിരുന്നു. 2002 വരെ പാർട്ടി പ്രവർത്തകയായിരുന്നു. പാർട്ടി പരിപാടി ഭേദഗതി ചെയ്തതോടെ പാർട്ടിയുമായി അ ഭിപ്രായ വ്യത്യാസം ഉണ്ടായി. കുറച്ചു കാലം പാർട്ടിയിൽ പിന്നീട് തുടർന്നു. 2005ൽ എം.സി.പി.ഐ.യു (മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ യുണൈറ്റഡ്) ൽ അംഗമായി. നിലവിൽ പാർട്ടിയുടെ സെൻട്രൽ കമ്മിറ്റി അംഗമാണ്.

സിപിഎമ്മിൽ ഉണ്ടായിരുന്ന സമയത്ത് എം.വി.രാഘവന്റെ നേതൃത്വത്തിൽ നടന്ന സ്ത്രീകൾക്കുള്ള സ്റ്റേറ്റ് വളണ്ടിയർ ക്യാമ്പിൽ പങ്കെടുത്തിരുന്നു. സ്വയരക്ഷക്കായി സ്ത്രീസഖാക്കളെ കായികവും മാനസികവുമായി സജ്ജമാക്കുകയെന്ന ലക്ഷ്യം കൂടി അന്ന് ക്യാമ്പിൽ നിർവ്വഹിക്കപ്പെട്ടു. കണ്ണൂരിൽ വെച്ചു നടന്ന ക്യാമ്പിൽ ഒരു ജില്ലയിൽ നിന്ന് രണ്ടുപേർ വീതം തെരഞ്ഞെടുക്കപ്പെട്ടു. ക്യാമ്പ് ലീഡർ കൃഷ്ണമ്മാളും. തുടർ ന്ന് വനിതസംരക്ഷണബില്ലിനായുള്ള സമരത്തിലും പങ്കെടുത്തിരുന്നു. ഓൾ ഇന്ത്യ ഫെഡറേഷൻ ഓഫ് ഡെമോക്രാറ്റിക് വിമൻ എന്ന വനിതാസംഘടനയിൽ നിലവിൽ അംഗമാണ്. എം.സി.പി.ഐ.യുടെ വനിതാസംഘടനയാണ് എ.ഐ.എഫ്.ഡി.ഡബ് ല്യു.

സംസാരം അവസാനിപ്പിക്കുന്നതിനിടയിൽ ഭാവി സമരപരിപാടികളെക്കുറിച്ചും അവർ പറഞ്ഞു. തൊഴിൽമേഖലകളിലേക്ക് ഏറ്റവും കുറഞ്ഞ കൂലിയിൽ തൊഴിലാ ളികളെ വിതരണം ചെയ്യുന്ന കോൺട്രാക്ടർമാരായ കുടുംബശ്രീക്കെതിരെയുള്ള സമ രമാണ് നിലവിൽ നടക്കുന്നതെന്നാണ് കൃഷ്ണമ്മാൾ പറഞ്ഞത്. കുടുംബശ്രീ വഴി നിയമിതരായ സ്ത്രീകളാരും സ്ഥിരപ്പെട്ടിട്ടില്ലെന്ന് കൃഷ്ണമ്മാൾ പറയുന്നു. വിവിധ വകുപ്പുകളിൽ ക്ലീനിംഗ് തൊഴിലാളികളും അറ്റൻഡർമാരുമൊക്കെയായി കുടുംബശ്രീ വഴി കയറിയവരെ സ്ഥിരപ്പെടുത്തുകയെന്ന മുദ്രാവാക്യമാണ് പുതിയ സമരത്തിന്റേ ത്. ●

## വീട്ടു തൊഴിലാളികൾ – തങ്കം, സത്യവതി




പൈസ തെരാൻ മട്യാ. ഞങ്ങക്ക് ര ണ്ടാക്കും വേറെവേറാളാ തെര്ണത്. ഓള് ഓളെ മൊതലാളിച്ച്യമ്മനോട് പൈ സ കൂട്ടിത്തരണംന്ന് പറ്ഞ്ഞപ്പൊ ഓർ ക്ക് തല പെര്ക്ണ്ന്നാ പർഞ്ഞത്.

ഞങ്ങള് പതിനാല് കൊല്ലായി. രാവി ലെ 8.30 മണിക്ക് ചെന്നാല് 4 മണിക്കേ എറങ്ങാമ്പറ്റൊള്ളൂ. തൊടങ്ങ്യപ്പൊ ദെ വസം 50 ഉറുപ്പ്യാണ്. അങ്ങനെ കൊറേ കൊല്ലം പോയി. അങ്ങനെ കൊറേ ക യ്യുമ്പൊ ഞങ്ങള് കൂട്ടിത്തരാമ്പറയുമ്പൊ 20, 30... ഇപ്പൊ കഴിഞ്ഞ 2 മാസായ്ട്ട് 230 ഉറുപ്പ്യായി. ഒരൂസം പോവാമ്പറ്റീല്ല്യേങ്കി പൈസല്ല്യ.

പണി ഞങ്ങക്ക് ഒരു പ്രശ്നല്ല്യ. കണ്ടമാനം പേറിപ്പോയ്ന്. കയ്ഞ്ഞ മാസം ഞാന് ന്റെ മൊതലാളിനോട് സംസാരിച്ച്. ഞാമ്പറഞ്ഞ്, എത്ര വർഷായി ഞാന് വ്ടെ പണി ചെയ്ണ്. ങ്ങള് ത്ര പൈസല്ലേ തെര്ണൊള്ളൂ. എന്തെല്ലം ജോലി ചെയ് ന്ന്ണ്ട്. ഞാനധവാ പണിട്ക്കാണ്ടായി ന്റെ വീട്ടിൽ പോവ്മ്പം ഇനിക്കെന്താ ള്ളത്ന്ന് ചോയ്ച്ച്. അത്ര വിശ്വാസത്തോട്യല്ലേ ഞങ്ങള് പണിട് ക്ക്ണ്? ഓരെ അലമാര്യൊക്കെ തൊറ ന്ന് പൈസ വെരേ ഞാൻ എടുത്തു കൊട്ക്കണം. എടക്കൊക്കെ ഓര് പ റ്യൂം ചെയ്യും ഒരു കുടുംബം തന്ന്യല്ലേ മ്മള് ന്നൊക്കെ.

**ഓള് ഓളെ മൊതലാളിച്ച്യമ്മനോട് പൈസ കൂട്ടിത്തരണംന്ന് പറ്ഞ്ഞപ്പൊ ഓർക്ക് തല പെര്ക്ണ്ന്നാ പർഞ്ഞത്**

നസീറ നീലോത്ത്




# റെയിൽവേയിലെ ശുചീകരണത്തൊഴിലാളികൾ

നിയമം മൂലം തോട്ടിപ്പണി ഇന്ത്യയിൽ നിരോധിച്ചതാണെങ്കിലും അവ തുടരുന്ന സംസ്ഥാനങ്ങളും സ്ഥലങ്ങളും ഇന്ത്യയിലുണ്ട്. നിത്യവൃത്തിക്കായി ഏതു വൃത്തിഹീനസാഹചര്യത്തിലും അവസ്ഥകളിലും തൊഴിലെടുക്കേണ്ടി വരുന്ന ഇന്ത്യയിലെ ബഹുഭൂരിപക്ഷത്തിന്റെ പ്രതിനിധികളാണ് ഇവരും. എന്നാൽ റെയിൽവേയിലെ ഇത്തരം ക്ലീനിംങ്ങ് തൊഴിലാളികളെക്കുറിച്ച് അധികം ചർച്ചകളും സംവാദങ്ങളും നടക്കാറില്ല.

കോഴിക്കോട് റെയിൽവെസ്റ്റേഷനിലെ ക്ലീനിംഗ് തൊഴിലാളികളിലൊരാളായ പന്തീരാങ്കാവ് സ്വദേശി ലളിതചേച്ചി പറഞ്ഞ് തുടങ്ങിയത് ഇങ്ങനെയാണ്. ഈ തൊഴിൽരംഗത്തെ ചൂഷണം മനസ്സിലാക്കാൻ ഇപ്പോ നിങ്ങളോട് സംസാരിക്കാൻ നിൽക്കുന്ന ഈ അഞ്ചോ പത്തോ മിനുറ്റു മതി ചോദ്യം ചെയ്യലിന്. ഞങ്ങൾ എപ്പോഴും നടക്കണം, പണിയുണ്ടെങ്കിലും ഇല്ലെങ്കിലും പ്ലാറ്റ്ഫോമിൽ എല്ലായ്പ്പോഴും കാണണം, എവിടെയും ഇരിക്കാൻ പാടില്ല. എല്ലാവർക്കും കാലുവേദനയാണ്. കയ്യും കാലുമെന്ന പോലെ കാലുവേദനയും ഞങ്ങൾ ക്ലീനിംഗ് തൊഴിലാളികളുടെ കൂടപ്പിറപ്പാണ്.

ദിവസവേതനത്തിന് കരാർ അടിസ്ഥാനത്തിലാണ് റെയിൽവേ ക്ലീനിംഗ് തൊഴിലാളികളെ നിയമിക്കുന്നത്. ഇപ്പോൾ ദിവസവേതനം 294 രൂപ. മൊത്തം 52 തൊഴിലാളികൾ. രാവിലെയും രാത്രിയുമായി 2 ഷിഫ്റ്റുകൾ.രേഖകൾ പലരും കണ്ടിട്ടില്ലാത്ത പി.എഫും ഉം ഇ.എസ്.ഐയും പിടിച്ച് മാസം മിച്ചം കിട്ടുന്നത് ആറായിരത്തി അഞ്ഞൂറോ ഏഴായിരമോ രൂപ.

രാവിലെ 6 മണിയുടെ ഷിഫ്റ്റിന് എത്തുന്നവർ റെയിൽവേ ഗേറ്റു മുതൽ രണ്ടാം ഗേറ്റു വരെയും മറു വശത്ത് കല്ലായ് ഗേറ്റു വരെയും മാലിന്യങ്ങൾ

രണ്ടായി തിരിഞ്ഞ് പെറുക്കണം. ഇതിനായി നാലു തൊഴിലാളികളാണുണ്ടാവുക. മലവും മൂത്രവും ട്രാക്കിൽ കിടന്നാൽ അത് ഗാർഡിൽ ആണെങ്കിൽ ക്ലീൻ ചെയ്യണമെന്നാണ് തൊഴിലാളികൾക്കുള്ള നിർദ്ദേശം. കുട്ടികളുടെ പാഡിലാണ് അപ്പിയെങ്കിൽ അതെടുത്ത് മറ്റു വേസ്റ്റുകളുടെ കൂട്ടത്തിലിടും. അല്ലാത്തതാണെങ്കിൽ വെള്ളമടിച്ച് തെറിപ്പിക്കുകയോ ബ്ലീച്ചിംഗ് പൗഡർ ഇടുകയോ ചെയ്യും. ഇത് നിർബന്ധമായും ചെയ്യേണ്ട ജോലിയാണ്.



എന്നാൽ രണ്ടു വർഷത്തേക്കായി രണ്ടു സാരിയും ഒരു കോട്ടും മാത്രമേ യൂണിഫോമായി നൽകുന്നുള്ളൂ. ക്ലീനിംഗിലേർപ്പെടുമ്പോൾ യൂണിഫോം ധരിക്കണമെന്നത് നിർബന്ധമാണ്. എന്നാൽ മഴക്കാലമായാൽ യൂണിഫോം ഉണക്കി ഉപയോഗിക്കാൻ സാധിക്കാറില്ലെന്ന തൊഴിലാളികളുടെ പരാതി ഇതുവരെയും കോൺട്രാക്ടറോ റെയിൽവെയോ മറ്റു തൊഴിലാളികൾ അംഗമായ യൂണിയനുകളോ മുഖവിലക്കെടുക്കാറുമില്ല. എട്ടു മണിക്കൂർ എന്ന തൊഴിൽ വ്യവസ്ഥയാണെങ്കിലും പലപ്പോഴും അത് പാലിക്കപ്പെടാറില്ല. 8 മണിക്കൂറിൽ ഭക്ഷണം കഴിക്കാൻ ആകെ ലഭിക്കുന്നത് 1/2 മണിക്കൂറാണ്. ചൂലിനും ക്ലീനിംഗ് പൗഡറുകൾക്കും തുണികൾക്കുമിടയിൽ നിന്ന് ഭക്ഷണം കഴിക്കാനും ഇരിക്കാനും സൗകര്യം വേണമെന്ന ഏറെകാലത്തെ ആവശ്യത്തിനൊടുവിൽ ഒരു മുറി ഇപ്പോൾ അനുവദിച്ചിട്ടുണ്ട്. എന്നാൽ പെട്ടെന്നൊരു വയ്യായ്ക വന്നാൽ തൊഴിലാളികൾക്ക് ഒന്നു വിശ്രമിക്കാൻ പോലും സൗകര്യങ്ങളില്ല. മുടക്കുന്ന അധ്വാനത്തിനാവശ്യമായ കൂലി ലഭിക്കുന്നില്ലെങ്കിലും പിരിയുമ്പോൾ പെൻഷനെങ്കിലും കിട്ടുമെന്ന പ്രതീക്ഷയിൽ ഇവർ വീണ്ടും ദിവസവും ജോലിക്കെത്തുന്നുണ്ട്. ●

## ബേബിയേച്ചി, വൃത്തിയാക്കൽ തൊഴിലാളി




ബുദ്ധിമുട്ടൊന്നുല്ല്യ, ശമ്പളണ്ട്. ഇഷ്ടത്തിന്ള്ള പണിയെട്ക്കാ, പോവാ. ഞാന് പ്പൊ മിഠായിത്തെരുവ്ലെ പ്രസിഡന്റാണല്ലോ, പെൺകൂട്ടിന്റെ.

ചെലപ്പ അഞ്ച് മണിക്കെണീക്കും, നാല് മണിക്കെണീക്കും, ന്റെ ഷ്ടത്തിന്. വീട്ട്ലെ പണ്യെല്ലം കഴിഞ്ഞ്ട്ട് ഞാന് ങ്ങോട്ടേക്ക് വരും. ഉച്ചക്ക് ഒരൊന്നര മണ്യാവ്മ്പൊ വീട്ടിലെത്തും. മൂന്ന് ജെർമൻ ഷെപ്പ് നായെണ്ട്, അതിനെനോക്കണം. ഭർത്താവിന് ചോറ് കൊട്ക്കണം, മോളെ കാര്യങ്ങള് നോക്കണം. അലക്കണം. പണി വൈന്നേരം വരേ ണ്ടാവും. അത് കൈഞ്ഞാല് പിന്നെ ചപ്പാത്തിപ്പണിണ്ട്. മക്കള് വന്ന് തിന്ന് കൈഞ്ഞാല് പിന്നെ അത് വൃത്തിയാക്കാ. ഉച്ചകൈഞ്ഞാല് പണിണ്ട്. അത് മെല്ലെമെല്ലെങ്ങനെട്ക്കാ.
അത് ശീലിച്ചോയി. ഞാന് പതിമൂന്നാമത്തെ വയസ്സില് വീട്ടു പണിക്ക് പോയി തൊടങ്ങ്യതാണ്.
അത് ഈ നിമിഷം വരെ ണ്ട്.

**വെറ്തേ നിക്കലില്ല്യ. അത് നിക്കിഷ്ടല്ല്യ. ന്റെ മോള് പറയും അമ്മ വെറ്തേ നിക്കേല്ല്യാന്ന്.**

പെൺപക്ഷം



അജിത കെ.

**അംഗങ്ങളും അദ്ധ്യക്ഷയും രാഷ്ട്രീയപാർട്ടി ഭാരവാഹികളാകുമ്പോൾ അവരുടെ നേതാക്കൾ പ്രതികളാക്കപ്പെടേണ്ട കേസുകളിൽ എങ്ങനെഅവർക്ക് നീതിപൂർവ്വമായ, ഇരകൾക്ക് വേണ്ടിയുള്ള നിലപാടെടുക്കാനാവും?**

# ഇത്തരമൊരു വനിതാ കമ്മീഷൻ എന്തിന്?

വനിതാകമ്മീഷൻ കുടുംബകമ്മീഷനാക്കണമെന്ന് പുരുഷപീഡനക്കമ്മറ്റിക്കാർ ആവശ്യപ്പെടുന്നതായി ഈയിടെ പത്രത്തിൽ വായിച്ചു. എന്നാൽ ഞാൻ ചോദിക്കുന്നത് നമുക്കെന്തിനിത്തരമൊരു വനിതാകമ്മീഷൻ എന്നാണ്.

സ്ത്രീക്കെതിരായ അതിക്രമങ്ങൾ ഒരു സാമൂഹ്യപ്രശ്നമായി അംഗീകരിക്കപ്പെട്ടതു മുതൽ വനിതാകമ്മീഷൻ ദേശീയതലത്തിലും സംസ്ഥാനതലങ്ങളിലും വേണമെന്നുള്ള സർക്കാർ തീരുമാനം വന്നു. കേരളത്തിൽ ആദ്യത്തെ വനിതാ കമ്മീഷൻ നിലവിൽ വന്നപ്പോൾ സ്ത്രീ പ്രശ്നങ്ങളിൽ ഇടപെട്ട് പ്രവർത്തിക്കുന്ന പ്രസ്ഥാനങ്ങൾ വളരെയേറെ പ്രതീക്ഷിച്ചു. സ്ത്രീകൾക്കെതിരായ അതിക്രമങ്ങളുടെ പ്രശ്നങ്ങളുന്നയിക്കുന്ന ഞങ്ങളെ പോലുള്ള പ്രവർത്തകർ അന്നുവരെ സ്ത്രീജീവിതത്തെ ബാധിക്കുന്ന ഏതു കാര്യവും സ്വാകാര്യമാണെന്നും ഇത്തരം അതിക്രമങ്ങൾ പൊതുസമൂഹം കൈകാര്യം ചെയ്യേണ്ട വിഷയമല്ലെന്നും കരുതിപ്പോന്ന മുഖ്യവ്യവസ്ഥയെത്തന്നെ ഇളക്കിമറിച്ചു. തെരഞ്ഞെടുപ്പുകൾ വരുമ്പോൾ എതിരാളിയെ ഇല്ലാതാക്കാൻ ഉപയോഗിക്കുന്നതിൽ കവിഞ്ഞ പ്രാധാന്യമൊന്നും പ്രമാദമായ ഇത്തരം കേസുകൾക്ക് (തങ്കമണി സംഭവം ഒരു ഉദാഹരണം) രാഷ്ട്രീയപാർട്ടികളും കൊടുത്തില്ല. ഈയൊരു പശ്ചാത്തലത്തിലാണ് വനിതാ കമ്മീഷൻ പിറവി കൊണ്ടത്.

നമ്മുടെ പ്രിയപ്പെട്ട സുഗതകുമാരി ടീച്ചറാണ് ആദ്യത്തെ കമ്മീഷന്റെ അദ്ധ്യക്ഷയാക്കപ്പെട്ടത്. കമ്മീഷനിലെ മറ്റംഗങ്ങൾ പാർട്ടികളുടടെയും മുന്നണികളുടെയും നോമിനികളായിരുന്നു. എങ്കിലും സുഗതകുമാരി ടീച്ചർക്ക് വനിതാകമ്മീഷനിലെ പദവിയിലൂടെ സ്ത്രീപീഢനപ്രശ്നങ്ങളിലിടപ്പെടാൻ കഴിയുമെന്ന് സ്ത്രീസമൂഹം പ്രതീക്ഷിച്ചു. തുടർന്നുള്ള അനുഭവങ്ങൾ വളരെ

വേദനാജനകമായിരുന്നു. പല പ്രശ്നങ്ങളിലും ഇടപെടാൻ ശ്രമിച്ച സുഗതകുമാരി ടീച്ചറേയും വനിതാകമ്മീഷനെയും പ്രതിചേർത്തുകൊണ്ട് പത്തിരുപത് കേസുകളാണ് ഹൈക്കോടതിയിലുണ്ടായിരുന്നത്. പോലീസിന്റെയും ജുഡീഷ്യറിയുടെയും നിസ്സഹകരണം, സർക്കാർ വേണ്ടത്ര പ്രവർത്തനഫണ്ട് നൽകാതിരിക്കുക, വനിതാകമ്മീഷന് നിയമപ്രകാരം സ്റ്റാറ്റ്യൂട്ടറി അധികാരങ്ങൾ ഇല്ലാതിരിക്കുക എന്നീ തടസ്സങ്ങൾക്ക് പുറമെ പ്രശ്നങ്ങളിൽ വിശാലമായ സ്ത്രീതാല്പര്യങ്ങളോടുള്ള പ്രതിബദ്ധതക്ക് പകരം പാർട്ടി താല്പര്യങ്ങൾക്കനുസരിച്ച് നിലപാടടുക്കുന്ന കമ്മീഷൻ അംഗങ്ങൾ ഇത്തരം സാഹചര്യങ്ങളൊക്കെയും പുറകോട്ടു വലിച്ച കമ്മീഷന് സ്ത്രീസമൂഹത്തിന്റെ പ്രതീക്ഷക്കൊത്ത് ഉയരാൻ കഴിഞ്ഞില്ല. ഐസ്ക്രീം പാർലർ കേസിലെ അനുഭവങ്ങൾ മാത്രം ഒരുദാഹരണമായെടുക്കാം. ആവശ്യമായ തെളിവുകൾ ശേഖരിച്ച് ഈ കേസന്വേഷണം സി.ബി.ഐയെ ഏൽപ്പിക്കണമെന്ന് ശുപാർശ ചെയ്യുന്ന പ്രമേയം കമ്മീഷനിൽ വോട്ടിനിട്ടപ്പോൾ അദ്ധ്യക്ഷതയുടെ ഒരൊറ്റ വോട്ടുകൊണ്ടു മാത്രമാണ് പാസ്സായത്. തുടർന്ന് മുഖ്യമന്ത്രി നായനാരെ ടീച്ചർ നേരിട്ട് കണ്ട് ഈ പ്രമേയം കൊടുത്തുവെങ്കിലും അതിനൊരു പ്രതികരണവും സർക്കാർ ഭാഗത്തുനിന്ന് ഉണ്ടായില്ല.

സർക്കാറുകൾ മാറിമാറിവരുമ്പോൾ കമ്മീഷന്റെ ഘടനമാറുന്നു. കമ്മീഷന്റെ തലപ്പത്ത് പിന്നീട് വന്ന അദ്ധ്യക്ഷമാർ ഒരാളൊഴികെ എല്ലവരും രാഷ്ട്രീയനേതാക്കളായിരുന്നു. അംഗങ്ങളും അദ്ധ്യക്ഷയും രാഷ്ട്രീയപാർട്ടി ഭാരവാഹികളാകുമ്പോൾ അവരുടെ നേതാക്കൾ പ്രതികളാക്കപ്പെടേണ്ട കേസുകളിൽ എങ്ങനെഅവർക്ക് നീതിപൂർവ്വമായ, ഇരകൾക്ക് വേണ്ടിയുള്ള നിലപാടെടുക്കാനാവും?

വനിതാകമ്മീഷൻ ശുപാർശ പ്രകാരം സ്ത്രീപീഡനങ്ങൾ ഗ്രാമങ്ങളിൽ തടയാൻ പഞ്ചായത്തുകൾ തോറും ജാഗ്രതാസമതികൾ രൂപീകരിക്കപെട്ടിട്ടും ഏറെ വർഷങ്ങൾ കഴിഞ്ഞു. ജാഗ്രതാസമിതികളെ സ്ത്രീ പ്രശ്നങ്ങളെകുറിച്ചും സ്ത്രീ അവകാശങ്ങൾക്ക് വേണ്ടിയുള്ള നിയമങ്ങളെ കുറിച്ചും ബോധവൽക്കരിക്കാൻ ചില പരീശീലനപരിപാടികൾ നടക്കുന്നുണ്ടെങ്കിലും ജാഗ്രതാസമിതികൾ ഒന്നും തന്നെ ഫലപ്രദമായി പ്രവർത്തിക്കുന്നില്ലെന്ന് ഇന്ന് എല്ലാവർക്കുമറിയാം. അടുത്ത കാലത്ത് ജാഗ്രതാസമിതികൾ നിർബന്ധമായും വാർഡ് തലത്തിൽ രൂപീകരിക്കണമെന്ന് സർക്കാറിന്റെ ഓർഡിനൻസ് ഉണ്ടായിരുന്നുവെങ്കിലും കാര്യങ്ങൾ എത്രത്തോളം മുന്നോട്ട് പോയെന്ന കണ്ട് തന്നെ അറിയണം.

ഇനിയിപ്പോൾ പുതിയ സർക്കാർ വരാൻ പോവുകയാണ്. കേരളത്തിൽ ഇനി ആര് അധികാരത്തിൽ വന്നാലും വനിതാകമ്മീഷൻ ഫലപ്രദമായി ഇടപെടൽ നടത്തണമെങ്കിൽ കേരള സ്ത്രീവേദി ഉന്നയിച്ചിരുന്ന ആവശ്യങ്ങൾ ഞാൻ ഇവിടെ ഒന്നുകൂടി ഊന്നി പറയുന്നു.

1. *കേരള വനിതാകമ്മീഷൻ അദ്ധ്യക്ഷ ഒരിക്കലും ഒരു പാർട്ടി പ്രവർത്തകയായിരിക്കാൻ പാടില്ല. സ്ത്രീ പ്രശ്നങ്ങൾ കൈകാര്യം ചെയ്ത് വർഷങ്ങളോളം അനുഭവങ്ങൾ ഉണ്ടാവുകയും സ്ത്രീ പ്രശ്നങ്ങളിൽ നീതിപൂർവ്വം നിലപാടുകളെടുക്കാൻ സന്നദ്ധതയുമുള്ള സ്ത്രീ ആയിരിക്കണം.*
2. *വനിതാകമ്മീഷൻ അംഗങ്ങൾ പാർട്ടി പ്രവർത്തകരാണെങ്കിൽ അതാത് പാർട്ടികളിലെ ഭാരവാഹിത്വത്തിൽ നിന്ന് കമ്മീഷനിൽ അംഗമായിരിക്കുന്നടത്തോളം മാറിനിൽക്കേണ്ടതുണ്ട്.*
3. *വനിതാകമ്മീഷന് സ്റ്റാറ്റ്യൂട്ടറി അധികാരം കൊടുത്തിരിക്കണം.*
4. *വനിതാകമ്മീഷന് പ്രവർത്തനഫണ്ട് സർക്കാർ നൽകുന്നതോടൊപ്പം സർക്കാറോ ഭരണമുന്നണിയോ അതിന്റെ പ്രവർത്തനങ്ങളിൽ കൈകടത്താനോ സ്വാധീനിക്കാനോ പാടില്ല.*

യഥാർത്ഥ ജനാധിപത്യ സ്പിരിറ്റ് ഉൾക്കൊണ്ട് ഇത്തരത്തിൽ വനിതാകമ്മീഷനെപുന:സംഘടിപ്പിക്കാതെ പഴയതുപോലെ പർട്ടിക്കാർ മാത്രം അടങ്ങുന്ന കമ്മറ്റി തന്നെയാണ് വരുന്നതെങ്കിൽ ഇങ്ങനെയൊരു വനിതാകമ്മീഷൻ ഞങ്ങൾക്ക് വേണ്ടെന്ന് കേരള സ്ത്രീ സമൂഹം ഉച്ചത്തിൽ വിളിച്ചുപറയേണ്ടതുണ്ട്. ●



രഞ്ജിനി ബാല

# അതിജീവനത്തിന്റെ പെൺശബ്ദങ്ങൾ : സപ്ലൈകോ തൊഴിലാളികളുടെ സമരം

അസംഘടിതമായൊരു ചട്ടക്കൂടിനകത്താണ് രാജ്യത്തെ 93 ശതമാനത്തിലധികവും തൊഴിൽമേഖലകൾ നിലനിൽക്കുന്നത്. സംഘടിതമേഖലയിലെ നിയമ പരിരക്ഷകളൊന്നും അസംഘടിത മേഖലയിലെ തൊഴിലാളികൾക്കു ലഭിക്കുന്നില്ല. ആയതിനാൽ തൊഴിൽ അവകാശങ്ങൾ നിഷേധിക്കപ്പെട്ട് തൊഴിലാളി എന്ന അംഗീകാരം ലഭിക്കാതെ നിരന്തരം ചൂഷണത്തിനു വിധേയരാകുന്നുണ്ടിവർ. പ്രത്യേകിച്ച് തൊഴിൽ രംഗത്തെ സ്ത്രീകൾ. നമ്മുടെ തൊഴിലാളി കാഴ്ചപ്പാടുകളിൽ സ്ത്രീകൾ ഉൾപ്പെടാത്തതുകൊണ്ടു തന്നെ അവരുടെ അവകാശങ്ങൾക്ക് യാതൊരു അടിസ്ഥാനവും കൽപ്പിക്കപ്പെടുന്നില്ല. സ്ത്രീകൾക്ക് പ്രത്യേക പരിരക്ഷ നൽകുന്നുവെന്ന് അവകാശമുന്നയിക്കുന്ന നമ്മുടെ സർക്കാർ സ്ഥാപനങ്ങളിൽ പോലും ഇതാണ് അവസ്ഥ.

## വഞ്ചിക്കുന്ന സർക്കാർ കോർപ്പറേഷനുകൾ

സർക്കാർ ഉടമസ്ഥയിലുള്ള സിവിൽസപ്ലൈസ് കോർപ്പറേഷന്റെ സപ്ലൈകോയിൽ കോഴിക്കോട്ടെ വിവിധ സ്ഥാപനങ്ങളിൽ വർഷങ്ങളായി പായ്ക്കിംഗ് തസ്തികയിൽ ജോലി ചെയ്യുന്ന സ്ത്രീ തൊഴിലാളികളാണ് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ തൊഴിലാളി വിരുദ്ധനയങ്ങളിൽ പ്രതിഷേധിച്ച് സമരവുമായി അസംഘടിത മേഖലാ തൊഴിലാളി യൂണിയന്റെ (എ.എം.ടി.യു) നേതൃത്വത്തിൽ മുന്നോട്ടുവന്നിരിക്കുന്നത്. സിവിൽ സപ്ലൈസ് കോർപ്പറേഷനിലെ ഏറ്റവും താഴെ തട്ടിലുള്ള ജോലിയാണ് പായ്ക്കിംഗ്. പായ്ക്കിംഗ് നടത്തിയെങ്കിൽ മാത്രമേ മാവേലിസ്റ്റോറുകളിൽ കൃത്യമായി സാധനങ്ങൾ എത്തിക്കുവാനും വിൽക്കുവാനും സാധിക്കൂ. സപ്ലൈകോയിൽ ലക്ഷങ്ങൾ വരുമാനമുണ്ടാക്കിക്കൊടുക്കുന്നത് മന്ത്രിമാരും ഓഫീസർമാരുമല്ല, താഴെത്തട്ടിൽ തൊഴിലെടുക്കുന്ന തൊഴിലാളികളാണ്. പിന്നെയെങ്ങനെയാണ് ഇവരുടെ ന്യായമായ അവകാശങ്ങളെ നിഷേധിക്കാൻ കഴിയുന്നത്?

10–30 വർഷങ്ങളായി പീസ്റേറ്റ് നിരക്കിൽ സപ്ലൈകോയിൽ തൊഴിലെടുക്കുന്നവരാണ് ഇവർ. പായ്ക്കറ്റിന് 50 പൈസ നിരക്കിലാണ് ഇവരുടെ വേതനം നിശ്ചയിച്ചിരിക്കുന്നത്. ഇത് നേരത്തെ 30 പൈസയായിരുന്നു. 2014ലെ ഹൈക്കോടതിയുടെ ഉത്തരവ് (34286/2014) പ്രകാരമാണ് ഇത് 50 പൈസയായി ഉയർത്തിയത്. ഈ വർദ്ധനവിനു ശേഷം ഇവർ കാലാകാലങ്ങളായി പായ്ക്ക് ചെയ്തു കൊണ്ടിരിക്കുന്ന സാധനങ്ങളുടെ എണ്ണം കുറക്കുകയും ചെയ്തു. ഇതിലൂടെ ഇവരുടെ വരുമാനം കുറച്ചിരിക്കുകയാണ്. പീസ്റേറ്റ് നിരക്ക് 50 പൈസയിൽ നിന്നും 75 പൈസയിലേക്കോ 1 രൂപയിലേക്കോ ഉയർത്തിയെന്നാൽ പോലും അതിന്റെ പ്രയോജനം സ്വകാര്യകമ്പനികളിലേക്കെത്തിച്ചേരുന്ന വിധത്തിലുള്ള നയങ്ങളാണ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ കൈക്കൊള്ളുന്നത്. ഒരേ സമയം പായ്ക്കിംഗ്

തൊഴിലാളികളോടും സാധാരണക്കാരായ ജനങ്ങളോടും സിവിൽ സപ്ലൈസ് കോർപ്പറേഷൻ ചെയ്യുന്ന വഞ്ചനയാണിത്. സപ്ലൈകോയിലെ തൊഴിലാളികൾ പായ്ക്ക് ചെയ്ത് 6 രൂപയ്ക്ക് നമുക്ക് ലഭ്യമായിരുന്ന കടുക് സ്വകാര്യ കമ്പനികൾ മുഖേനസപ്ലൈകോയിൽ എത്തുമ്പോൾ 10 രൂപക്കാണ് ലഭിക്കുന്നത്. ഇങ്ങനെപായ്ക്കിംഗ് ചാർജ്ജ് വർദ്ധിപ്പിക്കുമ്പോൾ കമ്പോള നിലവാരവും സപ്ലൈകോ സാധനങ്ങളുടെ വിലനിലവാരവും വലിയ അന്തരമുണ്ടാകില്ല. സാധാരണക്കാർക്ക് ന്യായമായ വിലയിൽ സാധനങ്ങൾ എത്തിക്കാൻ വേണ്ടി സർക്കാർ ഉണ്ടാക്കിയ സംവിധാനത്തിനകത്തു തന്നെ അങ്ങേയറ്റം നീചമായ രീതിയിലുള്ള തൊഴിലാളി  അവഗണനയും അഴിമതിയും നടക്കുന്നുവെന്നും ഇത് തെളിയിക്കുന്നു.

പ്രതിമാസം 1500 രൂപ പോലും ലഭിക്കാത്തവരാണ് സപ്ലൈകോയിലെ പായ്ക്കിംഗ് തൊഴിലാളികൾ. ശർക്കര, പഞ്ചസാര, മുളക് തുടങ്ങിയ ഉല്പന്നങ്ങൾ പായ്ക്ക് ചെയ്യുന്നതിനായി തൊഴിലാളികൾ അമിതമായി അദ്ധ്വാനിക്കുന്നുണ്ട്. നാലാൾ ജോലി ചെയ്താൽ ഒരാൾക്കോ രണ്ടാൾക്കോ മാത്രം കൂലി നൽകിയും അവരുടെ അദ്ധ്വാനത്തിനുള്ള കൂലി യഥാസമയങ്ങളിൽ നൽകാതെ ഉൽപ്പന്നങ്ങൾ വിറ്റഴിച്ചതിന് ശേഷം മാത്രം നൽകിയും തൊഴിൽ വഞ്ചനയും തൊഴിലാളി വിരുദ്ധതയുമാണ് സപ്ലൈകോ കാണിച്ചു കൂട്ടുന്നത്. എല്ലാ വർഷവും തൊഴിലാളികൾക്ക് കിട്ടിക്കൊണ്ടിരുന്ന ബോണസ് ഇത്തവണ മൂന്നു പേർക്കുമാത്രമാണ് ലഭിച്ചത്. ബോണസ്, കിറ്റ്, പി.എഫ് തുടങ്ങി തൊഴിലാളികളുടെ എല്ലാ ആനുകൂല്യങ്ങളിലും തട്ടിപ്പുകളും  ക്രമക്കേടുകളും നടക്കുന്നുണ്ട്. ഇത്തരമൊരു സാഹചര്യത്തിലാണ് തൊഴിലാളികൾക്ക് മിനിമം വേതനം നൽകുക, പിടിച്ചു വച്ച ബോണസ് തിരിച്ച് നൽകുക, മുഴുവൻ പായ്ക്കിംഗ് തൊഴിലാളികളെയും തൊഴിലാളികളായി അംഗീകരിക്കുക, അനുമതി നിഷേധിച്ച കടുക്, ഉലുവ, ജീരകം എന്നിവ പായ്ക്ക് ചെയ്യാനുള്ള അനുമതി തിരിച്ച് നൽകുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് തൊഴിലാളികൾ സമരരംഗത്തേക്കു ചുവടുവെച്ചത്. തൊഴിലാളിയുടെ ഏറ്റവും അടിസ്ഥാനപരമായ അവകാശങ്ങൾ മാത്രമാണ് ഇവർ ആവശ്യപ്പെടുന്നത്. 1948ൽ ഇന്ത്യാ ഗവൺമെന്റ് കൊണ്ടുവന്ന വ്യവസായ നയത്തിൽ മറ്റു പല നിർദ്ദേശങ്ങൾക്കൊപ്പം മിനിമം വേതനം നിർണ്ണയിക്കപ്പെടേണ്ടതുണ്ടെന്ന ആവശ്യം ചൂണ്ടിക്കാണിക്കുന്നുണ്ട്. തൊഴിലുടമയുടെ ചൂഷണത്തിൽ നിന്നും തൊഴിലാളികളെ സംരക്ഷിക്കാനുള്ള ഈ നിർദ്ദേശങ്ങൾ ഗവൺമെന്റിനു കീഴിലുള്ള സ്ഥാപനങ്ങളിൽ പോലും പ്രാവർത്തികമാകുന്നില്ലെന്നതാണ് വാസ്തവം.

## വിവേചനത്തിന്റെ ബഹുമുഖം

തൊഴിൽരംഗത്ത് സ്ത്രീകളനുഭവിക്കുന്ന വിവേചനവും അവകാശലംഘനവും അസംഘടിതരായ അവർ പ്രതികരിക്കുകയില്ലെന്നും സമരവുമായി മുന്നോട്ടുവരികയില്ലെന്നുമുള്ള പൊതുമനോഭാവത്തിൽ നിന്നുണ്ടായതാണ്.  ഇതുകൊണ്ടാണ് തുച്ഛമായ കൂലിക്ക് ഇവർ തൊഴിൽ ചെയ്യേ

**സാധാരണക്കാർക്ക് ന്യായമായ വിലയിൽ സാധനങ്ങൾ എത്തിക്കാൻ വേണ്ടി സർക്കാർ ഉണ്ടാക്കിയ സംവിധാനത്തിനകത്തു തന്നെ അങ്ങേയറ്റം നീചമായ രീതിയിലുള്ള തൊഴിലാളി  അവഗണനയും അഴിമതിയും നടക്കുന്നുവെന്നും ഇത് തെളിയിക്കുന്നു.**



ണ്ടി വരുന്നത്, അവകാശങ്ങൾ നിഷേധിക്കപ്പെടുന്നത്. നമ്മുടെ ഭരണകൂടവും സമൂഹവും ഇന്നും ഒരു പുരുഷമേധാവിത്വ ചട്ടക്കൂടിനകത്താണ്. കുടുംബത്തിലും സമൂഹത്തിലും വലിയ രീതിയിലുള്ള ലിംഗവിവേചനം നിലനിൽക്കുന്നുണ്ട്. ഇന്ന് പക്ഷേ പുരുഷന്മാരെ പോലെ കുടുംബത്തിലെ സാമ്പത്തിക ഉത്തരവാദിത്തങ്ങൾ സ്ത്രീകളുടേതുമാണ്. വീടിനു പുറത്ത് ജോലി ചെയ്യുന്ന സ്ത്രീകൾക്ക് വീടിനകത്തെ ഉത്തരവാദിത്തങ്ങളിൽ നിന്ന് യാതൊരു അയവും കിട്ടാറില്ല. ഇരട്ടി ജോലിയാണ് വീട്ടിലും തൊഴിലിടങ്ങളിലുമായി ഇവർക്കു വേണ്ടി മാറ്റിവെക്കുന്നത്. ഇവ രണ്ടും ഒന്നിച്ചു കൊണ്ടുപോകുന്നതിൽ സ്ത്രീ അനുഭവിക്കുന്ന മാനസിക പിരിമുറുക്കവും ശാരീരിക അസ്വാസ്ഥ്യതകളും ചെറുതല്ല. സപ്ലൈകോ തൊഴിലാളികളിൽ പലരും അവിവാഹിതകളും വിധവകളുമാണ്. ഇവരെ മാത്രം ആശ്രയിച്ച് മുന്നോട്ടു പോകുന്ന കുടുംബങ്ങളുമുണ്ട്. ഇവർ എങ്ങനെയാണ് ഈ തുച്ഛമായ വേതനം കൊണ്ട് ജീവിതം കരുപിടിപ്പിക്കുകയും പട്ടിണിയകറ്റുകയും ചേയ്യേണ്ടത്? സമൂഹത്തിലും കുടുംബത്തിലും ഒരേ ഉത്തരവാദിത്തങ്ങൾ നിറവേറ്റുന്ന സ്ത്രീക്കും പുരുഷനും വ്യത്യസ്ത രീതിയിലുള്ള വേതനമെന്നത് എത്ര വിവേചനപരമാണ്?

**വീടിനു പുറത്ത് ജോലി ചെയ്യുന്ന സ്ത്രീകൾക്ക് വീടിനകത്തെ ഉത്തരവാദിത്തങ്ങളിൽ നിന്ന് യാതൊരു അയവും കിട്ടാറില്ല. ഇരട്ടി ജോലിയാണ് വീട്ടിലും തൊഴിലിടങ്ങളിലുമായി ഇവർക്കു വേണ്ടി മാറ്റിവെക്കുന്നത്. ഇവ രണ്ടും ഒന്നിച്ചു കൊണ്ടുപോകുന്നതിൽ സ്ത്രീ അനുഭവിക്കുന്ന മാനസിക പിരിമുറുക്കവും ശാരീരിക അസ്വാസ്ഥ്യതകളും ചെറുതല്ല.**

## പുത്തൻ പ്രതിരോധം

മിനിമം വേതനമെന്നത് തൊഴിലാളിസ്ത്രീകളുടെ വർഷങ്ങളായുള്ള ആവശ്യമാണ്. മന്ത്രിമാർക്കും റീജണൽ ഓഫീസർമാർക്കും മാറി മാറി അപേക്ഷകൾ അയച്ചിട്ടും നിരവധി തൊഴിൽ സംഘടനകൾക്കൊപ്പം പ്രവർത്തിച്ചിട്ടും തൊഴിൽ മേഖലയിൽ അടിസ്ഥാനആവശ്യങ്ങൾ നേടിയെടുക്കാൻ ഇവർക്കു കഴിഞ്ഞില്ല. എ.എം.ടി.യു പോലൊരു സംഘടനയുടെ പ്രസക്തിയും ഇടപെടലും വ്യക്തമാകുന്നത് ഇവിടെയാണ്. എ.എം.ടി.യുവിന്റെ നേതൃത്വത്തിൽ 24.2.16 ബുധനാഴ്ച രാവിലെ 10 മണിക്ക് സപ്ലൈക്കോ റീജിണൽ ഓഫീസിനു മുന്നിൽ മുപ്പത്താറോളം പായ്ക്കിംഗ് തൊഴിലാളികൾ പ്രതിഷേധ ധർണ്ണ നടത്തുകയും ഇവരുടെ ആവശ്യങ്ങൾ അംഗീകരിക്കുന്നതുവരെക്കും അനിശ്ചിതകാല സമരം തുടരുകയും ചെയ്യുമെന്ന ആഹ്വാനം നൽകിക്കഴിഞ്ഞു. കെ.അജിത, ജാനമ്മ കുഞ്ഞുണ്ണി (മുൻ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ), അഡ്വ.ആതിര, പി.വിജി, സാവിത്രി കെ., ശോഭ പി.കെ., റീനഎം., ചിത്ര കെ. എന്നിവർ പ്രതിഷേധ ധർണ്ണയിൽ പങ്കെടുത്തു സംസാരിച്ചു.

തൊഴിലാളി സംഘടനകൾക്ക് പേരുകേട്ട കേരളത്തിൽ സ്ത്രീതൊഴിലാളികളുടെ അവസ്ഥ ശോചനീയമാണ്. വർഷങ്ങളായി പായ്ക്കിംഗ് തസ്തികയിൽ തൊഴിൽ തുടരുന്ന ഇവർക്ക് ഇന്ന് ബാക്കിയാകുന്നത് കുറെ കടങ്ങളും രോഗങ്ങളുമാണ്. എല്ല് തേയ്മാനം, ശ്വാസതടസ്സം തുടങ്ങിയ രോഗങ്ങൾ കൊണ്ട് വലയുന്ന ഇവർക്ക് പ്രതിമാസ തുക ആശുപത്രിയിൽ പോകാൻ പോലും തികയുന്നതല്ല. കടക്കെണിയുടെയും കൂട്ട ആത്മഹത്യയുടെയും മുൾമുനയിൽ നിന്നുകൊണ്ടുള്ള ഈ സ്ത്രീ ശബ്ദങ്ങൾ അധികാരികളുടെ ചെവികളിലെത്തട്ടെ. ഈ പോരാട്ടം അവകാശങ്ങൾ നേടിയെടുക്കാനുള്ള ഇവരുടെ ദൃഢപ്രതിജ്ഞയാണ്. ●

ഉപ്പും മുളകും


ഗീത

# പെണ്ണുങ്ങൾ വോട്ടു ചെയ്യാനുള്ള യന്ത്രങ്ങൾ അല്ല

**എന്തുകൊണ്ട് നിയമനിർമ്മാണ സഭകളിൽ സ്ത്രീപ്രാതിനിധ്യം വർദ്ധിക്കണം എന്നത് അറിയാത്തവരല്ല സ്ഥാനാർത്ഥിപ്പട്ടിക തയ്യാറാക്കുന്നത്. തെരഞ്ഞെടുപ്പു പ്രഖ്യാപിക്കുന്നതുവരെ ഇവർ സ്ത്രീകൾക്കുവേണ്ടി പലതും പറഞ്ഞുകൊണ്ടിരിക്കും. തെരഞ്ഞെടുപ്പു പ്രഖ്യാപിക്കുന്നതോടെ ഈ ചങ്കരൻമാർ വീണ്ടും തെങ്ങിൽക്കയറും.**

**2016** ലെ നിയമസഭാതെരഞ്ഞെടുപ്പിന്റെ സ്ഥാനാർത്ഥിപ്പട്ടിക പുറത്തിറക്കി കഴിഞ്ഞു. എൽ.ഡി.എഫ് കഷ്ടിച്ച് 12% സ്ത്രീകളെ സ്ഥാനാർത്ഥികളാക്കിയിട്ടുണ്ട്. യു.ഡി.എഫ് അഞ്ചു ശതമാനം മാത്രം. അതിൽത്തന്നെ മുസ്ലിംലീഗ്, കേരള കോൺഗ്രസ്സ് എന്നീ സംഘടനകൾ പൂജ്യം സ്ത്രീകളെ സ്ഥാനാർത്ഥികളാക്കുന്നു. തെരഞ്ഞെടുപ്പു ചരിത്രത്തിൽ ഇതുവരെ മുസ്ലിംലീഗും കേരളകോൺഗ്രസും എത്ര സ്ത്രീകളെ മത്സരിപ്പിച്ചു എന്നുകൂടി പരിശോധിക്കേണ്ടതുണ്ട്. എല്ലാ മുന്നണികളും കൂടി നിർത്തുന്ന സ്ഥാനാർത്ഥികളിൽ സ്ത്രീകളുടെ ശതമാനം പത്തു പോലുമില്ല എന്നത് എത്ര ലജ്ജാകരമാണ്.

ഇതിനൊക്കെ നേരത്തെ തയ്യാർ ചെയ്തൊരു മറുപടിയുണ്ട്- തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ അമ്പതുശതമാനം സ്ത്രീസംവരണം! അതിലുണ്ടായ പാകപ്പിഴകൾ, സ്ത്രീകളുടെ കഴിവുകേടുകൾ, ഭർത്താക്കന്മാരുടെ അധികാരപ്രയോഗം .അതിനു പരിഹാരമുണ്ടായി. ഇത്തവണ സ്ത്രീസംവരണമണ്ഡലങ്ങൾ മാറ്റിക്കളഞ്ഞു. പ്രഗത്ഭകളായ സ്ത്രീകൾക്ക് ഒരവസരംകൂടി നല്കുന്നതിനുപകരം പുതിയ 'അപ്രഗത്ഭകളെ'

കണ്ടെത്തേണ്ടിവന്നു.

എന്തുകൊണ്ട് നിയമനിർമ്മാണ സഭകളിൽ സ്ത്രീപ്രാതിനിധ്യം വർദ്ധിക്കണം എന്നത് അറിയാത്തവരല്ല സ്ഥാനാർത്ഥിപ്പട്ടിക തയ്യാറാക്കുന്നത്. തെരഞ്ഞെടുപ്പു പ്രഖ്യാപിക്കുന്നതുവരെ ഇവർ സ്ത്രീകൾക്കുവേണ്ടി പലതും പറഞ്ഞുകൊണ്ടിരിക്കും. തെരഞ്ഞെടുപ്പു പ്രഖ്യാപിക്കുന്നതോടെ ഈ ചങ്കരൻമാർ വീണ്ടും തെങ്ങിൽക്കയറും. പിന്നെ തങ്ങൾ സ്ത്രീകൾക്കുവേണ്ടി കൊണ്ടുവരാൻ ഉദ്ദേശിക്കുന്ന പദ്ധതികളെ പറ്റിയാകും ഗീർവാണങ്ങൾ. അടിത്തട്ടുവിഭാഗം സ്ത്രീകളെക്കൂടി കടക്കാരികളാക്കുന്ന തന്ത്രം അവർ ഉറപ്പിക്കും. പെണ്ണുങ്ങളെ ഒന്നടങ്കം ഉപഭോഗസംസ്ക്കാരത്തിന്റെ ഏജന്റുകളോ ഇരകളോ ആക്കിമാറ്റാൻ ഇവർക്കുകഴിയുന്നു.

ആത്മാർത്ഥതയോടെ ഇച്ഛാശക്തിയോടെ ഈ മുഖ്യധാരാരാഷ്ട്രീയ സംഘങ്ങൾ സ്ത്രീകൾക്കുവേണ്ടി ഇന്നുവരെ എന്തുനടപ്പാക്കി? കുടുംബശ്രീ, ജെണ്ടർപാർക്ക്, സ്ത്രീസെമിനാറുകൾ ഇങ്ങനെപലതുമാകും ഉത്തരങ്ങൾ.

അതിലപ്പുറം സ്ത്രീനീതി ഉറപ്പാക്കുന്ന എത്ര നിയമങ്ങൾ ഇവർക്കു കൊണ്ടുവരാനായി? നിയമങ്ങൾകൊണ്ട് പ്രശ്നങ്ങൾ മുഴുവൻപരിഹരിക്കപ്പെടും എന്നുഞാൻ വിശ്വസിക്കുന്നില്ല. പക്ഷെ, അതെങ്കിലും വേണം. അഥവാ കൊണ്ടുവരുന്ന നിയമങ്ങളിലെ സ്ത്രീവിരുദ്ധതയെ ചെറുക്കാനുള്ള സംഘബലമെങ്കിലും നിയമസഭക്കുള്ളിൽ വേണം. അതറിയുന്നതുകൊണ്ടുതന്നെയാവണം ഇന്ത്യൻ പാർലമെന്റ് സ്ത്രീസംവരണ ബില്ല് പാസാക്കിയില്ല. ഓരോകക്ഷിയും പ്രതിപക്ഷത്തിരിക്കുമ്പോൾ അതിനുവേണ്ടി പ്രസംഗിക്കും. പക്ഷേ, ഭരണകക്ഷിയായാൽ കാര്യം കീഴ്മേൽ മറിയും. സംവരണമണ്ഡലങ്ങൾ യാഥാർത്ഥ്യമാകാത്തതിനുകാരണം രാഷ്ട്രീയ സംഘടനകളുടെ അറിവില്ലായ്മയല്ല ഒത്തുകളി മാത്രമാണ്. കാരണം ഒരധികാരിയും അയാളിരിക്കുന്ന അധികാരസ്ഥാനത്തുനിന്ന് സ്വമേധയാ മാറിത്തരികയില്ല.

എനിക്കുതോന്നുന്നു, ഇക്കാര്യത്തിൽ സ്ത്രീകൾ തന്നെ സംസാരിച്ചു തുടങ്ങേണ്ടിയിരിക്കുന്നുവെന്ന്. കക്ഷിരാഷ്ട്രീയ വ്യത്യാസങ്ങൾക്കും മതങ്ങൾക്കും അതീതമായി സ്ത്രീകളുടെ ഒരൈക്യം ഇനിയെങ്കിലും വികസിച്ചുവരേണ്ടതുണ്ട്. അല്ലെങ്കിൽ കല്പാന്തകാലത്തോളം ഈ നില ഇന്ത്യയിലും കേരളത്തിലും തുടരാനാണ് സാധ്യത. അതുകൊണ്ട് ആണുങ്ങളെ വോട്ട് ചെയ്ത് ജയിപ്പിക്കാൻ മാത്രമുള്ള യന്ത്രങ്ങളല്ല തങ്ങളെന്ന് ബോധ്യപ്പെടുത്താനുള്ള ബാധ്യത സ്ത്രീകൾക്കുമാത്രമാണ്. അത്രമേൽ പുരുഷാധിപത്യപരമായതുകൊണ്ട് കാലം കെട്ടുപോയിരിക്കുന്നു എന്ന തിരിച്ചറിവിലേക്ക് നമ്മൾ പെണ്ണുങ്ങൾ ക്രിയാത്മകമായി ഉണർന്നേ മതിയാകൂ. ഈ ഉണർവ്വിനെ നമുക്ക് സത്യസന്ധമായി പുറത്തെടുക്കുക. ●


## സൃഷ്ടികൾ ക്ഷണിക്കുന്നു

**സ്ത്രീകളിൽ നിന്ന്, മുമ്പ് പ്രസിദ്ധീകരിക്കാത്തതും മൗലികവുമായ രചനകൾ ( ലേഖനം, കഥ, കവിത, ചിത്രങ്ങൾ)**

*രചനകളോടൊപ്പം പാസ്പോർട്ട് സൈസ് ഫോട്ടോയും അയക്കേണ്ടതാണ്.*

## സംഘടിത മാസിക

**വരിസംഖ്യാ നിരക്ക്**

| | |
|---|---|
| ഒറ്റപ്രതി | :20രൂപ |
| വാർഷിക വരിസംഖ്യ | :200രൂപ |
| വിദേശത്തേക്ക് ഒറ്റപ്രതി | :100 രൂപ |
| വിദേശത്തേക്ക് വാർഷിക വരിസംഖ്യ | :1000 രൂപ |

കവർസ്റ്റോറി
അഭിമുഖം



സീന ആന്റണി



# പോരാട്ടത്തിൽ തളരാതെ ട്രാഫിക് വാർഡൻ പത്മിനി

**തൊ**ഴിൽ ഇടത്തിലെ മാന്യതയ്ക്ക് വേണ്ടി ശബ്ദം ഉയർത്തിയതിന്റെ പേരിൽ മർദ്ദനം നേരിടേണ്ടി വന്ന ഒരു വ്യക്തിയായാണ് കൊച്ചിയിലെ ട്രാഫിക് വാർഡൻ പത്മിനിയെ കേരളം ആദ്യം കാണുന്നത്. ഗതാഗതനിയന്ത്രണ മേഖലയിൽ ഏർപ്പെടുന്ന സ്ത്രീകളുടെ അരക്ഷിതാവസ്ഥയിലേക്ക് കണ്ണു തുറക്കുന്നതായിരുന്നു അവരുടെ പ്രതികരണം. രാഷ്ട്രീയ-അധികാര സമ്മർദ്ദങ്ങൾക്ക് മുന്നിൽ തല കുനിയ്ക്കാതെ പത്മിനി നടത്തിയ നിയമ പോരാട്ടം ഇപ്പോഴും അവസാനിച്ചിട്ടില്ല. രാഷ്ട്രീയ കേരളം ഉറ്റുനോക്കുന്ന തൃപ്പൂണിത്തുറ മണ്ഡലത്തിൽ നിന്ന് നിയമസഭയിലേക്ക് മൽസരിക്കാൻ തീരുമാനിച്ചുകൊണ്ട് പത്മിനി തന്റെ പോരാട്ടത്തിന്റെ പുതിയ വഴികൾ തുറക്കുകയാണ്. ജനകീയ നീതിവേദിയുടെ സ്ഥാനാർത്ഥിയായാണ് പത്മിനി തൃപ്പൂണിത്തുറയിൽ ജനവിധി തേടുന്നത്.

**സ്ഥാനാർത്ഥിത്വത്തെക്കുറിച്ച്**

ജയിക്കാൻ വേണ്ടി മൽസരിക്കുന്നതല്ല. പക്ഷേ, പ്രതിഷേധം അറിയിക്കാനാണ് ഈ ശ്രമം. എന്നെപ്പോലെ നീതി ലഭിക്കാത്ത നിരവധി പേരുണ്ട്. അവരുടെ പ്രതിനിധിയാണ് ഞാൻ. പ്രസംഗിച്ച് കയ്യടി നേടാനല്ല, പ്രവർത്തിച്ച് കയ്യടി നേടുകയാണ് ലക്ഷ്യം.

*ലൈൻ ട്രാഫിക്കിലേക്ക് എത്തുന്നത്*

2007 ലാണ് ഞാൻ ട്രാഫിക് വാർഡൻ എന്ന ജോലിയിലേക്ക് പ്രവേശിക്കുന്നത്. അതിന് മുൻപ് ഹോം നേഴ്സായും ,സെക്യൂരിറ്റി ജീവനക്കാരിയായുമൊക്കെ ജോലി നോക്കിയിട്ടുണ്ട്. ജോലി തുടങ്ങിയ സമയത്ത് എനിക്ക് നല്ല പ്രോത്സാഹനമായിരുന്നു. മികച്ച രീതിയിൽ ഡ്യൂട്ടി ചെയ്തതിന് മരട് സ്റ്റേഷനിൽ നിന്ന് എനിക്ക് ഫലകം ലഭിച്ചിട്ടുണ്ട്.

എന്നാൽ ഒരു ഡിസിസി ഭാരവാഹിയുമായി റോഡിൽ വച്ച് പ്രശ്നം ഉണ്ടായതിന് ശേഷം കാര്യങ്ങൾ മാറി മറിഞ്ഞു. അയാൾ എന്നെ റോഡിൽ ഇട്ട് മർദ്ദിച്ചു. ഞാൻ കേസ് ഫയൽ ചെയ്തു. ആദ്യ ദിവസങ്ങളിൽ ഡിപ്പാർട്ട്മെന്റിൽ നിന്ന് അനുകൂല സമീപനം ലഭിച്ചിരുന്നു. അപ്പോൾ തോന്നി, ഉറപ്പായും നീതി കിട്ടുമെന്ന്. പക്ഷേ, രണ്ട് മൂന്ന് ദിവസത്തിനുള്ളിൽ കാര്യങ്ങൾ മാറി മറിഞ്ഞു. കേസുമായി ഞാൻ മുന്നോട്ട് പോകുമെന്ന് ഉറപ്പായപ്പോൾ ഡിപ്പാർട്ട്മെന്റ് എനിയ്ക്കെതിരായി. ഒരു ഹെഡ് കോൺസ്റ്റബിളും എസ്ഐയും എനിയ്ക്കെതിരെ കള്ളസാക്ഷി പറഞ്ഞു. ഹെഡ്കോൺസ്റ്റബിൾ

അഷ്റഫ് അപമര്യാദയായി പെരുമാറുന്നതിനെ ഞാൻ എതിർത്തിരുന്നു. എനിക്കെതിരെ അപവാദ പ്രചാരണം നടത്താൻ അയാൾക്ക് ഇത് ഒരു കാരണമായി.

*ആരോപണങ്ങൾ, അപവാദങ്ങൾ*

കേസുമായി മുന്നോട്ട് പോയപ്പോൾ ഞാൻ തന്റേടിയായി. ആ യൂണിഫോം ഇട്ടുകൊണ്ട് റോഡിൽ ഡ്യൂട്ടി ചെയ്തുകൊണ്ടിരുന്നപ്പോഴാണ് എന്നെ മർദ്ദിച്ചത്. ഞാൻ എന്റെ കാര്യത്തിനല്ല അവിടെ പോയത്. പക്ഷേ, സംഭവത്തെ കുറിച്ച് അന്വേഷിക്കാതെ എന്റെ പശ്ചാത്തലം അന്വേഷിക്കാനായിരുന്നു ഡിപ്പാർട്ട്മെന്റിന് തിടുക്കം. നിലപാട് എടുത്തതിന്റെ പേരിലാണ് എനിക്ക് പ്രശ്നങ്ങൾ ഉണ്ടായത്.

*പറയുന്നവർ പറയട്ടെ, ഇതെന്റെ ജീവിതം*

എനിക്ക് ഭർത്താവില്ല. ഞാനും എന്റെ രണ്ട് മക്കളും മാത്രം. സ്വദേശം പുനലൂർ അടുത്ത് ആര്യൻകാവ് എന്ന് പറയും. സ്വന്തമായി അധ്വാനിച്ച് ജീവിക്കണം എന്ന് തന്നെയായിരുന്നു എന്റെ എല്ലാക്കാലത്തേയും ആഗ്രഹം. അങ്ങനെയൊരു ജോലിയ്ക്കായാണ് കൊച്ചിയിൽ എത്തിയത്. ഒപ്പം കുട്ടികളെ പഠിപ്പിക്കാനും. ഇപ്പോൾ മക്കളെ രണ്ടു പേരേയും വിവാഹം കഴിച്ചയച്ചു. എനിക്ക് നേരെയുള്ള ആരോപണങ്ങളുടേയും ഭീഷണികളുടേയും പശ്ചാത്തലത്തിൽ അവരെ സുരക്ഷിതമായ കൈകളിലേക്ക് ഏൽപ്പിക്കാൻ തിടുക്കമായിരുന്നു. അതുകൊണ്ട് കൃത്യം പതിനെട്ടാം വയസിൽ തന്നെ ഇളയ മകളെ വിവാഹം കഴിപ്പിച്ചയക്കേണ്ടി വന്നു. എന്റെ അടുത്തില്ലെങ്കിലും അവർ സുരക്ഷിതരാണല്ലോ എന്ന ആശ്വാസമുണ്ട്. ഇപ്പോൾ ഞാൻ തനിച്ചായി. അതാണിപ്പോഴത്തെ എന്റെ ധൈര്യം. എന്നെ എങ്ങനെയൊക്കെ സമൂഹത്തിന് മുന്നിൽ മോശക്കാരിയായി ചിത്രീകരിക്കാമോ അതിനാണ് ചുറ്റിലുമുള്ളവർ ശ്രമിക്കുന്നത്. പ്രത്യേകിച്ചും ഞാൻ ജോലി ചെയ്യുന്ന സ്ഥാപനത്തിലെ ചിലർ. കാരണം ഞാൻ ഒറ്റയ്ക്ക് ജീവിക്കുന്ന ഒരു സ്ത്രീയാണല്ലോ. മോശക്കാരിയാക്കി ചിത്രീകരിക്കുന്നതിൽ വിജയിക്കുന്നില്ല എന്ന് കണ്ടപ്പോൾ എന്നെ മാനസികരോഗി ആക്കാനായി ശ്രമം.

*ചൂട്+ ദാഹം+ അലച്ചിൽ = ജോലി + ആരോഗ്യ പ്രശ്നങ്ങൾ*

അഞ്ചരയ്ക്ക് തുടങ്ങും ഒരു ദിവസത്തെ പണികൾ. രാവിലെ വീട്ടിലെ പണികൾ എല്ലാം ഒതുക്കി ഏഴരയ്ക്ക് സ്റ്റേഷനിൽ റിപ്പോർട്ട് ചെയ്യണം. എട്ട് മണിക്ക് ഡ്യൂട്ടി തുടങ്ങും. പിന്നെ ആ നിൽപ്പ് ഉച്ചയ്ക്ക് രണ്ട് മണി വരെ. അതിനിടയിൽ മൂത്രം ഒഴിക്കാനോ വെള്ളം കുടിയ്ക്കാനോ ഭക്ഷണം കഴിയ്ക്കാനോ ഉള്ള ഇടവേളകൾ ഇല്ല. മൂത്രം ഒഴിയ്ക്കാനോ വെള്ളം കുടിയ്ക്കാനോ ഒന്ന് മാറുന്ന സമയത്തായിരിക്കും ഹാജർ മാർക്ക് ചെയ്യാൻ ചുമതലയുള്ള ഉദ്യോഗസ്ഥൻ ഒരു പക്ഷേ വരിക. നമ്മെ ഡ്യൂട്ടി സ്ഥലത്ത് കണ്ടില്ലെങ്കിൽ 'അവധി' മാർക്ക് ചെയ്ത് പോയ്ക്കളയും. മാസത്തിൽ 30 ദിവസവും ജോലി ചെയ്താൽ ലഭിക്കുന്നത് 9000 രൂപയാണ്. ഈ കാശ് വച്ച് വേണം നിത്യച്ചെലവ് കണ്ടെത്താനും കുട്ടികളുടെ കാര്യങ്ങൾ നോക്കാനും. അതുകൊണ്ട് ഡ്യൂട്ടി സമയത്ത് പുറത്ത് നിന്ന് ഭക്ഷണം കഴിയ്ക്കുന്നത് ഒഴിവാക്കും. രാവിലെ ഇറങ്ങിയാൽ പിന്നെ എന്തെങ്കിലും കഴിയ്ക്കുന്നത് ഡ്യൂട്ടി കഴിഞ്ഞ് വീട്ടിലെത്തിയതിന് ശേഷമാണ്.

## ഈ പൊള്ളുന്ന വെയിലിൽ പണിയെടുക്കുന്നവർക്ക് 50 രൂപയെങ്കിലും കൂട്ടി നൽകിക്കൂടേ... ഏസി വാങ്ങാനല്ലാ... കുറച്ച് വെള്ളമെങ്കിലും വാങ്ങിക്കുടിക്കാൻ...

ട്രാഫിക്ക് വാർഡൻ ആയി ജോലി നോക്കാൻ തുടങ്ങിയിട്ട് 8 വർഷത്തോളമാകുന്നു. ഈ യൂണിഫോമിനോട് എന്നും നീതി പുലർത്താൻ സാധിച്ചിട്ടുണ്ട് എന്നാണ് എന്റെ വിശ്വാസം. എന്നാൽ വെയിലിലും പുകയിലും പൊടിയിലും നിന്നുള്ള ജോലി ആരോഗ്യത്തെ കാര്യമായി ബാധിച്ചിട്ടുണ്ട്. ആസ്തമ, എല്ല് തേയ്മാനം, മൂത്രത്തിൽ പഴുപ്പ് തുടങ്ങിയ വിവിധ രോഗങ്ങൾ. എന്നാൽ ഏതെങ്കിലും തരത്തിലുള്ള മെഡിക്കൽ അലവൻസോ മറ്റ് ആനുകൂല്യങ്ങളോ ട്രാഫിക് വാർഡൻമാർക്ക് ലഭിക്കുന്നില്ല. പ്രൈവറ്റ് സെക്യൂരിറ്റി ഏജൻസി ആണ് ഇപ്പോൾ കൊച്ചിയിൽ ട്രാഫിക് വാർഡൻമാരെ നൽകുന്നത്. ഇതിന്റെ ഉടമസ്ഥനെതിരെ നിരവധി പരാതി നൽകിയിട്ടും നടപടിയോ അന്വേഷണമോ ഒന്നും ഉണ്ടായിട്ടില്ല.എന്തെങ്കിലും പറയുകയോ പ്രതിഷേധിക്കുകയോ ചെയ്താൽ അപ്പോൾ ജോലി നഷ്ടപ്പെടും. ജോലി വേണം, കാശ് വേണം. അതുകൊണ്ട് ബാക്കിയുള്ളവർ എന്തെങ്കിലും ആയിക്കോട്ടെ എന്ന മനോഭാവത്തിലാണ് പലരും പണിയെടുക്കുന്നത്. ഈ പൊള്ളുന്ന വെയിലിൽ പണിയെടുക്കുന്നവർക്ക് 50 രൂപയെങ്കിലും കൂട്ടി നൽകിക്കൂടേ.... എസി വാങ്ങാനല്ലാ... കുറച്ച് വെള്ളമെങ്കിലും വാങ്ങിക്കുടിക്കാൻ....

പത്മിനി പറഞ്ഞുനിർത്തുമ്പോൾ ഉള്ളു പൊള്ളിക്കുന്ന ചില ചോദ്യങ്ങൾ ബാക്കിയാകുന്നു. ഭരണകൂടം കേൾക്കാൻ ആഗ്രഹിക്കാത്ത ഇത്തരം ചോദ്യങ്ങൾക്ക് ഉത്തരം ലഭിക്കാതെ വരുമ്പോൾ പ്രതിസ്ഥാനത്ത് നിൽക്കുന്നത് അധികാര വർഗം മാത്രമല്ല, അവർക്ക് ഒത്താശ ചെയ്ത് കൊടുക്കുന്ന സമൂഹത്തിന്റെ അലംഭാവം കൂടിയാണ്. ●



# ചെടിയമ്മ



സുഭിഷ

## ആരെയും കാണിക്കാതെയാണ് വല്യപ്പൻ മരുന്നുകൾ പറിക്കുക. അത് ഞാൻ ഒളിച്ചിരുന്ന് പഠിക്കും. (കള്ളച്ചിരി)

*പരിസ്ഥിതിയോടും ഔഷധച്ചെടികളോടും താൽപര്യം തോന്നാനുണ്ടായ പ്രചോദനം എന്തായിരുന്നു?*

എന്റെ വല്ല്യപ്പനും വല്ല്യപ്പന്റെ അപ്പന്റെ അനിയനും കോട്ടയം ജില്ലയിലെ പാരമ്പര്യമായി പച്ചമരുന്ന് ചികിത്സക്കാരായിരുന്നു. ആ രീതിയാണ് ഞാനിന്നും. തുടരുന്നത് വല്ല്യപ്പൻ പഠിപ്പിച്ചു തന്ന ഈ ചികിത്സാരീതിയിൽ ചികിത്സ നേടാൻ ഇന്ന് പല സ്ഥലങ്ങളിൽ നിന്നും പുറത്തു നിന്നും ആളുകൾ വരുന്നുണ്ട്.

*ചെടികൾ വളരെ ചെറുപ്പം മുതലേ സംരക്ഷിച്ചു തുടങ്ങിയിട്ടുണ്ടോ?*

ഉണ്ട്. വളരെ ചെറുപ്പത്തിൽ തന്നെ നട്ടുവളർത്തി തുടങ്ങിയതാണ്. ഞാൻ ആദ്യകാലങ്ങളിൽ താമരശ്ശേരി രൂപതയിൽ 'COD' യ്ക്ക് ക്ലാസ്സെടുക്കാറുണ്ടായിരുന്നു. അന്ന് മുറിവെണ്ണയുണ്ടാക്കാൻ ഉങ്ങുമരം ബാലുശ്ശേരി അങ്ങാടിയിലായിരുന്നു ഉണ്ടായിരുന്നത്. അവിടെ പോയി തൊലി ചെത്തിയെടുത്താണ് മുറി വെണ്ണ ഉണ്ടാക്കുന്നത്. കുറേ കാലം കഴിഞ്ഞ് അവിടുന്ന് തൊലി ചെത്താൻ സമ്മതിക്കാതായപ്പോൾ ഒരു കമ്പ് വീട്ടിൽ കൊണ്ടുവന്ന് നട്ടു. അതിപ്പൊ വല്ല്യമരമായി. ഇപ്പോ ഒരുപാട് സ്ഥലത്തു നിന്നും അതിന്റെ തൊലി ചെത്തി കൊണ്ടുപോകുന്നുണ്ട്. തൈകൾ കൊടുക്കുന്നുണ്ട്. കുറേ നഷ്ടപ്പെടുന്നുണ്ട് വേണ്ടത്ര സംരക്ഷണമില്ലാത്തതിനാൽ.

*ചെടിയമ്മയുടെ സംരക്ഷണമില്ലാതെ വരുന്ന കാലത്ത് ഈ ചെടികളെല്ലാം നശിച്ചു പോകുമെന്നാണോ പറയുന്നത്?*

ഞാനിപ്പോ ഇവിടെ ജോലി ചെയ്യുകയായതിനാൽ (മുക്കം ഹൈലൈഫ്) കുറേ ചെടികൾ ചട്ടിയിലാക്കി ഇവിടെ നട്ടു. ഇവിടെ ആളുകൾ അത് നന്നായി നോക്കാൻ സഹകരിക്കുന്നുണ്ട്. വീട്ടിൽ നട്ടത് പലതും മരമായി. അതുകൊണ്ട് നശിക്കുന്ന കാര്യത്തിൽ പേടിയില്ല.

*കേരളത്തിലുള്ള ഔഷധചെടികളാണോ ഇവി*

*ടെ ഉള്ളത്?*

എവിടെ പോയാലും ഞാൻ എനിക്കില്ലാത്ത എന്തെങ്കിലും പ്രത്യേക ചെടി കണ്ടാൽ അത് വീട്ടിൽ നട്ടുപിടിപ്പിക്കും. തിരുവനന്തപുരത്തു നിന്ന് കൊണ്ടുവന്നതാണ് 'മുറിപൂട്ടി' എന്നു പറയുന്ന ചെടി. വായ്പുണ്ണിന്, അൾസറിന്, ചോരപോകുന്ന മൂലക്കുരുവിന് വരെ ഈ ചെടി ഉപയോഗിക്കുന്നു. ഇപ്പോ സോറിയാസിസിനും ഉപയോഗിക്കുന്നുണ്ട്. എന്റെ മകൻ ബ്ലഡ് കാൻസർ വന്ന് 23ാം വയസ്സിൽ മരിച്ചു. അതിനുശേഷം കാൻസറിനെപ്പറ്റി പഠിച്ച് ഞാൻ ഒരു പുസ്തകമെഴുതി. ഇന്ന് കാൻസർ ചികിത്സയ്ക്ക് ആളുകൾ വരുന്നുണ്ട്. ബ്ലഡ്കാൻസറിനൊന്നും കാര്യമായിട്ട് ചികിത്സയില്ല!

*ഔഷധച്ചെടികളും പ്രകൃതിയും പച്ചപ്പും എല്ലാം ആസ്വദിച്ച് വളർന്ന കുട്ടിക്കാലത്തെപ്പറ്റിയുള്ള ഓർമ്മകൾ എന്തൊക്കെയാണ്?*

കുട്ടിക്കാലത്ത് എനിക്ക് മൂന്നോനാലോ വയസ്സുള്ളപ്പോൾ ഔഷധച്ചെടികൾക്കിടയിലൂടെ ഓടി നടന്നിരുന്ന സമയം എന്റെ വല്യപ്പൻ ചികിത്സചെയ്യുന്നത് കണ്ട് പിറകെ നടന്ന് ചെടികളുടെ പേര് പഠിക്കാൻ വലിയ താല്പര്യമായിരുന്നു. ആ വയസ്സിൽ പഠിച്ചതൊന്നും മറക്കില്ലല്ലോ. ആരെയും കാണിക്കാതെയാണ് വല്യപ്പൻ മരുന്നുകൾ പറിക്കുക. അത് ഞാൻ ഒളിച്ചിരുന്ന് പഠിക്കും. (കള്ളച്ചിരി) അന്ന് പഠിച്ചിരുന്ന കാര്യങ്ങൾ ഇന്ന് നിരവധിപേർക്ക് പകർന്നുകൊടുക്കാനായി.

*വല്യപ്പച്ചനു ഔഷധച്ചെടികളോടും ചികിത്സയോടും എങ്ങനെ താല്പര്യം വന്നു?*

പരമ്പരാഗതമായി ചികിത്സ ചെയ്യുന്ന കുടുംബമാണ് ഞങ്ങളുടേത്.

*ഔഷധച്ചെടി നടുന്നതിനും ചികിത്സ നടത്തുന്നതിനും കുട്ടികളുടേയും ഭർത്താവിന്റെയും സമൂഹത്തിന്റേയും സഹകരണം എത്രത്തോളമുണ്ട്?*

കുട്ടികളുടെ സഹകരണമൊന്നുമില്ല. ഭർത്താവിന് നല്ല സഹകരണമായിരുന്നു.

*സാധാരണ നമ്മുടെ പറമ്പിലും തൊടിയിലും കണ്ടുവരുന്ന ചെടികളിൽ ഔഷധ ഗുണമുള്ളത് ഏതൊക്കെയാണ്?*

തൊട്ടാവാടി, ചെറൂള, തഴുതാമ, തുമ്പ

*അമ്മയുടെ ഒരു ദിവസം എങ്ങനെ ചെലവാക്കുന്നു?*

ഓരോ ദിവസവും വളരെ തിരക്കു പിടിച്ചതാണ്. രോഗികൾ വരുന്നു. ചികിത്സിച്ചു ഭേദമാക്കുന്നു. ചിട്ടയായ ഭക്ഷണരീതി കാരണം സമപ്രായക്കാരേക്കാൾ ഊർജ്ജവും ആരോഗ്യവും നിലനിൽക്കുന്നു. ചെടികളെ പരിപാലിക്കുന്നു, മരുന്നുണ്ടാക്കുന്നു, ക്ലാസ്സെടുക്കാൻ പോകുന്നു അങ്ങനെ പോകുന്നു... ●

## ശോഭ – സപ്ലൈകോ പാക്കിംഗ് തൊഴിലാളി




ഞാന് സപ്ലൈകോയ്ലിപ്പം പതിനെട്ടാമത്തെ വർഷായി. ഒരുമാസംപ്പ കിട്ടണത് 2,500 അത്രൊക്ക്യേള്ളൂ. ഞാൻ ഷുഗറ്ള്ള ആളാണ്. മര്ന്നിനെന്നെ വേണം 1,000 ഉറ്പ്പ്യ എല്ലാ മാസോം.

ഈ കടുക്, ഉലുവ, ജീരകൊക്കെള്ള സമയത്ത് 5,6 ഒക്കെ ണ്ടേർന്നു. 9 മാസായി അത് മുഴ്വൻ കളഞ്ഞ്ട്ട്. അയിന് ശേഷാണ് ങ്ങന്യായത്.

രാവിലെ ഒര് പത്ത് മണി മുതല് 6–7 മണി വര്യൊക്കെ പണിണ്ടാവും. ഓണോം വിഷൂം ഒക്ക്യാവുമ്പൊ 7 30 ഒക്ക്യാവും. റെസ്റ്റേണ്ടാവൂല്ല. ചോറുണ്ണണ സമയോം ചായ കുടിക്കണ സമയോം മാത്രേ ള്ളൂ. ഞങ്ങള്പ്പം മൂന്ന് പേരാള്ളത്.

**വ്യത്ത്യാക്കുമ്പൊ അലർജിണ്ട്. എടക്ക് ശ്വാസം മുട്ട്ന്ന പോലെ തോന്നും...**

കഥ




ഫഹന എം.വി

# തേൻവരിക്ക പ്ലാവിന്റെ സങ്കടം

**ഓരോ മരവും വെട്ടിക്കളയുമ്പോൾ അതിനു പകരമായി വേറെയൊരു മരത്തിന്റെ തൈ വെച്ചു പിടിപ്പിക്കേണ്ട സാമാന്യ മര്യാദയെങ്കിലും മനുഷ്യർക്ക് ഉണ്ടായിരുന്നെങ്കിൽ എത്ര നന്നായിരുന്നേനെ.**

ഞാനൊരു തേൻവരിക്ക പ്ലാവിൻ തൈയ്യാണ്. അപ്പുവിന് തേൻവരിക്ക ചക്കയുടെ രണ്ട് ചുള കിട്ടിയത് അവന്റെ അമ്മയുടെ ബന്ധുവീട്ടിൽ വിരുന്നുപോയപ്പോഴാണത്രെ. അവന് അത് നന്നായി ഇഷ്ടപ്പെട്ടു. അത്രമാത്രം രുചിയും മധുരവുമുണ്ടായിരുന്നു അതിന്. വയർ നിറയെ കഴിക്കണം എന്നുണ്ടായിരുന്നു അപ്പുവിന്. തേൻവരിക്കപ്ലാവുകൾ വെട്ടി മുറിച്ചതിനാൽ ഞാനിന്നൊരു അപൂർവ്വ ഫലമായി മാറിയിരിക്കുന്നത് അപ്പുവിന് അറിയില്ലല്ലോ. ഞങ്ങൾ വളർന്നു വരാൻ വർഷങ്ങൾ വേണ്ടി വരും. ഞങ്ങളെ വെട്ടി നശിപ്പിക്കാൻ മനുഷ്യന് ഒരൊറ്റ നിമിഷം മതി. ഓരോ മരവും വെട്ടിക്കളയുമ്പോൾ അതിനു പകരമായി വേറെയൊരു മരത്തിന്റെ തൈ വെച്ചു പിടിപ്പിക്കേണ്ട സാമാന്യ മര്യാദയെങ്കിലും മനുഷ്യർക്ക് ഉണ്ടായിരുന്നെങ്കിൽ എത്ര നന്നായിരുന്നേനെ. എന്തായാലും അപ്പു ആ രണ്ടു ചുളകളും കഴിച്ചതിനു ശേഷം അതിന്റെ വിത്ത് അവന്റെ നിക്കറിന്റെ പോക്കറ്റിലിട്ട് വീട്ടിലേക്ക് കൊണ്ടു വന്ന് ശ്രദ്ധാപൂർവ്വം നട്ടു. സ്കൂളിൽ പോകുന്നതിന് മുമ്പായി ദിവസവും രാവിലെ അവൻ എനിക്ക് വെള്ളമൊഴിച്ച് തരാറുണ്ട്. ഭൂമിയുടെ അടിഭാഗത്തു



നിന്നും മുകുളമായി തലയുയർ
ത്തി വന്ന ആദ്യ ദിവസം അപ്പു
വിന്റെ മുഖം സന്തോഷം കൊണ്ട്
തുടുത്തതും അപ്പു തുള്ളിച്ചാടി
യതും ഞാൻ കണ്ടു. അപ്പു എനി
ക്ക് വളമായി ചാണകവും
നൽകി. നന്നായി എന്നെ പരിപാ
ലിച്ചപ്പോൾ എന്റെ വളർച്ച പെട്ടെ
ന്നായി മാറി. എന്റെ ഓരോ ഇ
ലയും അപ്പു പിടിച്ചു നോക്കും.
ഞാനപ്പോൾ വല്ലാതെ സന്തോ
ഷിക്കാറുണ്ട്. പക്ഷേ, അവനോട്
നന്ദി രേഖപ്പെടുത്താൻ എനിക്ക്
കഴിയില്ലല്ലോ. എങ്കിലും കാറ്റിന്റെ
സഹായത്താൽ ഞാൻ തലയാട്ടാ
റുണ്ട്. അല്ലാതെ ഞാൻ എന്തു
ചെയ്യാനാണ്. ഞാൻ വളർന്ന്
അപ്പുവിനോടുള്ള പ്രത്യുപകാര
മായി നിറയെ ചക്കകൾ നൽക
ണമെന്നാണ് എന്റെ മനസ്സിനു
ള്ളിലെ ആഗ്രഹം. അതിനിടയിൽ
വേറെയാരും എന്നെ വെട്ടി
ക്കൊല്ലാതിരിക്കട്ടെ എന്നാണ് എ
ന്റെ പ്രാർത്ഥന. അപ്പുവിന്റെ അ
ച്ഛൻ ഒരു ദിവസം പറയുന്നത്
കേട്ടു. “എടാ നീ രാവിലെയും
വൈകുന്നേരവും ആ പ്ലാവിന്റെ
ചുവട്ടിൽ തന്നെ. അത് ഞാൻ പി
ഴുത് കളയുന്നത് വരെയുണ്ടാവും
ഭക്ഷണം പോലും കഴിക്കാതെ
നിന്റെ അതിന്റടുത്തേക്കുള്ള ഓ
ട്ടം. അതൊന്നു കായ്ഫലം നൽ
കണമെങ്കിൽ എത്ര വർഷം കഴി
യണം” എന്നാണ് അച്ഛൻ അവ
നോട് ചോദിച്ചത്. അപ്പുവിന്റെ
അച്ഛനും എത്ര വർഷങ്ങൾ കഴി
ഞ്ഞാണ് വളർന്നത് എന്നെനിക്ക്
ചോദിക്കണം എന്നുണ്ടായിരുന്നു.
പക്ഷേ ഒന്നും പറയാൻ കഴിയാ
ത്തതിൽ എനിക്ക് വല്ലാത്ത അ
മർഷവും സങ്കടവും തോന്നി. എ
ന്താണ് ഈ മനുഷ്യർ ഇങ്ങനെ?
ഒരു മരം വെച്ച ഉടനെ കായ്ഫ
ലം നല്കണമെങ്കിൽ മരങ്ങൾ മാ
യാവിദ്യകൾ പഠിക്കേണ്ടി വ
രില്ലേ? എല്ലാവരും ഇങ്ങനെ ചി
ന്തിക്കാൻ തുടങ്ങിയാൽ ഭൂമി
യിൽ മരങ്ങൾ ഉണ്ടാവുമോ? മനു
ഷ്യർ ഭൂമിയിൽ മരങ്ങൾ വെക്കു
മ്പോൾ അവർക്കും അവരുടെ മ
ക്കൾക്കും മാത്രമല്ലല്ലോ അതിന്റെ
ഗുണം കിട്ടുന്നത്. ഭൂമിയിലെ ഒരു
പാട് പറവകൾക്കും ജീവി
കൾക്കും അതുകൊണ്ട് പ്രയോജ
നം ലഭിക്കുന്നുണ്ടല്ലോ. മരം വെ
ക്കുന്ന ഓരോ മനുഷ്യരും എത്ര
വലിയ പുണ്യമാണ് ചെയ്യുന്നത്.
ഹിന്ദുവും മുസൽമാനും ക്രിസ്
ത്യാനിയും മരത്തെ നട്ടുപരിപാ
ലിച്ചാൽ അത് ജാതിമതഭേദ
മന്യേ വളർന്ന് വരുക തന്നെ ചെ
യ്യും. മനുഷ്യരല്ലെ ജാതിയും മ
തവും നോക്കുന്നത്. സ്വാർത്ഥരാ
യ മനുഷ്യർക്കാണോ ദൈവം
വിശേഷ ബുദ്ധി എന്ന സംഗതി
കൊടുത്തതെന്നെനിക്ക് തോന്നി
പ്പോയി. എങ്കിലും ഒന്ന് പറയാതി
രിക്കാൻ വയ്യ. ഇന്നും കുറച്ച് നല്ല
മനസ്സുള്ളവരും ഉണ്ട്. അവർക്ക്
ഞങ്ങളുടെ വർഗത്തിന്റെ ഗുണ
ങ്ങൾ നന്നായി അറിയാം. ചിലർ
ക്ക് വീണ്ടു വിചാരവും വരു
ന്നുണ്ട്. അങ്ങനെയുള്ളവർ അ
ത്യാവശ്യ ഘട്ടങ്ങളിൽ ഞങ്ങളെ
മുറിച്ച് മാറ്റിയാൽ അതിനുപകര
മായി എന്റെ വർഗത്തെ വെച്ചുപി
ടിപ്പിക്കാറുണ്ട്. അവർക്കെങ്കിലും
ഞങ്ങളുടെ മഹത്വം അറിയുന്നു
ണ്ടല്ലോ എന്നോർക്കുമ്പോഴാണ്
ആശ്വാസം. മരങ്ങൾ നട്ടുവളർ
ത്തുന്ന നല്ലവരായ മനുഷ്യരെ
ദൈവം അനുഗ്രഹിക്കട്ടെ അതി
നു വേണ്ടി ഞാൻ മൂകമായ് പ്രാർ
ത്ഥിക്കാം. ●

## കനകം – ടെയ്‌ലർ




ഞാന് പ്പൊ പതിമൂന്ന് വർഷം
പോല്യായി. ഒരെട്ട്മണ്യാവുമ്പൊ
എണീക്കും. ജോലിയൊക്കെ നല്ല
സുഖണ്ട്, കൊഴപ്പൊന്നുല്ല്യ. മോളെ
സ്കൂളിൽ പോവാന്ള്ള ഭക്ഷണൊ
ക്കെ ണ്ടാക്കണം.

**ന്റെ മോള് പഠിക്കാനൊക്കെ നല്ല മിട്ക്ക്യാണ്. അഞ്ചി ലാണ്. സംസ്കൃതാണ് ഇഷ്ടള്ള വിഷയം. സ്കൂളിന്റെ മുന്നില് ഓളെ ഫോട്ടോ ഒക്കണ്ട്.**






ഡോ.ജാൻസി ജോസ്


# വാസ്തവം

എന്തൊക്കെയാണ് നമുക്ക് ഭാവിയിൽ അനുഭവിക്കാനുള്ളത് എന്ന ഒരു ധാരണ ഇപ്പോൾ തന്നെ കിട്ടിക്കഴിഞ്ഞു. തമ്മിൽത്തല്ലും തൊഴുത്തിൽക്കുത്തും ഉൾപ്പോരും പിൻവാതിൽ സന്ധികൾ – സമാസങ്ങൾ, ചെളി വാരിയെറിയൽ പഴിചാരലും മറപ്പിക്കലും മറയ്ക്കലും എല്ലാം കൊണ്ട് പ്രശ്നപൂരിതമായ ഒരന്തരീക്ഷത്തിൽ ഇനിയങ്ങോട്ട് എന്തനുഭവിക്കേണ്ടി വരും എന്ന ചിന്തയൊന്നും ഈയുള്ളവളെ അലട്ടുന്നില്ല. ആരു ജയിച്ചാലും ഞങ്ങൾക്ക് രാപ്പകലുകളും നിരത്തുകളും വീടും ഓഫീസും പൊതുവിടങ്ങളുമൊക്കെ സ്വന്തമായി കിട്ടണം. മുക്തസറിൽ നടന്നതുപോലെ (ദളിത് യുവതിയെ പട്ടാപ്പകൽ ഓഫീസിൽ നിന്നു പിടിച്ചിറക്കി ബലാത്സംഗം ചെയ്തത്) ആണിനു മുട്ടുമ്പോൾ പിടിച്ചിറക്കി കശാപ്പു ചെയ്യാനുള്ളതല്ല പെണ്ണ് എന്ന് ഓർമ്മ വേണം. അധികം വികസനം ഒന്നും വേണ്ട. രണ്ടുനേരം കഞ്ഞി കുടിച്ച് സ്വൈര്യമായി കിടന്നുറങ്ങണം. ഉറങ്ങുന്ന സമയത്ത് അടുത്തു കിടക്കുന്ന മകളെ പിടിച്ചു കൊണ്ടുപോയി പീഡിപ്പിക്കരുത്. ആണിനേയും പെണ്ണിനെയും വേർതിരിച്ച് ആയിരിക്കരുത് കുറ്റം ചാർത്തൽ. 9000 കോടി മുക്കിയ വിജയമല്യക്ക് 200 ഏക്കർ കൊടുത്തതു പോലെ കിടപ്പാടമില്ലാത്തവർക്ക് 3 സെന്റെങ്കിലും കൊടുക്കണം. ബലാത്സംഗക്കേസിൽ ജയിലിലായ സന്തോഷ് മാധവന് 100 ഏക്കർ ചാർത്തിക്കൊടുത്ത് ആദരിച്ചതു പോലെ കൃഷി ചെയ്ത് ജീവിക്കുന്ന ആളുകൾക്കും അര ഏക്കർ വീതമെങ്കിലും കൊടുക്കാം. കൂമ്പു നോക്കി ജനത്തിന് അടി കൊടുക്കുന്നതിനു പകരം ജനങ്ങളുടെ മനസ്സിൽ ഇടംപിടിക്കുന്ന ജനസേവനം (ചെയ്താൽ ജയിലിൽ പോവും) ചെയ്യുക. കായൽ, കടൽ, വയൽ, കുന്ന് ഇവയൊക്കെ ഇവയായി നിൽക്കാൻ അനുവദിക്കുക. പെണ്ണിന്റെ സ്വാതന്ത്ര്യത്തെ ചൊല്ലി ഉറക്കം കെടുത്തുന്നവരെ ജയിലിലടക്കുക, ഇത്രയൊക്കെയേ കുറഞ്ഞതോതിലെങ്കിലും ഞങ്ങൾ പ്രതീക്ഷിക്കുന്നുള്ളൂ.

പെണ്ണുങ്ങൾ മത്സരാർത്ഥികൾ ആവുന്നതു കേട്ടാൽ പോലും വെറളി പിടിക്കുന്ന പുരുഷാധിപത്യ ചട്ടക്കൂടാണ് ഇന്നിവിടെയുള്ളത്.'ഞങ്ങളിപ്പോൾ മത്സരിക്കാൻ ആഗ്രഹിക്കുന്നില്ല' എന്ന് കരഞ്ഞു പറയുന്നവരായി പെണ്ണുങ്ങളെ മെരുക്കിയെടുക്കുന്ന മതരാഷ്ട്രീയ കോമരങ്ങൾ ഭരണത്തിൽ വന്നാൽ പെണ്ണെങ്ങനെ അഭിമാനബോധത്തോടെ ജീവിക്കും. പേരിനു പോലും പെണ്ണിന്റെ പേരു വെക്കാൻ മടിക്കുന്ന രാഷ്ട്രീയകോമരങ്ങൾ നില്ക്കുമ്പോൾ എന്നെപ്പോലെയുള്ളവർക്ക് വോട്ട് നോട്ടക്ക് എന്ന മുദ്രാവാക്യം ഉയർത്തേണ്ടി വരുന്നു. 140 മണ്ഡലങ്ങളിൽ പകുതിസ്ഥാനത്തും സ്ത്രീകളെ നിർത്താൻ തയ്യാറാവണം രാഷ്ട്രീയപാർട്ടികൾ എന്നതാണ് എന്നേപ്പോലെയുള്ളവർ മുന്നോട്ട് വെക്കുന്നത്.

ഓരോ സ്ഥാനത്തിരിക്കുന്നവർക്കും അവരവരുടെ ജോലി ചെയ്യാൻ ഉത്തരവാദിത്തമുള്ളതു പോലെ സ്വാതന്ത്ര്യവും ഉണ്ടായിരിക്കണം. ആ സ്വാതന്ത്ര്യം ഉപയോഗിക്കാൻ പറ്റിയിരുന്നെങ്കിൽ പരവൂർ വെടിക്കെട്ടു ദുരന്തം ഉണ്ടാവില്ലായിരുന്നു. 'വിളിപ്പുറത്ത് മുഖ്യമന്ത്രി' ഉണ്ടായിട്ടും എന്തേ വിളികേട്ടില്ല എന്നൊരു സംശയവും ഈയുള്ളവൾക്കുണ്ട്. രാഷ്ട്രീയക്കാരുടെ കാര്യം പറഞ്ഞതു പോലെയാണ് മതനേതാക്കന്മാരും. വെടിപൊട്ടിക്കുന്നത് മേലാളരും ചാവുന്നത് പാവങ്ങളും. എത്ര അഹങ്കാരത്തോടെയാണ് തൃശൂർപൂരത്തിനും കരിയും കരിമരുന്നും പ്രയോഗിച്ചത്. അല്ലെങ്കിൽ പോട്ടെ, ഒരു കാര്യം ചെയ്യാം. ഇത്തരത്തിലുള്ള മത്സരകമ്പക്കെട്ടുകളിൽ പള്ളി/അമ്പല കമ്മിറ്റികളെ മുന്നിൽ നിർത്തുക. മരുന്ന് ഡോസ് കൂട്ടി നിർമ്മിച്ചവരേയും അതിന്റെ പിന്നിൽ നിർത്താം. ഇങ്ങനെ വെടിക്കെട്ടു നടത്തിയാൽ എല്ലാം ശുഭമായി. ●




പുസ്തകയാത്രകൾ



എം.ഡി.രാധിക

# സർഗജീവിതത്തിന്റെ പുനർവായന

**സർഗ്ഗാത്മകത മനുഷ്യന് സഹജമത്രെ. സ്വന്തം കഴിവുകൾ പുറത്തെടുക്കുമ്പോൾ മാത്രമാണ് ഒരാൾ ജീവിതത്തിൽ യഥാർത്ഥസന്തുഷ്ടി അനുഭവിക്കുന്നത്**

സർഗാത്മകതയെക്കുറിച്ച് അപൂർവ്വവും പ്രസാദാത്മകവുമായ ഒരുപാട് ഉൾക്കാഴ്ചകൾ വായനക്കാർക്ക് സമ്മാനിക്കുന്ന കൃതിയാണ് എലിസബത്ത് ഗിൽബേർട്ടിന്റെ 'ബിഗ് മാജിക്'. ലളിതമായ ശൈലിയിൽ പ്രായോഗികബുദ്ധിയോടെ അവർ വിഷയം അവതരിപ്പിക്കുന്നു. സർഗാത്മകതയുടെ പെൺകാഴ്ച എന്നീ പുസ്തകത്തെ വിശേഷിപ്പിക്കാമെന്നു തോന്നുന്നു. കാരണം, പുരുഷന്മാരുടെ ഈ വിഷയത്തിലുള്ള പല നിരീക്ഷണങ്ങളേയും എഴുത്തുകാരി ഖണ്ഡിക്കുന്നുണ്ട്.

സർഗ്ഗാത്മകത മനുഷ്യന് സഹജമത്രെ. സ്വന്തം കഴിവുകൾ പുറത്തെടുക്കുമ്പോൾ മാത്രമാണ് ഒരാൾ ജീവിതത്തിൽ യഥാർത്ഥ സന്തുഷ്ടി അനുഭവിക്കുന്നത്. അതിനു കഴിയാത്ത മനസ്സ് നശീകരണപ്രവൃത്തികളിലേക്കും ഭ്രാന്തിലേക്കും ഒക്കെ നീങ്ങിയേക്കാം. ഭൂമിയിലെ നമ്മുടെയൊക്കെ ഹ്രസ്വജീവിതത്തെ ഏറ്റവും സുന്ദരമാക്കുന്നത് ആത്മാവിഷ്ക്കാരമാണ്.

ആശയങ്ങൾക്ക് സ്വന്തമായി ഒരു നിലനില്പുണ്ടെന്ന് വിശ്വസിക്കാനാണ് ഗിൽബേർട്ടിന് ഇഷ്ടം. അവ തങ്ങൾക്ക് രൂപം നൽകാൻ കെല്പുള്ള മനുഷ്യരെ തേടിക്കൊണ്ടേയിരിക്കുന്നു. നിങ്ങളതിനു തയ്യാറല്ലെങ്കിൽ അവ മറ്റുള്ളവരെ അന്വേഷിച്ചു പോകും. നിങ്ങളെഴുതേണ്ട നോവലോ കവിതയോ മറ്റൊരാളിൽക്കൂടി അവതരിക്കും. ഇത്തരം അനുഭവങ്ങൾ പലർക്കും ഉണ്ടാവുമല്ലോ.

കലയുടെ രക്തസാക്ഷിയായി കലാകാരനെ കാണാനാണ് സർഗാത്മകതയുടെ പുരുഷഭാഷ്യങ്ങൾ എന്നും ശ്രമിച്ചിട്ടുള്ളത്. അയാൾ കുടിയനും ചൂതുകളിക്കാരനും സ്ത്രീലമ്പടനും കുടുംബം നോക്കാത്തവനും അകാലത്തിൽ ആരോഗ്യം തകർന്ന് മരിക്കുന്നവനും ഒക്കെയാകുന്നു. ഇതിന്റെ മുഴുവൻ ഉത്തരവാദിത്വവും പാവം കലയുടെ തലയിലും. എന്നാൽ ഇത്തരമൊരു പീഡാനുഭവമായല്ല ഗിൽബേർട്ട് സർഗപരതയെ കാണുന്നത്. ആകെ ചിന്നിച്ചിതറിയ ഒരു മനുഷ്യനിൽ നിന്ന് നല്ല കല ഉണ്ടാകും എന്നവർ കരുതുന്നില്ല. യാതന നമ്മെ

നമ്മിലേക്കു തന്നെ വല്ലാതെ ചുരുക്കുകയാണ് ചെയ്യുക. എന്റെ ചെകുത്താന്മാർ എന്നെ വിട്ടുപോയാൽ എന്റെ മാലാഖമാരും എന്നെ കയ്യൊഴിയും എന്നുപറഞ്ഞ കവിറിൽക്കേയോട് (Rilke) അവർ പൂർണ്ണമായും വിയോജിക്കുന്നു. വൈകല്യങ്ങളെ ഇങ്ങനെ ആഘോഷിക്കരുത്. പീഡാനുഭവങ്ങളുടെ ഇത്തരം മഹത്വവൽക്കരണത്തിൽ ത്യാഗത്തിൽ ഏറെ ഊന്നുന്ന ക്രിസ്തുമതവും ജർമൻ കാല്പനികതയുമൊക്കെ പങ്കുവഹിച്ചിട്ടില്ലെ എന്നവർ സംശയിക്കുന്നു.

ശരിക്കു പറഞ്ഞാൽ, സർഗ്ഗാത്മകതക്കുവേണ്ടി ഒരു നല്ല ജീവിതം നയിക്കാൻ നമ്മൾ തയ്യാറാവുകയാണ് വേണ്ടത്. സാമ്പത്തികസുരക്ഷിതത്വം, ആരോഗ്യം, മനസ്സിന്റെ എല്ലാതരം അല്ലലിൽ നിന്നുമുള്ള വിടുതി എല്ലാം അതിന്റെ ഭാഗമാണ്. കലയെ ഒരു ജീവിതമാർഗമായി കാണാതിരിക്കുന്നതാണ് നല്ലത്. അത് അനാവശ്യമായ ഒത്തുതീർപ്പുകളിലേക്ക് നമ്മെ നയിക്കും. മറ്റ് ഒരുപാട് ചെറുജോലികൾ ചെയ്താണ് താൻ എഴുത്തിനുള്ള സാഹചര്യം ഉണ്ടാക്കിയെടുക്കാറ് എന്നവർ പറയുന്നു. എന്നെയും നിന്നെയും പോറ്റാനുള്ള സമ്പത്ത് ഞാൻ മറ്റു തരത്തിൽ ഉണ്ടാക്കും എന്ന് തന്റെ എഴുത്തുജീവിതത്തിനു താൻ വാക്കു കൊടുത്തിരുന്നു എന്നും.

ആത്മപ്രകാശനത്തിന് പലപ്പോഴും വിലങ്ങുതടിയാവുന്നത് നമ്മുടെ പലതരം പേടികളാണ്: എനിക്ക് അത്രക്ക് കഴിവൊന്നുമില്ല; ഞാൻ വിമർശിക്കപ്പെടും; എന്റെ സൃഷ്ടിക്ക് വിപണിയിൽ ഒരു ചലനവും ഉണ്ടാക്കാനാവില്ല; അതിന് രാഷ്ട്രീയപരമോ കലാപരമോ വൈകാരികമോ ആയ ഒരു മൂല്യവും കാണില്ല; അത് വെളിച്ചപ്പെടുന്നത് എന്റെ കുടുംബത്തിന് ചീത്തപ്പേരുണ്ടാക്കും; എനിക്ക് വയസ്സായി, എന്നിൽ നിന്നും പുതുമയുള്ളതൊന്നും ഇനി ഉണ്ടാവില്ല എന്നിങ്ങനെ നാം നമ്മെത്തന്നെ



**എലിസബത്ത് ഗിൽബർട്ട്**

നിരുത്സാഹപ്പെടുത്തിക്കൊണ്ടിരിക്കുന്നു. ധൈര്യമുള്ളവർക്കു മാത്രം പറഞ്ഞിട്ടുള്ളതാണ് സർഗജീവിതം എന്ന് എലിസബത്ത് ഗിൽബേർട്ട് അടിവരയിടുന്നു. അതിനെ നയിക്കുന്നത് ഭയമല്ല, ജിജ്ഞാസയാണ്. അത് നമ്മെ ജീവസ്സുറ്റവരാക്കുന്നു. മറ്റൊരു തരത്തിലും കൈവരിക്കാനാവാത്ത ഒരു സൗന്ദര്യം, ഒരു അധികമാനം അത്. നമ്മുടെ ജീവിതത്തിനു നൽകുന്നു. ജീവിതത്തെ വികസനോന്മുഖമാക്കുന്നു.

എഴുതുന്നതെല്ലാം പ്ലേറ്റോയുടെ 'റിപ്പബ്ലിക്' ആവില്ല എന്ന് സ്വയം സമാശ്വസിപ്പിച്ചുകൊണ്ടാണ് 'മാർക്കസു ഒറേലിയസു' (Marcus Aurelius) എന്ന റോമൻ ചക്രവർത്തി തന്റെ ധ്യാനക്കുറിപ്പുകൾ (Meditations)എഴുതി തുടങ്ങിയത്. അത് എല്ലാം തികഞ്ഞതാവണം, ഇല്ലെങ്കിൽ ഞാനെഴുതില്ല എന്ന് വാശിപിടിക്കുന്നവരുണ്ട്. ഈ പെർഫക്ഷനിസം (perfectionism) നമ്മെ എങ്ങുമെത്തിക്കില്ല. എഴുതിത്തുടങ്ങുമ്പോൾത്തന്നെ മഹത്തായ കവിത ഉരുവാകില്ല. പ്രശസ്തകവി ഷേമസ് ഹീനി (Seamus Heaney) പറഞ്ഞ പോലെ, കിണറ്റിലേക്ക് നിങ്ങൾ ആഴ്ത്തുന്ന ബക്കറ്റ് പലവട്ടം വെള്ളം തൊടാതെ തിരിച്ചുവരും. എന്നാലും ശ്രമം തുടരുക. ഒരുനാൾ അത് ജലസ്പർശമറിയും. കോരിയെടുക്കും. സാദ്ധ്യമായത് ചെയ്യുകയാണ് വേണ്ടത്. ചെയ്യാൻ ഉൾവിളിയുള്ളത് യാതൊരു കാരണവശാലും ചെയ്യാതിരിക്കരുത്.
ഒന്നും വിമർശനത്തിന് അതീതമല്ലെന്നറിയുക. ബെയ്ഥോവന്റെ മഹത്തായ സിംഫണികൾ പോലും വിമർശിക്കപ്പെട്ടിട്ടുണ്ട്. 'റ്റു കിൽ എ മോക്കിംഗ് ബേർഡ്' (To Kill a Mocking Bird) എന്ന പ്രശസ്തനോവലിനു ശേഷം ഹാർപർ ലീ ഒന്നുമെഴുതിയില്ല ഏറെക്കാലം. 'എനിക്കു പേടിയാണ്' അവർ പറഞ്ഞു. 'ഏറ്റവും ഉയരത്തിൽ എത്തിക്കഴിഞ്ഞാൽ പിന്നെ നിങ്ങൾക്കു മുന്നിലുള്ളത് ഇറക്കം മാത്രം.' അവർക്ക് എന്തെങ്കിലുമൊക്കെ വീണ്ടും എഴുതാമായിരുന്നു എന്ന് എലിസബത്ത് ഗിൽബേർട്ട്. ബാലസാഹിത്യമോ, ഒരു സാധാരണ പ്രണയകഥയോ, ഒന്നുമല്ലെങ്കിൽ ഒരു പാചകപുസ്തകമെങ്കിലും. അ

തവർക്ക് തുടരാനുള്ള ഊർജ്ജം നൽകുമായിരുന്നു. പ്രചോദനത്തിനു വേണ്ടി കാത്തിരിക്കരുത്. അത് വന്നെങ്കിൽ വന്നു. പ്രവൃത്തി തുടരുക എന്നതാണ് പ്രധാനം. ആവശ്യത്തിലധികം ഗൗരവത്തോടെ സർഗവൃത്തിയെ കാണരുത്. അത് ഒരു ലീലയായിരിക്കട്ടെ.

ജയപരാജയങ്ങളെക്കുറിച്ചുള്ള ഉൽക്കണ്ഠ പലപ്പോഴും നമ്മെ പിന്തിരിപ്പിക്കുന്നു. എന്നാൽ സൃഷ്ടികർമ്മം അതിന്റെ തന്നെ പ്രതിഫലമത്രെ. അത് ഭാവനക്കു ചിറകു നൽകുന്നു. അങ്ങനെ ജീവിതത്തെ മാറ്റിത്തീർക്കുന്നു. ഫലത്തെക്കുറിച്ച് വേവലാതിപ്പെടാതെ നിങ്ങളുടെ സർഗപരതയുമായി ഗാഢപ്രണയത്തിലാവുക. പല വാരികകളും മാസികകളും പല തവണ തന്റെ രചനകൾ തിരസ്കരിക്കുകയുണ്ടായി എന്ന് ഗിൽബേർട്ട് പറയുന്നു. എന്നിട്ടും തന്റെ ജീവിതം എഴുത്തിനു സമർപ്പിക്കാനുള്ള തന്റെ തീരുമാനത്തിൽ നിന്നും താൻ കടുകിട വ്യതിചലിച്ചില്ല.

മറ്റുള്ളവർ നിങ്ങളെ ഒരു ജീനിയസ് എന്നോ അല്ലെങ്കിൽ ഒരു തട്ടിപ്പുകാരി എന്നോ ഒക്കെ വിളിച്ചേക്കാം. അവർക്ക് പറയാനുള്ള സ്വാതന്ത്ര്യമുണ്ട് എന്നോർക്കണം. അതേ സമയം അത് ശ്രദ്ധിക്കാതിരിക്കാനുള്ള സ്വാതന്ത്ര്യം നിങ്ങൾക്കുമുണ്ട്. ആരും ആഗ്രഹിച്ചില്ലെങ്കിലും മനസ്സിലാക്കിയില്ലെങ്കിലും നിങ്ങൾക്ക് ചെയ്യാനുള്ളത് ചെയ്തുകൊണ്ടേയിരിക്കുക. തോൽക്കുമ്പോൾ വേദനിക്കുന്നത് നിങ്ങളുടെ അഹം (ego) മാത്രമാണ്. ഈ അഹമാണ് ബുദ്ധമതം പറയുന്ന നമ്മുടെയൊക്കെയുള്ളിലുള്ള എപ്പോഴും വിശന്നു നിലവിളിക്കുന്ന ആ പിശാച്. എന്നാൽ നിങ്ങൾ ഒരു ആത്മാവും കൂടിയാണ്. ആത്മാവ് മുന്നോട്ടു പോവുന്നത് അഭിനന്ദനം സ്വപ്നം കണ്ടോ വിമർശം പേടിച്ചോ അല്ല. അതിനു വേണ്ടത് അത്ഭുതം (wonder) എന്ന അനുഭൂതി മാത്രം.

ഇടക്ക് നിങ്ങളുടെ കലയിൽ തടസ്സം നേരിടുമ്പോൾ മറ്റൊരു കല പരീക്ഷിച്ചു നോക്കുക. ഒരിക്കൽ ഒരു പുസ്തകരചനയിൽ ഒഴുക്കു നിലച്ചപ്പോൾ, കുറച്ചു കാലം ഒരു ചിത്രകലാക്ലാസ്സിൽ പോയ കാര്യം അവർ പറയുന്നു. അത് ഉള്ളിൽ സർഗാത്മകതയുടെ മറ്റൊരു ചാൽ കീറിത്തന്നതും. ഐൻസ്റ്റൈൻ ഈ സൂത്രത്തെ 'combination play' എന്നാണ് വിളിച്ചിരുന്നത്. ഗണിതത്തിലെ ഏതെങ്കിലും കീറാമുട്ടിയുമായി മല്ലിടേണ്ടി വരുമ്പോൾ അദ്ദേഹം വയലിൻവായനയിലേക്കു തിരിയുമായിരുന്നു. ഏതു ചെറുചലനവും നിങ്ങളെ നിശ്ചലതയുടെ നരകത്തിൽ നിന്ന് മുക്തരാക്കും എന്നതാണ് ഇവിടുത്തെ പാഠം.

ജീവിതം നിങ്ങൾക്ക് യഥാർത്ഥത്തിൽ ഇഷ്ടമുള്ളതെന്തോ അത് ചെയ്യാൻ വേണ്ടിയുള്ളതാണ്. അതിന് ആരോടും മാപ്പു ചോദിക്കേണ്ടതില്ല. അതിനെയോർത്ത് ലജ്ജിക്കേണ്ടതില്ല. അതിനെപ്പറ്റി ആർക്കും ഒരു വിശദീകരണവും നൽകേണ്ടതുമില്ല. സ്വന്തമായൊരു സ്വരത്തിനും ദർശനത്തിനും ഈ ഭൂമിയിൽ വരാനനുവദിക്കപ്പെട്ടു എന്നതിനാൽ തന്നെ നിങ്ങൾക്ക് എല്ലാ അവകാശവുമുണ്ട്. അതുകൊണ്ട് നിവർന്ന് നിന്ന് ലോകത്തോട് വിളിച്ചു പറയുക. 'ഞാനൊരു എഴുത്തുകാരിയാണ്, ഞാനൊരു ഗായികയാണ്, ഞാനൊരു നടിയാണ്' എന്ന്.

*പുസ്തകത്തിൽ നിന്ന്*

'പ്രപഞ്ചം നമ്മുടെയൊക്കെയുള്ളിൽ ചില അപൂർവ്വനിധികൾ ആഴത്തിൽ കുഴിച്ചിടുന്നു. എന്നിട്ട് മാറി നിന്ന് നമ്മളവ കണ്ടെത്തുന്നുണ്ടോ എന്ന് ഉറ്റുനോക്കുന്നു.' ●

പുസ്തകം :Big Magic
എഴുത്തുകാരി:Elizabeth Gilbert
പ്രസാധകർ: Bloomsbury, New Delhi
വർഷം : 2015

# ആദരാഞ്ജലികൾ



## വീണു പലിവാൾ

ഇന്ത്യയിലെ പ്രശസ്തയായ ബൈക്കർ വീണു പലിവാൾ മദ്ധ്യപ്രദേശിലുണ്ടായ റോഡപകടത്തിൽ മരണമടഞ്ഞു. സ്ത്രീകൾ അധികം കടന്നു ചെല്ലാത്ത ഈ സാഹസിക മേഖല തന്റെ ജീവിതാഭിനിവേശമാക്കിക്കുറിച്ച വീണു തന്റെ ആത്മാവിഷ്ക്കാരങ്ങളിലൂടെ സ്ത്രീജീവിതങ്ങളെ മാറ്റിക്കുറിക്കാനുള്ള മാതൃകയായി.

ശാസ്ത്രം

# 2016 പയറുവർഗ്ഗങ്ങളുടെ വർഷം



സീമ ശ്രീലയം


പയറുവർഗ്ഗങ്ങളുടെ പോഷകമൂല്ല്യത്തെക്കുറിച്ച് മലയാളികളെ ആരും പഠിപ്പിക്കേണ്ട കാര്യമില്ല. പണ്ടു പണ്ടേ നമ്മുടെ ഭക്ഷണശീലങ്ങളുടെ ഭാഗമാണവ. പയറുവർഗ്ഗങ്ങളുടെ പ്രാധാന്യത്തെക്കുറിച്ച് ലോകമെങ്ങും അവബോധമുണ്ടാക്കാനായി 2016 അന്താരാഷ്ട്ര പയറുവർഗ്ഗ വർഷമായി ( International Year of Pulses ) പ്രഖ്യാപിച്ചിരിക്കുകയാണ് ഐക്യരാഷ്ട്രസഭ. സുസ്ഥിരഭാവിക്ക് പോഷകമൂല്ല്യമുള്ള വിത്ത് എന്നതാണ് വർഷാചരണ മുദ്രാവാക്യം. നമ്മുടെ ആഹാരശീലങ്ങളിൽ അവശ്യപോഷണത്തിനു പ്രോട്ടീൻ കലവറയായ പയറുവർഗ്ഗങ്ങൾ ഉൾപ്പെടുത്തുക, പയറുവർഗ്ഗങ്ങളുടെ നാശം തടയുക, വിളവ് കൂട്ടുക, ഈ രംഗത്തെ ഗവേഷണങ്ങൾ ഊർജിതപ്പെടുത്തുക, സുസ്ഥിര ഉല്പാദനത്തിലൂടെ ഭക്ഷ്യക്ഷാമവും പോഷകക്കുറവും പരിഹരിക്കാൻ പയറുവർഗ്ഗങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുക , പയറുവർഗ്ഗങ്ങളുടെ ഇടവിളക്കൃഷി പ്രോൽസാഹിപ്പിക്കുക , അന്താരാഷ്ട്ര വ്യാപാരത്തിലെ വെല്ലുവിളികൾ നേരിടുക എന്നിവയൊക്കെ വർഷാചരണ ലക്ഷ്യങ്ങളാണ്. യു.എന്നിന്റെ ഭക്ഷ്യകാർഷിക സംഘടനയാണ് വർഷാചരണത്തിനു നേതൃത്വം നൽകുന്നത്.

ലെഗുമിനോസെ കുടുംബത്തിൽ നൂറുകണക്കിന് പയറുവർഗ്ഗങ്ങളുണ്ടെങ്കിലും ഉണങ്ങിയ വിത്തിന്റെ രൂപത്തിൽ വിളവെടുക്കപ്പെടുന്നതും ഉയർന്ന തോതിൽ പ്രോട്ടീനും നാരുകളും അടങ്ങിയിട്ടുള്ളതുമായ പയറുവർഗ്ഗങ്ങളെയാണ് പയറുവർഗ്ഗ വർഷം ഫോക്കസ് ചെയ്യുന്നത്.നമുക്കു പരിചിതമായ ചെറുപയർ, വൻപയർ,

മുതിര, ഉഴുന്ന്, അമരപ്പയർ, തുവരപ്പയർ, അച്ചിങ്ങപ്പയർ എന്നിവയൊക്കെ ഇക്കൂട്ടത്തിൽപ്പെടും. പൊണ്ണത്തടിയടക്കമുള്ള ആരോഗ്യപ്രശ്നങ്ങളും അനേകം രോഗങ്ങളും നമുക്കു സമ്മാനിക്കുന്ന ഫാസ്റ്റ്ഫുഡ്, പായ്ക്കറ്റ് ഫുഡ് സംസ്ക്കാരത്തിനു പകരം പോഷകമൂല്ല്യമുള്ള പയറുവർഗ്ഗങ്ങൾ നമ്മുടെ ഭക്ഷണശീലങ്ങളിൽ ഉൾപ്പെടുത്തുന്നതിലൂടെ പല രോഗങ്ങളും ഒഴിവാക്കാൻ കഴിയുമെന്ന് ലോകാരോഗ്യസംഘടന പോലും ചൂണ്ടിക്കാണിച്ചിട്ടുണ്ട്. മുളപ്പിച്ച പയറുവർഗ്ഗങ്ങൾ പോഷകങ്ങളുടെ കലവറ തന്നെയാണ്. ഗോതമ്പിൽ അടങ്ങിയിരിക്കുന്നതിന്റെ ഇരട്ടിയും അരിയിൽ അടങ്ങിയിരിക്കുന്നതിന്റെ മൂന്നുമടങ്ങും പ്രോട്ടീൻ അടങ്ങിയിട്ടുണ്ട് പയറിൽ. പ്രോട്ടീനു പുറമെ ഇരുമ്പ്, ഫോസ്ഫറസ്, മഗ്നീഷ്യം, സിങ്ക്, പൊട്ടാസ്യം തുടങ്ങിയവയാലും വൈറ്റമിൻ ബി കോംപ്ലക്സുകളാലും സമ്പന്നമാണ് പയറുവർഗ്ഗങ്ങൾ. പയറിൽ ഇരുമ്പും സിങ്കും ആവശ്യത്തിനുള്ളതു കൊണ്ട് അനീമിയ ബാധിച്ച സ്ത്രീകൾക്കും കുട്ടികൾക്കും അനുയോജ്യമാണിത്. കാൻസർ , ഹൃദ്രോഗം, പ്രമേഹം, പൊണ്ണത്തടി എന്നിവയുടെ സാധ്യത കുറയ്ക്കാനും പയറുവർഗ്ഗങ്ങൾ കഴിക്കുന്നതിലൂടെ സാധിക്കുമെന്ന് പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്.

ഉണങ്ങിയ വിത്തിന്റെ രൂപത്തിലായതുകൊണ്ടു തന്നെ പോഷകമൂല്ല്യം നഷ്ടമാവാതെ ഏറെ നാൾ സൂക്ഷിച്ചുവയ്ക്കാം എന്ന മേന്മയുണ്ട് പയറുവർഗ്ഗങ്ങൾക്ക്. പയർ വിളവെടുത്തശേഷമുള്ള സസ്യഭാഗങ്ങൾ കാലിത്തീറ്റയായി ഉപയോഗിക്കുകയും ചെയ്യാം. മണ്ണിൽ ഇടവിളയായി കൃഷി ചെയ്യുന്ന പയറുവർഗ്ഗങ്ങൾ മണ്ണിന്റെ പോഷകമൂല്ല്യം വർധിപ്പിക്കും. ഇവയുടെ വേരുകളിൽ കാണപ്പെടുന്ന ബാക്റ്റീരിയകൾക്ക് അന്തരീക്ഷ നൈട്രജനെ നേരിട്ട് ആഗിരണം ചെയ്ത് മണ്ണിലെത്തിക്കാനുള്ള (നൈട്രജൻ സ്ഥിരീകരണം) കഴിവുണ്ട്. ഒപ്പം പയർ ചെടികൾ മണ്ണിൽ ഫോസ്ഫറസിന്റെ അളവും കൂട്ടും. മണ്ണൊലിപ്പ് തടയുകയും മണ്ണിന്റെ ജലസംഭരണശേഷി വർധിപ്പിക്കുകയും ചെയ്യും. മണ്ണിന്റെ രാസഘടന തന്നെ മാറ്റിമറിക്കുന്ന രാസവളങ്ങൾക്ക് നല്ലൊരു ബദലാണ് ഇടവിളപ്പയറു കൃഷിയെന്നു സാരം. രാസവളങ്ങളോടുള്ള ആശ്രയത്വം കുറയ്ക്കാൻ സഹായിക്കുന്നതിലൂടെ കാലാവസ്ഥാവ്യതിയാനങ്ങൾക്കെതിരെ പൊരുതാനും സഹായിക്കുന്നുണ്ട് പയർച്ചെടികൾ. ഇതെങ്ങനെ എന്നാണോ? രാസവളനിർമ്മാണത്തിനു ധാരാളം ഊർജം വേണം. നിർമ്മാണപ്രക്രിയകൾക്കിടെ ഹരിതഗൃഹവാതകമായ കാർബൺ ഡൈ ഓക്സൈഡ് അന്തരീക്ഷത്തിലേക്ക് ഉൽസർജിക്കപ്പെടുകയും ചെയ്യും. രാസവളങ്ങൾ പരമാവധി ഒഴിവാക്കിയാൽ ഇതൊക്കെ തടയാമല്ലോ. ആഗോളതാപനം ഭൂമിയെ ചുട്ടുപൊള്ളിക്കുമ്പോൾ എത്ര കടുത്ത ചൂടിനെയും അതിജീവിക്കാൻ കഴിവുള്ള പയറുവർഗ്ഗങ്ങൾ വികസിപ്പിച്ചെടുക്കാനുള്ള ശ്രമത്തിലാണ് ഇന്റർനാഷണൽ സെന്റർ ഫോർ ട്രോപ്പിക്കൽ അഗ്രിക്കൾച്ചറിലെ ഗവേഷകർ. ●

## കാർട്ടൂൺ




**മനുഷ്യന്റെ പരിണാമം... സ്ത്രീയുടേയോ?**



Printed, Published and Owned by K.Ajitha, Harithakam, Kozhikode-17
Editor : Sheeba K.M., Trishna, Ashramam Road, Kaladi-683574, EKM
Email : sanghadithacalicut@gmail.com, Printed at A-one Offset Prints, Ramanattukara


TRADERS
KL11
AS 815


ZAIN








Kalyan




PETROL









മിഥു ശ്രീനിവാസ്



സീമ കൃഷ്ണകുമാർ

# തൊഴിലാളിസ്ത്രീ : ഫോട്ടോ ഫീച്ചർ